## പതിനാറാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

2026 ഒക്ടോബർ 16, വെള്ളി

### നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--338]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 1418 മുതൽ 1479 വരെ |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി | : 1480 മുതൽ 1552 വരെ |
| കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി | : 1553 മുതൽ 1627 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 1628 മുതൽ 1712 വരെ |
| തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി | : 1713 മുതൽ 1755 വരെ |

### കേരഗ്രാമം പദ്ധതി

1418 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകൃഷിയും അനുബന്ധ വ്യവസായങ്ങളും മികച്ച രീതിയിൽ നടക്കുന്ന വളാഞ്ചേരി നഗരസഭയിൽ കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; 2026-27 വാർഷിക പദ്ധതിയിൽ വളാഞ്ചേരി നഗരസഭയെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### കാർഷിക ഉൽപന്നങ്ങൾ

1419 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനുമായി നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്ന സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

**<u>വെയർഹൗസിങ് കോർപ്പറേഷനിലെ എം.ഡി നിയമനം</u>**

1420 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. കെ. യു. ജനീഷ് കുമാർ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡിമാരെ നിയമിക്കുമ്പോൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാവീണ്യവും യോഗ്യതയുമുള്ളവരെ നിയമിക്കണമെന്ന് നിയമസഭാ സമിതിയുടെ നിർദ്ദേശം നിലവിലുണ്ടോ;

(ബി) വെയർഹൗസിങ് കോർപ്പറേഷൻ എം.ഡി. സ്ഥാനത്തേക്ക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന ഹൈക്കോടതി നിർദേശത്തെത്തുടർന്ന്, മുൻപ് ആ പദവിയിലിരുന്ന വ്യക്തിക്ക് സ്ഥാനം നഷ്ടമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം വ്യക്തമാക്കാമോ;

(സി) നിയമസഭാ സമിതിയുടെ ശിപാർശയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശവും മറികടന്ന് നിലവിൽ വെയർഹൗസിങ് കോർപ്പറേഷനിൽ പിൻവാതിൽ നിയമനം നടന്നതായി ആരോപിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) കോടതി നിർദേശങ്ങളും നിയമസഭാ സമിതി ശിപാർശകളും കർശനമായി പാലിച്ചുകൊണ്ട് മാത്രം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമനങ്ങൾ നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

**കുട്ടനാട്ടിൽ പുഞ്ചകൃഷിക്കാവശ്യമായ സൗകര്യം**

1421 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ പുഞ്ചകൃഷിയിറക്കേണ്ട സമയത്ത് കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് കൃഷിവകുപ്പ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുഞ്ചകൃഷിയ്ക്ക് ആവശ്യമായ കുമ്മായം/നീറ്റുകക്ക, വളം, വിത്ത് എന്നിവ ലഭ്യമാകാതെ കുട്ടനാട്ടിലെ കർഷകർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സാധനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ സഹകരണസംഘം വഴി നല്കുന്ന നീറ്റുകക്കയും ഡൊളമൈറ്റും തീരെ നിലവാരം കുറഞ്ഞതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നേരിട്ട് വാങ്ങുന്നതിനും സബ്സിഡി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കോൾ പാടശേഖരങ്ങളിൽ കുമ്മായം ലഭ്യമാക്കാൻ നടപടി**

1422 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ പാടശേഖരങ്ങളിലെ മണ്ണിലെ അമ്ലത കുറയ്ക്കുന്നതിനും ഉൽപ്പാദനക്ഷമത നിലനിർത്തുന്നതിനും ആവശ്യമായ കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണലൂർ നിയമസഭാ മണ്ഡലത്തിൽ നിലവിൽ കുമ്മായത്തിന്റെ ആവശ്യകത എത്രയാണെന്നും കർഷകർക്ക് വിതരണം ചെയ്യുന്നതിന് ലഭ്യമാക്കിയ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) കുമ്മായം ലഭിക്കുന്നതിൽ കാലതാമസമോ കുറവോ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ അളവിൽ ഗുണമേന്മയുള്ള കുമ്മായം കർഷകർക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) നെൽകൃഷി കർഷകർക്കാവശ്യമായ കുമ്മായ വിതരണത്തിനുള്ള അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**കാർഷിക സൗരോർജ്ജ പദ്ധതി**

1423 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യങ്ങൾക്ക് സൗജന്യ വൈദ്യുതി നൽകുന്നതിനായി ഓരോ വർഷവും ഗണ്യമായ തുക ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക പമ്പിംഗ് സംവിധാനങ്ങളിൽ സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കോൾ മേഖലയിലെ പാടശേഖര സമിതികളുടെ ഉടമസ്ഥതയിലുള്ളതോ നിയന്ത്രണത്തിലുള്ളതോ ആയ പമ്പ് സെറ്റുകൾ ഘട്ടം ഘട്ടമായി സോളാർ എനർജിയിലേക്ക് മാറ്റുന്നതിനുള്ള പൈലറ്റ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സൗരോർജ്ജ പമ്പിംഗ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതികൾ, കർഷക കൂട്ടായ്മകൾ, പാടശേഖര സമിതികൾ എന്നിവയുടെ സഹകരണത്തോടെ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ഇതിലൂടെ കാർഷിക വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനോടൊപ്പം പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം വർധിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സമഗ്ര കാർഷിക സൗരോർജ്ജ പദ്ധതി തയ്യാറാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**മണലൂർ കോൾകൃഷിയുടെ ജലനിയന്ത്രണവും സംരക്ഷണവും**

1424 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയമസഭാ മണ്ഡലത്തിലെ കോൾ കൃഷിയുടെ ജലനിയന്ത്രണത്തിനും സംരക്ഷണത്തിനും നിർണ്ണായകമായ കെ.എൽ.ഡി.സി. ഹൈലെവൽ കനാൽ സംവിധാനം നിലവിൽ പൂർണ്ണമായും വികസിപ്പിക്കപ്പെടാതെയും ചില ഭാഗങ്ങളിൽ അപൂർണ്ണമായും കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈലെവൽ കനാലിന്റെ നിലവിലെ സ്ഥിതിയും അപാകതകളും സംബന്ധിച്ച് സമഗ്രമായ സാങ്കേതിക പരിശോധന നടത്തിയിട്ടുണ്ടോ;

(സി) കനാലിന്റെ പുനരുദ്ധാരണം, നവീകരണം, ശേഷി വർധിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തി ഒരു സമഗ്ര മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതിയും ആവശ്യമായ സാമ്പത്തിക സഹായവും അനുവദിച്ച് പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഒൻപതിനായിരം ഏക്കറോളം വരുന്ന കോൾനെൽകൃഷിയുടെ ജലനിയന്ത്രണവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതിക്ക് മുൻഗണന നൽകുമോ; വ്യക്തമാക്കാമോ?

## <u>കർഷക പെൻഷൻ</u>

1425 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ; നിലവിൽ കർഷക പെൻഷൻ കുടിശ്ശിക ഉണ്ടോ; കർഷക പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടും അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഡിജിറ്റൽ സർവ്വേ കഴിഞ്ഞ പല സ്ഥലങ്ങളിലും കർഷകരുള്ള നികുതി അടക്കാൻ സാധിക്കാത്തതുമൂലം വിള ഇൻഷുറൻസ് ചെയ്യാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പഴയ നികുതി റസീപ്റ്റ് ഉപയോഗിച്ച് വിള ഇൻഷുറൻസ് ചെയ്യാൻ സാധിക്കുമോ; വിശദമാക്കാമോ;

(ഡി) നെൽകൃഷിയുടെ ഏരിയ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിൽ കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി എത്ര; വിശദമാക്കാമോ?

**കാർഷിക യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപണികൾ**

1426 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേനയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ എന്നിവ മുഖേനയോ വാങ്ങിയ കാർഷിക യന്ത്രോപകരണങ്ങളുടെ കണക്ക് വകുപ്പിന്റെ അധീനതയിൽ സൂക്ഷിക്കുന്നുണ്ടോ;

(ബി) പ്രസ്തുത യന്ത്രോപകരണങ്ങൾ അറ്റകുറ്റപണി നടത്തുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കോടിക്കണക്കിന് രൂപ മൂല്യം വരുന്ന ഉപകരണങ്ങൾ തകരാറിലായിട്ട് അറ്റകുറ്റപണികൾ നടത്തുവാൻ മതിയായ സംവിധാനങ്ങളില്ലാതെ വിവിധ ഓഫീസ് പരിസരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപണികൾ നടത്തുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിലോ താലൂക്ക് തലത്തിലോ "അഗ്രോ സർവീസ് ക്ലിനിക്കുകൾ" ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനുകൾ**

1427 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം എന്നീ പദ്ധതികളിലൂടെ കല്ല്യാശ്ശേരി മണ്ഡലത്തിലെ എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് അറിയിയ്ക്കാമോ;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കാൻ പദ്ധതിയുണ്ടോ; നിയോജകമണ്ഡലത്തിലെ

ഏതൊക്കെ കൃഷി ഭവനുകളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

**നെല്ല് -തേങ്ങ ഉത്പാദനം**

1428 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നെല്ല്, തേങ്ങ എന്നിവയുടെ ഉത്പ്പാദനം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇവ കൃഷി ചെയ്തിരുന്ന കൃഷിഭൂമിയുടെ വിസ്തീർണ്ണം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ പ്രസ്തുത കൃഷികൾക്കായി ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് വർഷം, ഇനം എന്നിവ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

**കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1429 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിൽ കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) വടകര നിയമസഭാ മണ്ഡലത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ നെൽകൃഷി, തെങ്ങ്, പച്ചക്കറി, വാഴ തുടങ്ങിയ പ്രധാന കാർഷിക മേഖലകളുടെ വികസനത്തിനായി പ്രത്യേക പദ്ധതികളോ ധനസഹായമോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്കീമുകൾ**

1430 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്കീമുകളെ കുറിച്ച് വിശദമാക്കാമോ;

(ബി) പ്രകൃതി ദുരന്തങ്ങൾ കാരണമോ, വന്യ മൃഗങ്ങളുടെ ആക്രമണം കാരണമോ കൃഷി നാശം വന്നവർക്കുള്ള നഷ്ടപരിഹാരം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കർഷകർക്ക് ആശ്വാസമായി ഇത്തരം നഷ്ടപരിഹാര തുക അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

## <u>1995-ലെ കാർഷിക തൊഴിൽ ദാന പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ</u>

1431 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-ൽ നടപ്പിലാക്കിയ കാർഷിക മേഖലയിലെ തൊഴിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രതിമാസ പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നുണ്ടോ; നിലവിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ അംശത്തിലെ എം. ശോഭന (അംഗത്വ നം. 88219) ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തോളമായി പെൻഷൻ കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഗുണഭോക്താക്കളുടെ അംഗത്വ കാർഡുകൾ കണ്ണൂർ ജില്ലാ കൃഷി ഓഫീസിൽ കെട്ടിക്കിടക്കുന്നത് കാരണം പെൻഷൻ ആനുകൂല്യങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2024 സെപ്റ്റംബറിൽ കൃഷി മന്ത്രിയുടെ ഉത്തരവുണ്ടായിട്ടും ജില്ലാ കൃഷി ഓഫീസിൽ നിന്നും ഈ കാർഡുകൾ തിരികെ വാങ്ങി നൽകാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം പരിഹരിച്ച് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും തടഞ്ഞുവെച്ചിട്ടുള്ള അംഗത്വ കാർഡുകൾ അടിയന്തരമായി

ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പച്ചക്കറി ഉത്പ്പാദനം സ്വയംപര്യാപ്തമാകാൻ കർമ്മ പദ്ധതി</u>**

1432 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ത്രിതല പഞ്ചായത്തുകളെയും സ്കൂൾ-കോളേജ് സ്ഥാപനങ്ങളെയും യുവജന ക്ലബുകളെയും സഹകരിപ്പിച്ച് വിപുലമായ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ ഉത്പ്പാദിപ്പിക്കുന്ന പച്ചക്കറികൾ വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ ഓരോ പഞ്ചായത്തിലും രണ്ടോ നാലോ സ്ഥിരം കച്ചവട കേന്ദ്രം വഴി വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പച്ചക്കറി ഉത്പ്പാദകർക്ക് പലിശരഹിത വായ്പകൾ നല്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കാർഷിക മേഖലയിലെ പദ്ധതികൾ</u>**

1433 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും കേരളസർക്കാരും നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, ഉദ്ദേശ്യം, നിർവഹണ ഏജൻസി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പുഞ്ചപ്പാടത്ത് രാമഞ്ചിറ തോടിൽ തടയണ നിർമ്മിക്കുന്നതും മണ്ണ് നീക്കുന്നതും

ഉൾപ്പെടെയുള്ള പ്രവൃർത്തികൾ നടത്തണമെന്നുള്ള നിർദേശത്തിൻമേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) പഴം, പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക കാർഷിക വിളകളെ കയറ്റി അയക്കുന്നതിനും സ്വദേശ വിപണിയിൽ സജീവമാക്കുന്നതിനും നിലവിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്നും പുതിയ പദ്ധതികൾ ആരംഭിക്കുമോയെന്നും വ്യക്തമാക്കുമോ;

(ഇ) കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## കൃഷി വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

1434 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര രൂപയുടെ കേന്ദ്രഫണ്ടാണ് വിനിയോഗിച്ചതെന്നും വ്യക്തമാക്കുമോ?

## നഗരൂരിലെ കൃഷിഭവന് പുതിയ മന്ദിരം

1435 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ നഗരൂരിലെ കൃഷിഭവന് വേണ്ടിയുള്ള പുതിയ മന്ദിരത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കൃഷി സഖി പദ്ധതി

1436 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി കൃഷി സഖി പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കൃഷി സഖി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇത് ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കൃഷിഭവനുകൾ കേന്ദ്രീകരിച്ചാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനിതാ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കോതമംഗലം നിയോജകമണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ</u>**

1437 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷി വകുപ്പ് മുഖേന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>ജൈവകൃഷി പ്രോത്സാഹനം</u>**

1438 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ കർഷകരെ ജൈവകൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ജൈവകൃഷിയിലേക്ക് മാറുന്ന കർഷകർക്ക് സാമ്പത്തിക സഹായം ജൈവവളം വിത്ത് പരിശീലനം വിപണന സൗകര്യം എന്നിവ ഉറപ്പാക്കുന്നതിനായി കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലയും സ്ഥിരമായ വിപണിയും ഉറപ്പാക്കുന്നതിനായി പ്രത്യേക വിപണന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ ബ്രാൻഡിംഗ് വിപണനം എന്നിവ ലളിതമാക്കി കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**ബേപ്പൂർ നിയോജകമണ്ഡലത്തിലെ പൊക്കാളി കൃഷി**</u>

1439 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലുണ്ടി, ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, ഫറോക്ക് പ്രദേശങ്ങളിൽ പൊക്കാളി കൃഷി നടപ്പിലാക്കി വരുന്നത് എത്ര വിസ്തൃതിയിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കർഷകർക്ക് വിത്ത്, നിലം ഒരുക്കൽ, സബ്സിഡി, യന്ത്രവത്കരണം എന്നീ ഇനങ്ങളിൽ സഹായം അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കടലുണ്ടി പുഴയോര കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ബയോ അക്വാബണ്ട്, താല്ക്കാലിക ബണ്ട് എന്നിവയുടെ നിർമ്മാണത്തിന് തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) പൊക്കാളി നെല്ലിനോടൊപ്പം സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മണ്ഡലത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

<u>**കുന്ദമംഗലത്തെ കാർഷിക മേഖലയുടെ വികസനവും സബ്സിഡി ആനുകൂല്യങ്ങളും**</u>

1440 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നെല്ല്, തെങ്ങ്, പച്ചക്കറി കൃഷി മേഖലകളിൽ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികളും പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ കർഷകർക്കായി അനുവദിച്ചിട്ടുള്ള കാർഷിക സബ്സിഡികളും ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കൃഷിഭവനുകൾ മുഖേന കൃഷി പ്രോത്സാഹനത്തിനായി നൽകിവരുന്ന മൂല്യവർദ്ധിത ഉല്പാദന പദ്ധതികളും വിപണന സൗകര്യങ്ങളും വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>വിഷരഹിതവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികളും പഴവർഗങ്ങളും</u>

1441 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതവും സുരക്ഷിതമായി ഭക്ഷിക്കാവുന്നതുമായ പച്ചക്കറികളും പഴവർഗങ്ങളും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പുതിയ പദ്ധതികളും പരിപാടികളും ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര് ആരംഭിച്ച വർഷം പ്രധാന ലക്ഷ്യങ്ങൾ, നടപ്പാക്കുന്ന ഏജൻസികൾ എന്നിവയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) വിഷാംശ അവശിഷ്ട പരിശോധന, ജൈവകൃഷി, ഗുഡ് അഗ്രിക്കൾച്ചറൽ പ്രാക്ടീസസ്, സുരക്ഷിത പച്ചക്കറി-പഴ ഉൽപ്പാദനം എന്നിവയ്ക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കർഷക ക്ലസ്റ്ററുകൾ കൃഷിക്കൂട്ടങ്ങൾ സ്വയംസഹായ സംഘങ്ങൾ തുടങ്ങിയവ മുഖേന വിഷരഹിത പച്ചക്കറി-പഴ ഉൽപ്പാദനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളും അതിലൂടെ ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങളുടെ അളവും വിപണന സംവിധാനവും വിശദീകരിക്കാമോ;

(ഇ) വിപണിയിലെത്തുന്ന പച്ചക്കറികളിലും പഴവർഗങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നതിനായി കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പരിശോധനകളുടെ എണ്ണം കണ്ടെത്തിയ നിയമലംഘനങ്ങൾ സ്വീകരിച്ച തുടർനടപടികൾ എന്നിവ വർഷംതിരിച്ച് വ്യക്തമാക്കാമോ?

<u>പൊലിമ പുതുക്കാട് പദ്ധതി</u>

1442 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ നാൽപ്പതിനായിരത്തോളം വനിതകളെ പച്ചക്കറി കൃഷിയിലും പൂക്കൃഷിയിലും പങ്കാളികളാക്കിക്കൊണ്ട് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന സഹകരണം, കൃഷി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ള "പൊലിമ പുതുക്കാട് "പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് വകുപ്പിന്റെ പ്രത്യേക ധനസഹായങ്ങളും വിത്ത്, തൈകൾ, വളം എന്നിവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി സംസ്ഥാനത്തെ മുഴുവൻ നിയോജക മണ്ഡലങ്ങളിലും "പൊലിമ പുതുക്കാട് " മാതൃകയിൽ കാർഷിക മുന്നേറ്റത്തിനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ; വിശദമാക്കുമോ?

<u>ഇടനിലക്കാരുടെ ചൂഷണം തടയലും കർഷകർക്കുള്ള ന്യായവില ലഭ്യതയും</u>

1443 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ആലത്തൂർ സ്റ്റേറ്റ് സീഡ് ഫാമിലെ പ്രവൃത്തികൾക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 1.6 കോടി രൂപ അനുവദിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രസ്തുത തുക അനുവദിച്ചതെന്നും ഇവയുടെ നിലവിലെ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) നെൽകൃഷിയുടെ രണ്ടാംവിള ആരംഭിക്കുന്ന സാഹചര്യത്തിൽ നെൽകർഷകർക്ക് സഹായകരമായ വിധത്തിൽ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനായി നിലവിലെ സർക്കാർ ഏതെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇടനിലക്കാരുടെ കൊള്ളലാഭവും ചൂഷണവും അവസാനിപ്പിച്ച് കാർഷിക വിഭവങ്ങളുടെ മൂല്യം കർഷകർക്ക് തന്നെ ലഭിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>നെൽകൃഷി മേഖലയിലെ പ്രതിസന്ധി</u>

1444 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി മേഖലയിലെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നെല്ലിന്റെ ഗുണനിലവാരം നിർണ്ണയിച്ച് വില തിട്ടപ്പെടുത്തുന്നതിൽ മില്ലുടമകൾ സ്വീകരിക്കുന്ന തെറ്റായ നടപടികൾ ഒഴിവാക്കാൻ സർക്കാർ ഇടപെടുമോയെന്ന് വിശദമാക്കാമോ;

(സി) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

<u>റബ്ബർ കൃഷി ഫലപ്രദമായി നടത്തുന്നതിന് സൗകര്യം ഒരുക്കാൻ നടപടി</u>

1445 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കൃഷി ഫലപ്രദമായി നടത്തുന്നതിന് കർഷകർക്ക് മതിയായ താങ്ങുവിലയും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും സമിതിയെ നിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വാഭാവിക റബ്ബറിന്റെ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പുതിയ കമ്പനികൾ ആരംഭിക്കാൻ

നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>വെള്ളപ്പൊക്കവും വിളനാശവും</u>**

1446 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. സി. കെ. കാസിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വർഷവും മൺസൂൺ കാലത്ത് ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കവും വിളനാശവും മൂലം ദുരിതത്തിലാകുന്ന കർഷകർക്ക് ശാശ്വതമായ സംരക്ഷണം ഉറപ്പാക്കാൻ എന്തെങ്കിലും ദീർഘകാല പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വെള്ളപ്പൊക്കത്തെയും പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കാൻ കഴിയുന്ന പ്രത്യേക വിത്തിനങ്ങളും കാർഷിക രീതികളും പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(സി) കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും പ്രകൃതിദത്ത നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി ഡ്രെയിനേജ് സംവിധാനങ്ങൾ നവീകരിക്കുന്നതിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങളും അത് നടപ്പിലാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സമയപരിധിയും വ്യക്തമാക്കുമോ?

**<u>ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ പ്രവർത്തനങ്ങൾ</u>**

1447 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>പഴം-പച്ചക്കറി ഉൽപാദനം</u>**

1448 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ പഴം-പച്ചക്കറി ഉല്പാദനം വർധിപ്പിക്കുന്നതിനും ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിൽനിന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ആയത് സമയബന്ധിതമായി ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>ഓണച്ചന്തകളിലേക്ക് സംഭരിച്ച കാർഷിക ഉല്പന്നങ്ങളുടെ വില</u>**

1449 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ നിന്ന് വിഭിന്നമായി ഓണച്ചന്തകളിലേക്ക് സംഭരിച്ച കാർഷിക ഉല്പന്നങ്ങളുടെ വില ഇപ്രാവശ്യം ഓണത്തിന് മുമ്പ് തന്നെ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) മുൻവർഷങ്ങളിൽ ഓണച്ചന്തകളുടെ പ്രവർത്തനം പൂർത്തിയായി ദിവസങ്ങൾക്ക് ശേഷമാണ് കർഷകർക്ക് തുക ലഭ്യമായിരുന്നത് എന്നത് സംബന്ധിച്ച പരാതി ഉണ്ടായിരുന്നോ; വ്യക്തമാക്കാമോ;

(സി) ഇത്തവണ ഓൺലൈൻ ഇടപാടിലൂടെ മാത്രം പണം കർഷകർക്ക് നൽകിയതിലൂടെ സുതാര്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>കൃഷി വകുപ്പ് മുഖേന കർഷകർക്ക് നല്കുന്ന കർഷകക്ഷേമ പെൻഷൻ</u>**

1450 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് മുഖേന കർഷകർക്ക് നല്കുന്ന കർഷകക്ഷേമ പെൻഷനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവ അനുവദിച്ച് നല്കുന്നതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**മങ്കട മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരത്തുക**

1451 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിന് കീഴിൽ വരുന്ന പഞ്ചായത്തുകളിൽ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) നഷ്ടപരിഹാരത്തുക ലഭിക്കാത്ത കർഷകർക്ക് എപ്പോൾ വിതരണം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

**കാർഷിക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള നഷ്ടപരിഹാര തുക വിതരണം**

1452 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള നഷ്ടപരിഹാര തുക വിതരണം സംബന്ധിച്ച് നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) കടാശ്വാസ കമ്മീഷൻ ഇടുക്കി ജില്ലയിൽ സിറ്റിങ് നടത്തി അവാർഡ് പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്താത്തത് മൂലം തുക വിതരണം ചെയ്യാനാകാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; എത്ര തുക കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ളത് കുടിശ്ശികയായി അവശേഷിക്കുന്നു എന്ന് അറിയിക്കാമോ;

(സി) കർഷകരുടെ ആശ്വാസത്തിനായി പ്രസ്തുത കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കാമോ?

**കൃഷിയിടങ്ങൾക്കും വിളകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ**

1453 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, വന്യമൃഗ ശല്യം എന്നിവ മൂലം കൃഷിയിടങ്ങൾക്കും വിളകൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അത്തരത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ലഭ്യമാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെങ്കിൽ അത് എന്ന് മുതലുള്ളതാണെന്നും എന്നത്തേക്ക് നൽകി തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ഏറ്റുമാനൂർ മണ്ഡലത്തിൽ നെൽകർഷകർക്ക് നഷ്ടപരിഹാരം**

1454 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളായ ആർപ്പൂക്കര, കുമരകം, തിരുവാർപ്പ്, നീണ്ടൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ നെൽപ്പാടങ്ങൾ മുഴുവൻ കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ബണ്ടുകൾ തകർന്ന് മടവീണ് നശിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം കനത്ത നാശനഷ്ടം നേരിട്ട നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

**മഴക്കെടുതിയിലുണ്ടായ കൃഷി നാശനഷ്ടം**

1455 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ കനത്ത മഴക്കെടുതിയിലും ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കോടിക്കണക്കിന് രൂപയുടെ കൃഷി നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ നഷ്ടം സംഭവിച്ച കർഷകർക്ക് ഇതുവരെ എത്ര

രൂപയുടെ സാമ്പത്തിക സഹായം വകുപ്പ് മുഖേന ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) നഷ്ടപരിഹാരം ലഭിച്ച കർഷകരുടെ പേര് വിവരവും തുക സംബന്ധിച്ച വിശദാംശങ്ങളും പട്ടിക തിരിച്ച് നൽകാമോ?

**ചേലക്കര മണ്ഡലത്തിൽ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം**

1456 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 2016 മുതൽ 2026 വരെയുള്ള പത്ത് വർഷക്കാലയളവിൽ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി എത്ര രൂപ നൽകിയിട്ടുണ്ട്; കൃഷിഭവൻ തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരമായി എത്ര രൂപ നൽകിയിട്ടുണ്ട്; കൃഷി ഭവൻ തിരിച്ച് വിശദാംശം വ്യക്തമാക്കാമോ?

**വയനാട് ഉരുൾപൊട്ടലിലെ കൃഷിനാശം**

1457 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ സംഭവിച്ച ആകെ കൃഷിനാശം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ആകെ എത്ര പേർക്ക് ഭൂമി പുനരുപയോഗിക്കാൻ സാധിക്കാത്ത രീതിയിൽ നഷ്ടമായി എന്ന് അറിയിക്കാമോ;

(സി) ഉരുൾപൊട്ടൽ കാരണമുണ്ടായ കൃഷിനാശത്തിന് ഓരോ കുടുംബത്തിനും നഷ്ടപരിഹാരമായി എത്ര രൂപ വീതമാണ് മുൻ സർക്കാർ അനുവദിച്ചതെന്നും പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(ഡി) നഷ്ടപ്പെട്ടുപോയ കൃഷിഭൂമിക്ക് പകരം ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിൽ ഉരുൾപൊട്ടലിൽ ഉണ്ടായ കൃഷി നാശം**

1458 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ആഗസ്റ്റ് മാസം പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിൽ ഉരുൾപൊട്ടലിൽ ഉണ്ടായ കൃഷി നാശം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം കാർഷിക വിളകൾക്ക് എത്രമാത്രം നാശനഷ്ടം ഉണ്ടായെന്ന് വ്യക്തമാക്കാമോ;

(സി) വായ്പ എടുത്ത് കൃഷിചെയ്ത കർഷകരുടെ നാശനഷ്ടം തിട്ടപ്പെടുത്തി എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി സീഡ് ഫാമിൽ ഫാം ടൂറിസം**

1459 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ, 1200-ൽ അധികം ഏക്കർ ഭൂവിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിൻെറ ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ ഭൂമിയും പ്രയോജനപ്പെടുത്തിക്കൊണ്ട് അവിടെ ഫാം ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**തിരുവമ്പാടി ഫാം ടൂറിസം**

1460 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര കാർഷിക മേഖലയായ തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാന പ്രോജക്ടായ ഫാം ടൂറിസത്തിന്റെ ഭാഗമായി നൂറോളം ഫാം ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉള്ള ഈ മേഖലയുടെ വികസനത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി**

1461 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള കാർഷിക ഫാമുകളിൽ പുതിയ തലമുറയ്ക്ക് കൃഷിയുമായി ബന്ധപ്പെട്ട അറിവിന്റെ പാഠങ്ങൾ പകർന്നു കൊടുക്കുന്ന ഒരു കേന്ദ്രമാക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ബി) കാർഷിക രംഗത്ത് യുവജനതയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കാർഷിക ഫാമുകളിൽ വിദ്യാഭ്യാസ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് കൃഷിവകുപ്പിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## കാർഷിക ഇൻഷ്വറൻസ് പദ്ധതി

1462 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്ക് ലഭിക്കുന്ന കാർഷിക ഇൻഷ്വറൻസ് പരിരക്ഷ കൂടുതൽ ഫലപ്രദമാക്കുന്നതിനും പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം തുടങ്ങിയ കാരണങ്ങളാൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സമയബന്ധിതമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ നടപ്പാക്കിവരുന്ന കാർഷിക ഇൻഷ്വറൻസ് പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുന്ന വിളകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(ഡി) കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം കണക്കാക്കുന്ന നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വിള ഇൻഷ്വറൻസ് പദ്ധതി

1463 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കി വരുന്ന വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ള

വിളകൾ ഏതെല്ലാമാണെന്നും ഓരോ വിളയ്ക്കും ലഭിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷയുടെ വിശദാംശവും വ്യക്തമാക്കാമോ;

(ബി) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ എണ്ണം വർഷം തിരിച്ച്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പദ്ധതിയിൽ ഉൾപ്പെട്ട വിവിധ വിളകൾക്ക് കർഷകർ അടയ്ക്കേണ്ട രജിസ്ട്രേഷൻ ഫീസ്, പ്രീമിയം നിരക്ക് എന്നിവ എത്രയാണെന്നും ഓരോ ഇനത്തിലും സർക്കാർ വഹിക്കുന്ന പ്രീമിയം സബ്സിഡിയുടെ നിരക്കും ശതമാനവും എത്രയാണെന്നും വിളയിനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനം, പ്രളയം, വരൾച്ച, ശക്തമായ മഴ, കാറ്റ്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, കീട-രോഗബാധ തുടങ്ങിയ കാരണങ്ങളാൽ ഉണ്ടാകുന്ന വിളനാശം കൃത്യമായി വിലയിരുത്തുന്നതിനും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തെ കാലയളവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച ക്ലെയിം അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച്, പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്രയാണെന്നും അതിൽ തീർപ്പാക്കിയ ക്ലെയിമുകളുടെ എണ്ണവും അനുവദിച്ച നഷ്ടപരിഹാര തുകയും തീർപ്പാക്കാതെ നിലവിൽ പരിഗണനയിലുള്ള ക്ലെയിമുകളുടെ എണ്ണവും അനുവദിക്കാനുള്ള തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ക്ലെയിം അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് അർഹരായ കർഷകർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## രാസവളങ്ങളുടെ വില വർദ്ധനവ്

1464 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് കാർഷിക മേഖലയിലുണ്ടാക്കുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; ഇതിനായി പുതിയ സബ്സിഡി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) 'അഗ്രിസാറ്റ് ' വഴി രാസവളത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കണമെന്ന നിർദ്ദേശം പിൻവലിക്കാൻ ഇടപെടുമോ; വ്യക്തമാക്കുമോ;

(ഡി) ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കാനും വിത്ത് സബ്സിഡി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി വില

1465 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പന്നങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും സംവിധാനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിപണി വിലയിലുണ്ടാകുന്ന വലിയ ഏറ്റക്കുറച്ചിലുകളിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി കൂടുതൽ ഫലപ്രദമായ വിലസ്ഥിരതാ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചെലവിന് ആനുപാതികമായ വില ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇടനിലക്കാരുടെ ഇടപെടൽ കുറച്ച് കർഷകരിൽ നിന്ന് നേരിട്ട് ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനും മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോൾ മേഖലയിലെ നെൽകൃഷി

1466 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽകർഷകർക്ക് പ്രത്യേകിച്ച് കോൾ മേഖലയിലെ കർഷകർക്ക് കൃഷിക്കാലത്തിന് മുമ്പായി ഗുണമേന്മയുള്ളതും

അനുയോജ്യവുമായ നെൽവിത്ത് ആവശ്യമായ അളവിൽ ലഭ്യമാക്കുന്നതിന് നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കോൾ മേഖലയിലെ കൃഷിക്ക് അനുയോജ്യമായ നെൽവിത്തിനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ കൃഷിവർഷത്തിൽ കർഷകരുടെ ആവശ്യത്തിനനുസരിച്ചുള്ള അളവിൽ വിത്ത് ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി വിത്തിന്റെ ശാസ്ത്രീയ പരിശോധനയും സർട്ടിഫിക്കേഷനും നടത്താറുണ്ടോ;

(ഇ) മണലൂർ ഉൾപ്പെടെയുള്ള കോൾ മേഖലകളിലെ കർഷകർക്ക് കൃഷിയിറക്കുന്നതിന് മുമ്പ് ആവശ്യമായ അളവിൽ ഗുണമേന്മയുള്ള നെൽവിത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

## ഫുഡ് പാർക്കുകൾ

1467 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം, വിപണനം എന്നിവയ്ക്കായി കൃഷിവകുപ്പിന് കീഴിൽ നിലവിൽ എത്ര ഫുഡ് പാർക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫുഡ് പാർക്കുകൾ എവിടെയാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് പുതിയ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## താനൂർ കാർഷിക പുനരുദ്ധാരണ പദ്ധതി

1468 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി.(കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ) മുഖേന നബാർഡ് പദ്ധതി പ്രകാരം താനൂർ മണ്ഡലത്തിലെ ഒഴൂർ വില്ലേജിൽ മണലിപ്പുഴ കാർഷിക പുനരുദ്ധാരണ പദ്ധതി നബാർഡ് പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) കെ.എൽ.ഡി.സി. മുഖേന പൊതു കുളങ്ങൾ സംരക്ഷിക്കുന്നതിന് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

1469 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ നെൽകർഷകർക്ക് കക്ക, കുമ്മായം, വളം, വിത്ത് എന്നിവ ലഭ്യമല്ലാത്തതും സബ്സിഡി വൈകുന്നതും കൃഷിസ്ഥലങ്ങളിൽ പോള നിറഞ്ഞ് കൃഷി തടസ്സപ്പെടുന്ന സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷിവകുപ്പ് പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ വകുപ്പ് മുഖേന ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഭാവി പദ്ധതികളും വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ പുഞ്ചപ്പാടങ്ങളിലെ നെൽകൃഷിയും മറ്റ് കൃഷികളും സംരക്ഷിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ ജലസേചനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഇ) മണ്ഡലത്തിലെ കൃഷി ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ കൃഷി അവലോകനം ചെയ്യുന്നതിനായി പ്രതിമാസ

യോഗങ്ങൾ ചേരാറുണ്ടോ; കർഷകർക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളും സഹായങ്ങളും കൃത്യമായി ലഭ്യമാക്കാൻ ഇത്തരം യോഗങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ടോ;

(എഫ്) മണ്ഡലത്തിലെ പാടശേഖര സമിതി ഭാരവാഹികളുമായും കർഷകരുമായും കൃഷിവകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ സംഘടിപ്പിക്കാറുണ്ടോ; കർഷകരുടെ പ്രശ്നങ്ങളും സർക്കാരിൽ നിന്നുള്ള പദ്ധതി വിവരങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് മണ്ഡലത്തിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ജി) മണ്ഡലത്തിലെ ഈ വർഷത്തെ കൃഷി തടസ്സമില്ലാതെ ആരംഭിക്കുന്നതിന് അത്യാവശ്യമായ കക്ക വിതരണം ചെയ്യുന്ന ഏജൻസിക്ക് അടിയന്തരമായി കക്ക പെർമിറ്റ് അനുവദിച്ച് നൽകുന്നതിനും, കൃഷി ഇറക്കുന്നതിനുമായി പാടശേഖര സമിതിക്ക് ആവശ്യമായ സാങ്കേതിക-സാമ്പത്തിക ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**</u>

1470 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ലഭ്യത കുറഞ്ഞ മേഖലകളിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്;

(ബി) കൃഷിഭൂമി താരതമ്യേന കുറഞ്ഞ തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) തിരുവനന്തപുരം കോർപ്പറേഷൻ മേഖലയിൽ ഓരോ കൃഷിഭവന്റെ പരിധിയിലും കൃഷി വകുപ്പിന്റെ സഹായത്തോടെ എത്ര വീടുകളിൽ മട്ടുപ്പാവ് കൃഷി നടപ്പിലാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് എന്തെല്ലാം സഹായങ്ങളാണ് കൃഷി വകുപ്പ് നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട ഫയലുകൾ**

1471 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള എത്ര ഫയലുകൾ കൃഷിഭവനുകളിൽ ഉണ്ടെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിച്ചിട്ടും തീർപ്പാക്കാത്ത ഫയലുകൾ ഏത് തീയതി മുതൽ ഉണ്ടെന്നുള്ളത് കൃഷി ഭവനുകൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി**

1472 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തുടനീളം കാർഷികോല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി കോൾഡ് സ്റ്റോറേജുകൾ, വെയർഹൗസുകൾ എന്നിവ നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) കാർഷികോല്പാദനം കുറഞ്ഞ നൂറ് ജില്ലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പി.എം. ധൻ ധാന്യ യോജന പദ്ധതിയിലേക്ക് സംസ്ഥാനത്തുനിന്നും ഏതെങ്കിലും ജില്ലയെ പരിഗണിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിരുന്നോവെന്ന് വ്യക്തമാക്കാമോ?

**പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി**

1473 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിലെ ചെല്ലാനം മേഖലയിലുള്ള പതിമൂന്ന് പാടശേഖരങ്ങളിൽ നിലവിൽ ആറ് എണ്ണത്തിൽ മാത്രമാണ് പൊക്കാളി കൃഷി നടക്കുന്നതെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന പാടശേഖരങ്ങളിൽക്കൂടി പൊക്കാളി കൃഷി പുനരാരംഭിക്കുന്നതിനും കർഷകരെ തിരികെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പൊക്കാളി കൃഷി അവലോകനത്തിനായി എറണാകുളം ജില്ലാ കളക്ടർ ചെയർപേഴ്സണും പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കൺവീനറുമായിട്ടുള്ള പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി കഴിഞ്ഞ മൂന്ന് മാസങ്ങളിലായി ചേർന്ന യോഗങ്ങളിൽ കൊച്ചി മണ്ഡലത്തിലെ കൃഷി ഉന്നമനത്തിനായി കൈക്കൊണ്ട പ്രധാന തീരുമാനങ്ങളും അവയുടെ നടപ്പാക്കൽ പുരോഗതിയും വ്യക്തമാക്കാമോ;

(സി) കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ ഒരു നെല്ലും ഒരു മീനും പദ്ധതിയുടെ ഭാഗമായി പാടങ്ങൾ ഉണക്കി കൃഷിയോഗ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിലവിലെ തീയതി (ഏപ്രിൽ 15) കൃഷിയിറക്കാൻ കാലതാമസം വരുത്തുന്നുവെന്ന കർഷകരുടെ പരാതി പരിഗണിച്ച് വരും സീസണിൽ പ്രസ്തുത തീയതി ഏപ്രിൽ ആദ്യവാരത്തിലേക്ക് പുനഃക്രമീകരിക്കുന്നത് പൊക്കാളി ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് സമർപ്പിക്കാൻ തയ്യാറാകുമോ;

(ഡി) ചെല്ലാനം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തുകളിലെ സമഗ്ര കാർഷിക പുരോഗതി ലക്ഷ്യമിട്ട് പുറപ്പെടുവിച്ച സുസ്ഥിര കാർഷിക ഗ്രാമം പദ്ധതിക്ക് [സ.ഉ.(എം.എസ്.) നം. 110/2012/കൃഷി] ഫണ്ട് അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കൊച്ചി മണ്ഡലത്തിൽ പൊക്കാളി കൃഷി ചെയ്യുന്ന കർഷകർക്ക് കൃത്യസമയത്ത് ഗുണമേന്മയുള്ള പൊക്കാളി വിത്തുകൾ, ആവശ്യമായ സബ്സിഡികൾ, കാർഷിക യന്ത്രസാമഗ്രികൾ എന്നിവ കൃഷിഭവനകൾ മുഖേന ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>കാർഷിക മേഖലയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്</u>**

1474 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയുടെ ഉൽപ്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർധിപ്പിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>കൊച്ചി മണ്ഡലത്തിലെ കുമ്പളങ്ങി ചെല്ലാനം പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി</u>**

1475 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ പ്രധാന പരമ്പരാഗത തെങ്ങുകൃഷി മേഖലകളായ കുമ്പളങ്ങി ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ കൃഷിവകുപ്പിന്റെ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരദേശ-കായലോര മേഖലകളിലെ തെങ്ങുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2025–26 സാമ്പത്തിക വർഷത്തിലെ കോക്കനട്ട് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രസ്തുത പഞ്ചായത്തുകളിലേക്ക് പുതിയതായി കേരഗ്രാമം പദ്ധതി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി കൃഷിഭവനകൾ മുഖേന പ്രത്യേക പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ ഭരണാനുമതി എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കുമ്പളങ്ങി, ചെല്ലാനം മേഖലകളിൽ കേരകൃഷി നേരിടുന്ന രോഗ-കീട ബാധകൾ പരിഹരിക്കുന്നതിന് സംയോജിത കീട-രോഗ നിയന്ത്രണ

സംവിധാനങ്ങളും ശാസ്ത്രീയ വളപ്രയോഗവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഉപ്പുരസമുള്ള മണ്ണിലും മികച്ച വിളവ് തരുന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ, ഇടവിള കൃഷി പ്രോത്സാഹനം, തെങ്ങുകയറ്റ യന്ത്രങ്ങൾ എന്നിവയ്ക്ക് പ്രത്യേക സബ്സിഡി ലഭ്യമാക്കാൻ കൃഷിവകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക്, നാളികേരത്തിന്റെ ശാസ്ത്രീയ സംഭരണം, സംസ്കരണം, വിപണനം എന്നിവ ഉറപ്പാക്കാൻ കൃഷിവകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ജി) വിനോദസഞ്ചാര പ്രാധാന്യമുള്ള കുമ്പളങ്ങി, ചെല്ലാനം പ്രദേശങ്ങളിൽ കേരകർഷക കൂട്ടായ്മകൾ വഴി നാളികേര മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനും വിലയിടിവിൽ നിന്ന് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**കർഷക കേന്ദ്രീകൃത സേവനങ്ങളും വിജ്ഞാനവ്യാപനവും**</u>

1476 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ (കെ.വി.കെ.) വഴി കർഷകർക്ക് നൽകുന്ന പരിശീലനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ണ് പരിശോധന, കീടനിയന്ത്രണം, ജൈവകൃഷി എന്നിവയിൽ കർഷകർക്ക് സഹായം നൽകുന്നതിനായി സർവകലാശാല ആരംഭിച്ച ഡിജിറ്റൽ/മൊബൈൽ ആപ്ലിക്കേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഹൈടെക് കൃഷി, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിംഗ് എന്നിവയിൽ പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>**സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷനിലെ പിൻവാതിൽ നിയമനം**</u>

1477 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷന്റെ ഉന്നത തസ്തികകളിൽ ചട്ടങ്ങളും മാനദണ്ഡങ്ങളും ലംഘിച്ച് നിയമനങ്ങൾ നടത്തിയതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള അഗ്രോ മെഷീനറി കോർപ്പറേഷനിലെ (കാംകോ) ജൂനിയർ ഉദ്യോഗസ്ഥനെ കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി നിയമിക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) മതിയായ യോഗ്യതകളോ മാനദണ്ഡങ്ങളോ പരിഗണിക്കാതെ രാഷ്ട്രീയ സ്വാധീനത്താൽ മാത്രമാണ് പ്രസ്തുത വ്യക്തിക്ക് എം.ഡി. തസ്തികയിലേക്ക് നിയമനം നൽകിയതെന്ന ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ചട്ടവിരുദ്ധമായി നടത്തിയ ഈ നിയമനം അടിയന്തരമായി റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

**<u>അരുവിക്കര മണ്ഡലത്തിലെ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ പദ്ധതികൾ</u>**

1478 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വെള്ളം കൊള്ളി നീർത്തട പദ്ധതി, കുരുന്തറക്കോണം-ചപ്പാത്ത് തോട് പുനരുജ്ജീവന പദ്ധതി എന്നിവയുടെ നാളിതുവരെയുള്ള പ്രവൃത്തി പുരോഗതി അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയതായി വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**<u>തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ</u>**

1479 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മുഴുവൻ തരിശുഭൂമിയും കണ്ടെത്തുന്നതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇതിനായി മാപ്പിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം എന്നിവ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ കർമ്മപദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ;

(സി) തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് മുന്നിട്ടിറങ്ങുന്ന വ്യക്തികൾ, സംഘടനകൾ എന്നിവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നല്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ .പി)

1480 **ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അധ്യാപകവിദ്യാഭ്യാസ കൗൺസിലിന്റെ (എൻ.സി.ടി.ഇ ) നേതൃത്വത്തിലുള്ള നാല് വർഷത്തെ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് (ഐ.ടി.ഇ .പി) കേരളത്തിലെ കോളേജുകളിൽ/സർവകലാശാലകളിൽ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (എൻ.ഇ.പി ) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കുന്നതുവഴി നിലവിലുള്ള ബി.എഡ് കോഴ്സുകളെയും അധ്യാപക നിയമനങ്ങളെയും ഇത് എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് ബി.എഡ് കോഴ്സ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ബി.എഡ് ട്രെയിനിങ് കോളേജുകളെ ആർട്സ്

ആൻഡ് സയൻസ് കോളേജുകളുമായി ബന്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പല സ്റ്റാൻഡേർഡ് ട്രെയിനിങ് കോളേജുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോ ബി.എഡ് ഇതര ഡിഗ്രി സീറ്റുകളോ ഇല്ലാത്തത് കോഴ്സ് നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി മറികടക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്കോളർഷിപ്പ്</u>**

1481 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (കെ. എസ്.എച്ച്.ഇ.സി.)സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞവർഷം സ്കോളർഷിപ്പ് ലഭിച്ചവർ അത് പുതുക്കുന്നതിനായി ചെയ്യേണ്ട നടപടിക്രമം വ്യക്തമാക്കുമോ;

(ഡി) സ്കോളർഷിപ്പ് തുകയുടെ വിശദാംശം നൽകാമോ?

**<u>ഉന്നതവിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിനുള്ള നടപടി</u>**

1482 **ശ്രീമതി ഫാത്തിമ തഹ്‌ലിയ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ, വിവാഹിതരായ പെൺകുട്ടികൾ, ഗർഭിണികൾ, മാതൃത്വ ഇടവേള ആഗ്രഹിക്കുന്ന വിദ്യാർത്ഥിനികൾ തുടങ്ങിയവർക്ക് ഉന്നതവിദ്യാഭ്യാസം തടസ്സമില്ലാതെ തുടരുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് പ്രത്യേക ലീവ്, ഓൺലൈൻ പഠന സൗകര്യം, ക്രഷ് സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പും ഫീസിളവും നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസ രംഗത്തെ പരിഷ്ക്കാരങ്ങൾ

1483 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ രാജ്യങ്ങളിലേക്കു പോകുന്നതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസരംഗം തൊഴിലുമായി ബന്ധപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) പ്രാഗത്ഭ്യമുള്ള വിദ്യാർത്ഥികളെ സംസ്ഥാനത്തുതന്നെ നിലനിർത്താൻ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ് ആലോചിക്കുന്നത്; വിശദമാക്കാമോ?

## നാലുവർഷ ബിരുദ കോഴ്സ്

1484 **ശ്രീ. പി .എം. എ. സമീർ**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ നാലുവർഷ ബിരുദ കോഴ്സുകളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ഫലപ്രദമായി പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നാലുവർഷ ബിരുദ കോഴ്സിനെപ്പറ്റി സെക്കണ്ടറി വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ ആശങ്ക പരിഹരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സർവ്വകലാശാല ഭരണത്തിൽ സർക്കാരിന്റെ നിലപാട്</u>**

1485 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. എം. വിജിൻ**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ ചാൻസലർ നടത്തുന്ന നിയമനങ്ങളിലും ഭരണപരമായ തീരുമാനങ്ങളിലും സംസ്ഥാന സർക്കാരിന്റെ നിയമപരമായ അധികാരങ്ങളും സർവകലാശാലകളുടെ സ്വയംഭരണവും സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ഗവർണറുടെ ഏതെങ്കിലും സർവ്വകലാശാല നിയമനങ്ങളിലോ ഭരണപരമായ തീരുമാനങ്ങളിലോ എതിർപ്പോ വിയോജിപ്പോ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിഷയങ്ങളും സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ;

(സി) സർവ്വകലാശാലകളിലെ രാഷ്ട്രീയപ്രേരിത നിയമനങ്ങളെയും ഇടപെടലുകളെയും സർക്കാർ പ്രതിരോധിക്കുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാല നിയമങ്ങളും ബാധകമായ യു.ജി.സി. ചട്ടങ്ങളും പാലിച്ചാണ് നിയമനങ്ങളും ഭരണപരമായ തീരുമാനങ്ങളും നടക്കുന്നതെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ നിയമനം</u>**

1486 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. കെ. വി. സുമേഷ്**

**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിലെ വൈസ് ചാൻസലർ നിയമനത്തിനു മുമ്പ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമോ പേരുകളുടെ പാനലോ ചാൻസലർ ആവശ്യപ്പെട്ടിരുന്നോ; സർക്കാർ പാനൽ നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) വൈസ് ചാൻസലർ നിയമനത്തിൽ സർവ്വകലാശാലാ നിയമത്തിലെയും യു.ജി.സി. ചട്ടങ്ങളിലെയും യോഗ്യതകളും നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഉയർന്ന വിമർശനങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലയിൽ സ്ഥിരം വൈസ് ചാൻസലറെ നിയമിക്കുന്നതിനുള്ള സെർച്ച് കമ്മിറ്റി രൂപീകരണത്തിന്റെയും തെരഞ്ഞെടുപ്പ് നടപടികളുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>കോളേജുകളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം</u>**

1487 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. എം. എസ്. അരുൺ കുമാർ**
**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം തടയാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി വിദ്യാർത്ഥികൾക്കുള്ള പെരുമാറ്റ ചട്ടം എന്ന പേരിൽ കരട് രേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വോട്ടവകാശമുള്ള യുവതയ്ക്ക് തങ്ങൾ പഠിക്കുന്ന കലാലയങ്ങളിൽ സംഘടിക്കാനും പ്രതികരിക്കാനും രാഷ്ട്രീയ ബോധത്തോടെ ചിന്തിക്കാനുമുള്ള സാഹചര്യം ഇല്ലാതാക്കുന്നതിനെതിരെയുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ഡി) സർവ്വകലാശാലകളിൽ നിലനിൽക്കുന്ന വിദ്യാർത്ഥി സംഘടനാ പ്രവർത്തനം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

**സർക്കാർ തലത്തിൽ പുതിയ ബി. എഡ്. കോളേജുകൾ**

1488 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തലത്തിൽ പുതിയ ബി.എഡ്. കോളേജുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

1489 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2016-21, 2021-26 സർക്കാറുകളുടെ കാലത്ത് ബജറ്റുകളിലോ ഔദ്യോഗിക പ്രഖ്യാപനങ്ങളിലോ പുതിയ എഞ്ചിനീയറിംഗ് കോളേജോ അതുപോലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രാഥമിക നടപടികൾ, സ്ഥലം ഏറ്റെടുക്കൽ നടപടികൾ എവിടെവരെ എത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി എന്തുകൊണ്ട് ഇതുവരെ യാഥാർത്ഥ്യമായില്ലെന്നുമുള്ളതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കുകയും എന്നാൽ ഫണ്ട് ലഭ്യമല്ലാതെയോ അലംഭാവം മൂലമോ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരിയിലെ ഉന്നത വിദ്യാഭ്യാസമേഖലയുടെ സമഗ്രവികസനത്തിനായി പുതിയ

പദ്ധതികൾ എന്തൊക്കെയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) നടപ്പുവർഷം മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെയും പദ്ധതികളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം വിശദാംശം നൽകാമോ?

<u>നാലുവർഷ ബിരുദ പ്രോഗ്രാമും അടിസ്ഥാന സൗകര്യ വികസനവും</u>

1490 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും നടപ്പിലാക്കിവരുന്ന നാലുവർഷ ബിരുദ പ്രോഗ്രാം (എഫ്.വൈ .യു.ജി.പി) കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ലാബുകൾ, ലൈബ്രറികൾ, ഡിജിറ്റൽ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഫോർ ഇയർ അണ്ടർഗ്രാജ്വേറ്റ് പ്രോഗ്രാമിന്റെ (എഫ്.വൈ.യു.ജി.പി) പുതിയ പാഠ്യപദ്ധതി, ക്രെഡിറ്റ് സംവിധാനം, ഇന്റേൺഷിപ്പ്, ഗവേഷണാധിഷ്ഠിത പഠനം എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകുന്ന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി ഇന്റേൺഷിപ്പ്, പ്രോജക്റ്റ്, ഗവേഷണ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം</u>

1491 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ

ഉദ്ദേശിക്കുന്നതുമായ പരിഷ്കാരങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലത്തിന് അനുയോജ്യമായ നൂതന കോഴ്സുകളും കോഴ്സുകൾക്ക് ആവശ്യമായ സീറ്റും അനുവദിക്കുന്നതിനും നിലവിലെ കോഴ്സുകളുടെ പാഠ്യപദ്ധതി പരിഷ്കരണവും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) മലബാറിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകളുടെയും സീറ്റുകളുടെയും പരിമിതികൾ കണക്കിലെടുത്തുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി കേന്ദ്രമായി ഒരു ഗവൺമെൻറ് ആർട്സ് ആൻഡ് സയൻസ് കോളേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പിഎം-ഉഷ) പദ്ധതി എന്നാണ് കേരളത്തിൽ ആരംഭിച്ചത്; അതിൻറെ ഭാഗമായി എന്തൊക്കെ പരിഷ്കാരങ്ങളാണ് ഉന്നത വിദ്യാഭ്യാസമേഖലയിൽ ഏർപ്പെടുത്തിയത്; വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുക വഴി കരിക്കുലത്തിൽ എന്തെങ്കിലും പരിഷ്കാരത്തിനുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

<u>**എയ്ഡഡ് കോളേജുകൾക്ക് കല്പിത സർവ്വകലാശാല പദവി**</u>

1492 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകൾക്ക് കല്പിത സർവ്വകലാശാല പദവി ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എൻ.ഒ.സി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കല്പിത സർവ്വകലാശാല പദവി ലഭിച്ചാൽ അത്തരം കോളേജുകൾക്ക് യു.ജി.സി. ചട്ടമാണോ ബാധകമാവുക;

(സി) കൽപ്പിത സർവ്വകലാശാലകൾ കേന്ദ്ര നിയന്ത്രണത്തിലാകുമെന്നതും സിലബസ് ഉൾപ്പെടെയുള്ളവയിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കപ്പെടുകയില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാല നിയമഭേദഗതി**

1493 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളിൽ യു.ജി.സി. ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കാമെന്ന് സംസ്ഥാന സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ടോ;

(ബി) കേരള നിയമസഭ പാസ്സാക്കിയ ആക്ടുമായി താരതമ്യം ചെയ്യുമ്പോൾ യു.ജി.സി. പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കുള്ള നിയമസാധുത എത്രത്തോളമെന്ന് വിശദമാക്കാമോ;

**കുന്ദമംഗലത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ബിരുദതല കോഴ്സുകളും തസ്തികകളും**

1494 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ അക്കാദമിക് സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കുന്ദമംഗലം മണ്ഡലത്തിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ കോഴ്സുകളും സീറ്റുകളും അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് കോളേജുകളിലെയും ആർട്സ് & സയൻസ് സ്ഥാപനങ്ങളിലെയും അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(സി) പ്ലസ്ടു പാസാകുന്ന വിദ്യാർത്ഥികളുടെ അനുപാതത്തിനനുസരിച്ച് കുന്ദമംഗലത്ത് ബിരുദതലത്തിൽ പുതിയ കോഴ്സുകളും അതിനായുള്ള തസ്തികകളും അനുവദിക്കുമോ; വിശദമാക്കാമോ?

**ഇതര സംസ്ഥാനങ്ങളിൽ വിദ്യാർത്ഥികൾ നേരിടുന്ന ചൂഷണം**

1495 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ വിവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാൻ ഇടനിലക്കാരായി പ്രവർത്തിക്കുന്ന കേരളത്തിൽ നിന്നുള്ള ഏജൻസികളുടെ പ്രവർത്തനം സർക്കാർ നിരീക്ഷിക്കുന്നുണ്ടോ; അവരുടെ പ്രവർത്തനങ്ങൾ നിയമാനുസൃതമാണോ എന്ന് പരിശോധിക്കുമോ; അല്ലാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇതര സംസ്ഥാനങ്ങളിൽ ചൂഷണത്തിന് വിധേയരാകാതിരിക്കാൻ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**<u>ഗ്ലോബൽ ജോബ് വാച്ച് ടവർ പദ്ധതി</u>**

1496 **ശ്രീ. വിഷ്ണു മോഹൻ**

**ശ്രീ. ഉല്ലാസ് കോവൂർ**

**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ തൊഴിൽ വിപണിയിലെ മാറ്റങ്ങളും പുതിയ തൊഴിൽ സാധ്യതകളും നിരന്തരം നിരീക്ഷിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച ഗ്ലോബൽ ജോബ് വാച്ച് ടവർ പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയുന്നതിനും ആഗോള നിലവാരത്തിലുള്ള തൊഴിലുകൾക്കായി വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനുമായി ഏതൊക്കെ പ്രധാന സെക്ടറുകളെ/ മേഖലകളെയാണ് ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ അന്തിമ രൂപീകരണം എപ്പോൾ പൂർത്തിയാകുമെന്നും എന്നത്തേക്ക് ഇത് നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**<u>കിനാനൂർ കരിന്തളം ഗവൺമെൻറ് ആർട്സ് & സയൻസ് കോളേജ്</u>**

1497 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ കരിന്തളം ഗവൺമെൻറ് ആർട്സ്&സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) കോളേജിനാവശ്യമായ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>**പുതിയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ**</u>

1498 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ആർട്സ്&സയൻസ് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**ഉന്നത വിദ്യാഭ്യാസമേഖലയിലെ ദീർഘകാല പദ്ധതികൾ**</u>

1499 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ അന്യസംസ്ഥാനത്തും വിദേശ രാജ്യത്തും പോയി പഠനം നടത്തേണ്ട നിർബന്ധിത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രൊഫഷണൽ-ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ-വിദേശ പഠന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും വേഗം അനുമതി നല്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**പാലക്കാട് ജില്ലയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൻകീഴിലെ പദ്ധതികൾ**</u>

1500 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

**<u>ബേപ്പൂർ മണ്ഡലത്തിൽ പുതിയ ആർട്സ് & സയൻസ് കോളേജ്</u>**

1501 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി ഉൾപ്പെടെയുള്ള തീരപ്രദേശത്തെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി പുതിയ ആർട്സ്&സയൻസ് കോളേജ് ആരംഭിക്കുന്ന വിഷയം പരിഗണനയിൽ ഉണ്ടോ?

**<u>സ്വകാര്യ സർവ്വകലാശാല ബിൽ</u>**

1502 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം കേരള നിയമസഭ പാസാക്കിയ 2025-ലെ കേരള സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് പുറത്തേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക് തടയുന്നതും രാജ്യാന്തരനിലവാരത്തിലുള്ള പഠനത്തിന് അവസരം ഒരുക്കുന്നതുമാണ് പ്രസ്തുത ബിൽ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വിദേശ സ്വകാര്യ യൂണിവേഴ്സിറ്റികൾ</u>**

1503 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സ്വകാര്യ യൂണിവേഴ്സിറ്റികൾ സംസ്ഥാനത്ത് ക്യാമ്പസ് ആരംഭിക്കുന്നതിനുവേണ്ടി ഉന്നതവിദ്യാഭ്യാസ വകുപ്പ് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതൊക്കെ യൂണിവേഴ്സിറ്റികളാണെന്നുള്ള വിശദാംശം വ്യക്തമാക്കാമോ?

**<u>ജവഹർലാൽ നെഹ്റു സെന്റേഴ്സ് ഫോർ സയൻറിഫിക് ടെംപർ</u>**

1504 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളിലും പൊതുജനങ്ങളിലും ശാസ്ത്രബോധം വളർത്തുന്നതിനുള്ള ജവഹർലാൽ നെഹ്റു സെന്റേഴ്സ് ഫോർ സയൻറിഫിക് ടെംപർ പദ്ധതി അംഗീകാരത്തിനായി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള വിശദ പദ്ധതിരേഖ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിത്യജീവിതത്തിൽ ശാസ്ത്രത്തിൻറെ പിൻബലമുള്ള ചിന്താ പദ്ധതിയും യുക്തിപരമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവും വളർത്തുന്ന രീതിയിലാകുമോ പ്രസ്തുത പദ്ധതി നടപ്പിലാക്കുക എന്ന് വ്യക്തമാക്കുമോ?

**<u>മഹാത്മഗാന്ധി സർവ്വകലാശാലയിലെ എച്ച്.ഒ.ഡി.മാരുടെ നിയമനം</u>**

1505 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മഗാന്ധി സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസിലെ എച്ച്.ഒ.ഡി.മാരെ നിർദ്ദേശിക്കുന്നത് സർവ്വകലാശാലയിലെ ഏത് ആക്ട് പ്രകാരമാണ്;

(ബി) സർവ്വകലാശാല ചട്ടത്തിനുവിരുദ്ധമായി സംസ്കൃതം, സുവോളജി, ഹിസ്റ്ററി, സോഷ്യൽ വർക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ ബോർഡ് ഓഫ് സ്റ്റഡീസിൽ എച്ച്.ഒ.ഡി. മാരെ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) സർവ്വകലാശാല ചട്ടങ്ങൾ ലംഘിച്ച് ബോർഡ് ഓഫ് സ്റ്റഡീസിലെ എച്ച്.ഒ.ഡി.മാരെ നിർദ്ദേശിച്ചതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

**<u>കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ആശ്രിതനിയമനം</u>**

1506 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ എഡ്യൂക്കേഷൻ ഓഫീസിൽ സേവനത്തിലിരിക്കെ മരണമടഞ്ഞ എം.ബി. അനിതയുടെ മകൾക്ക് ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

**മലയാളം സർവകലാശാലയിലെ അനധ്യാപക തസ്തികകളിലെ നിയമനം**

1507 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മലയാളം സർവകലാശാലയിൽ പുതിയതായി സൃഷ്ടിച്ച പത്ത് അനധ്യാപക തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാരിൽ നിന്നും എന്തെങ്കിലും അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മലയാളം സർവകലാശാലയിൽ നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്താനുള്ള നീക്കമുണ്ടോ; ഇതിനായി സർവകലാശാല സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജിലെ ഹാജർ വിഷയം**

1508 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം എൻ.എസ്.എസ് കോളേജിൽ അധ്യാപകർ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്താത്തതും സിലബസ് പ്രകാരം കുട്ടികൾക്ക് ക്ലാസ്സുകൾ പൂർത്തീകരിക്കാത്തതും സംബന്ധിച്ച് എന്തെങ്കിലും പരാതി വകുപ്പിന് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതിയിൻമേൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകളിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം അധ്യാപകരാണ് ഇത്തരത്തിൽ ഹാജർ പുസ്തകത്തിൽ ഒപ്പ് രേഖപ്പെടുത്താത്തതായി കണ്ടെത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

പ്രസ്തുത ദിവസങ്ങളെ എങ്ങനെയാണ് കണക്കാക്കിയതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോളേജിലെ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളുടെ 2026-27 വർഷത്തെ ഹാജർ പുസ്തകം പരിപാലിച്ചിരുന്നോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഇ) ഹാജർ പുസ്തകം യഥാവിധി പരിപാലിക്കാതെ എങ്ങിനെയാണ് കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് ശിപാർശ ചെയ്തതെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## എറണാകുളം മഹാരാജാസ് കോളേജിന് സ്ഥിരമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം

1509 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക ഗവൺമെന്റ് ഓട്ടോണമസ് കോളേജായ എറണാകുളം മഹാരാജാസിൽ ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം നിലവിലില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓട്ടോണമസ് കോളേജിന് അനുയോജ്യമായ വിധത്തിൽ സ്ഥിരമായ ഒരു സോഫ്റ്റ്‌വെയർ സംവിധാനം പ്രസ്തുത കോളേജിൽ നടപ്പിലാക്കുന്നതിനും സ്ഥിരമായ ഒരു സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## നിലമ്പൂർ ഗവൺമെൻറ് കോളേജിന്റെ കെട്ടിടനിർമ്മാണം

1510 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെക്കാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന നിലമ്പൂർ ഗവൺമെന്റ് കോളേജിന് ആവശ്യമായ സ്ഥലമേറ്റെടുക്കൽ പൂർത്തിയായെങ്കിലും കെട്ടിടനിർമ്മാണം നാളിതുവരെ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ തൊഴിൽ സാധ്യതയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സിന് കെട്ടിട നിർമ്മാണം</u>

1511 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സിന് കെട്ടിട നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി ഉന്നതവിദ്യാഭ്യാസ വകുപ്പും കേരള യൂണിവേഴ്സിറ്റിയും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

## <u>വൈസ് ചാൻസലർമാരുടെ നിയമനം</u>

1512 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എ.എ.സി.(NAAC) അക്രഡിറ്റേഷൻ ഇല്ലാത്ത സർക്കാർ എയ്ഡഡ് കോളേജുകളുടെ എണ്ണം എത്ര; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം സെർച്ച് കം സെലക്ഷൻ കമ്മിറ്റി നിർദ്ദേശാനുസരണമാണോ; വിശദമാക്കാമോ;

(സി) വൈസ് ചാൻസലർ നിയമനത്തിൽ യു.ജി.സി. നിർദ്ദേശങ്ങളും ബന്ധപ്പെട്ട സർവ്വകലാശാല നിയമങ്ങളും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ഏത് വ്യവസ്ഥയാണ് സർക്കാർ അംഗീകരിക്കുന്നത്; വിശദമാക്കാമോ;

(ഡി) വൈസ് ചാൻസലർ നിയമനത്തിനായി സെർച്ച് കമ്മിറ്റി രൂപീകരണം മുതൽ നിയമനം വരെയുള്ള ഓരോ ഘട്ടത്തിലും സർക്കാരിന്റെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വൈസ് ചാൻസലർ ഇല്ലാതെ പ്രവർത്തിക്കുന്ന സർവകലാശാലകൾ കേരളത്തിൽ ഉണ്ടോ; വിശദമാക്കാമോ?

**സ്വകാര്യ സർവകലാശാല ബിൽ**

1513 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭ പാസ്സാക്കിയ ബില്ല് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബില്ല് പിൻവലിക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ്**

1514 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലഞ്ഞൂർ, കോന്നി എന്നിവിടങ്ങളിലെ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജുകളിൽ നിലവിൽ ഏതൊക്കെ കോഴ്സുകളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ള കോഴ്സുകൾക്ക് പുറമേ എ.ഐ. ഉൾപ്പെടെയുള്ള പുതിയകാല ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) രണ്ടു കോളേജിലും എത്ര വിദ്യാർത്ഥികളാണ് പഠനം നടത്തുന്നതെന്ന് അറിയിക്കാമോ?

**അരുവിക്കര മണ്ഡലത്തിൽ സർക്കാർ കോളേജ്**

1515 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സർക്കാർ കോളേജുകൾ ഇല്ലാത്തതിനാൽ ഈ പ്രദേശത്തെ ആദിവാസി മേഖലയിലെ കുട്ടികൾ ഉൾപ്പടെയുള്ള വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ഈ മണ്ഡലത്തിലെ കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഗണിച്ച് ഒരു ട്രൈബൽ ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കുന്നത് പരിഗണിക്കുമോ?

**കോളേജുകളിലെ പുതിയ കോഴ്സുകളിലെ അധ്യാപക നിയമനം**

1516 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ 203/2026/HEDN നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ച പുതിയ കോഴ്സുകളിൽ അധ്യാപക നിയമനം ആദ്യഘട്ടത്തിൽ എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്ന പുതുതലമുറ കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**സിവിൽ സർവീസ് അക്കാദമി**

1517 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവീസ് അക്കാദമിയുടെ കീഴിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതെന്നും ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ കേന്ദ്രത്തിലും ആകെയുള്ള സീറ്റുകളുടെ എണ്ണവും നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത്;

(ഡി) ചെങ്ങന്നൂർ സിവിൽ സർവീസ് അക്കാദമി ഉപകേന്ദ്രത്തിൽ പ്രധാന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉപകേന്ദ്രത്തിലെ സൗകര്യങ്ങൾ പരിഗണിച്ച് വിദേശഭാഷാ പഠനകേന്ദ്രം കൂടി ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ കിഫ്ബി മുഖേന ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ**

1518 **ശ്രീ. കെ. ജയന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൻകീഴിൽ കിഫ്ബി മുഖേന ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ ഇനം തിരിച്ച് വിശദമാക്കാമോ;

(സി) കെട്ടിട നിർമാണം പൂർത്തീകരിച്ചിട്ടും പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ പത്ത് വർഷങ്ങളിലായി കിഫ്ബി മുഖേന കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഏറ്റെടുത്ത പദ്ധതികളുടെ ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പൂർത്തിയായ കെട്ടിടങ്ങൾ വിദ്യാർത്ഥികൾക്ക് തുറന്നു കൊടുക്കാത്തതിന്റെ കാരണത്തെക്കുറിച്ചും നിർമ്മാണത്തിലെ അപാകതകളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കാമോ?

## തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ തസ്തികകൾ

1519 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത തസ്തികകളുടെ ജോലി എന്തൊക്കെയാണെന്നും അറിയിക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി, യോഗ്യത എന്നിവ അറിയിക്കാമോ; സ്ഥാനക്കയറ്റം നൽകുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സ്ഥാനക്കയറ്റങ്ങൾ മാനദണ്ഡപ്രകാരം നൽകുന്നില്ല എന്നും കാഷ് കൗണ്ടർ ഉൾപ്പെടെ മറ്റുജീവനക്കാരാണ് കൈകാര്യം ചെയ്യുന്നതെന്നുമുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച പരിഹാര നടപടികൾ അറിയിക്കാമോ?

**പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതി**

1520 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ പ്രധാനമന്ത്രി വിദ്യാലക്ഷ്മി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിലേക്കായി സംസ്ഥാനത്തു നിന്ന് എത്ര കോളേജ്/ യൂണിവേഴ്സിറ്റി/മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുണ്ട്; നിർദ്ദേശിച്ച സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കാമോ;

(ബി) എൻ.ഐ.ആർ.എഫ്.റാങ്കിങ്ങിൽ 101 നും 200 നും ഇടയിൽ റാങ്കുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്കാണ് വിദ്യാലക്ഷ്മി പദ്ധതി പ്രകാരം ലോൺ സൗകര്യം ലഭിക്കുന്നത് എന്നിരിക്കെ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗ് മെച്ചപ്പെടുത്തുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കിയ 2024 മുതൽ എത്ര കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വിദ്യാലക്ഷ്മി പദ്ധതിയുടെ പങ്കാളികളായ സംസ്ഥാന സഹകരണ ബാങ്ക്, റീജണൽ ഗ്രാമീണ ബാങ്ക് എന്നിവയിലൂടെ എത്ര വിദ്യാർത്ഥികൾക്ക് വിദ്യാലക്ഷ്മി പദ്ധതി പ്രകാരമുള്ള ലോൺ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്; ബാങ്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**മഞ്ചേരിയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജ്**

1521 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി സംസ്ഥാന ബജറ്റിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർ നടപടികൾ വേഗത്തിലാക്കുമോ;

(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനായി മഞ്ചേരി ജൂനിയർ ടെക്നിക്കൽ സ്കൂൾ (ജെ.ടി.എസ്.) കോമ്പൗണ്ടിൽ അനുയോജ്യമായ സ്ഥലം ലഭ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി കോളേജ് സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ നടപടി**

1522 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ പ്രൊപ്പോസലിന്മേൽ (എൽ.2 /220/2023/ഉ.വി.വ ) ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാമോ?

**നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിനാവശ്യമായ സ്ഥിരം തസ്തികകൾ**

1523 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ മണ്ഡലത്തിലെ നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിൽ ആരംഭിച്ച സിവിൽ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിൽ എത്ര വിദ്യാർത്ഥിനികൾ പഠിച്ചുവരുന്നുണ്ടെന്നും പ്രസ്തുത വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സ്ഥിരം അധ്യാപക-അനധ്യാപക തസ്തികകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന് ആവശ്യമായ സ്ഥിരം അധ്യാപക-അനധ്യാപക തസ്തികകൾ നിലവിൽ അനുവദിച്ചിട്ടില്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമൂലം അക്കാദമിക പ്രവർത്തനങ്ങളിലോ വിദ്യാർത്ഥികളുടെ പഠനസൗകര്യങ്ങളിലോ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(സി) സിവിൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ

അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) വിദ്യാർത്ഥിനികളുടെ പഠനസൗകര്യവും കോഴ്സിന്റെ അക്കാദമിക നിലവാരവും ഉറപ്പാക്കുന്നതിനായി നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിലെ സിവിൽ എൻജിനീയറിംഗ് വിഭാഗത്തിനാവശ്യമായ സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മുക്കം ഗവൺമെന്റ് പോളിടെക്നിക്ക്</u>

1524 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയിൽ പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന മുക്കം ഗവൺമെന്റ് പോളിടെക്നിക് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) നിലവിൽ ഇതിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(സി) അടുത്ത അധ്യയന വർഷമെങ്കിലും ഇത് ആരംഭിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് വേണ്ടി ഒരു ഉന്നതതല യോഗം വിളിച്ച് നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായത് ചെയ്യുമോ;

(ഇ) മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടി സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ (സ്പെഷ്യൽ ഓഫീസർ, സീനിയർ ക്ലർക്ക്) ആരെല്ലാമാണെന്ന് അറിയിക്കാമോ?

<u>മഞ്ചേശ്വരം താലൂക്കിൽ പുതിയ ഗവൺമെന്റ് പോളിടെക്നിക് കോളേജ്</u>

1525 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനും 2027-28 അദ്ധ്യയനവർഷത്തിൽ തന്നെ ക്ലാസുകൾ ആരംഭിക്കുന്നതിനും ആവശ്യമായ ഭരണാനുമതിയും മറ്റ് അനുബന്ധ നടപടികളും വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മോഡൽ റസിസൻഷ്യൽ പോളിടെക്നിക് കോളേജ്</u>**

1526 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ മൂന്ന് കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ശ്രീനാരായണ കോളേജിലെ സെന്റർ ഫോർ സ്കിൽ ഡവലപ്മെന്റ് കോഴ്സ് & കരിയർ പ്ലാനിംഗ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) നിലവിൽ ഈ സ്ഥാപനത്തിൽ എത്ര പരിശീലനാർത്ഥികൾ ഉണ്ട് എന്നറിയിക്കാമോ;

(ഇ) മുൻകാലങ്ങളിൽ ഇവിടെ നിന്നും പരിശീലനം പൂർത്തിയാക്കിയവരിൽ എത്ര പേർക്ക് വിവിധ തൊഴിൽ മേഖലകളിലേക്ക് പ്രവേശനം നേടുവാൻ സാധിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ?

**<u>ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിടനിർമ്മാണം</u>**

1527 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട നിർമ്മാണത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>കാവാലം ഗവണ്മെന്റ് ടെക്നിക്കൽ സ്കൂളിന് കെട്ടിടം</u>**

1528 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവാലം ഗവണ്മെന്റ് ടെക്നിക്കൽ സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിനായി എത്ര സ്ഥലം (ആർ വസ്തു )ഏറ്റെടുത്തിട്ടുണ്ടെന്നും ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ കെട്ടിട നിർമ്മാണത്തിനായുള്ള അടുത്ത നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്ലാനും എസ്റ്റിമേറ്റും ആരുടെ നിർദ്ദേശപ്രകാരമാണ് തയ്യാറാക്കേണ്ടതെന്നും, ആരാണ് തയ്യാറാക്കേണ്ടതെന്നും വ്യക്തമാക്കാമോ; ഇതിനായി നിലവിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കാമോ?

<u>പി .എച്ച്.ഡി. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ്</u>

1529 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളസ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ.) പി.എച്ച് .ഡി. വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ് തുക മാസങ്ങളായി ലഭ്യമാകാത്ത സാഹര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസമാണ് കുടിശ്ശിക ആയിട്ടുള്ളതെന്നും കുടിശ്ശികയായതിനുള്ള കാരണവും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കുടിശ്ശിക പി.എച്ച്.ഡി. വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ടെക്നിക്കൽ ഹൈസ്കൂളുകളിലെ പി.ടി.എ.</u>

1530 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ രക്ഷാകർത്താക്കളിൽ നിന്നുള്ള പ്രതിനിധികൾക്ക് പകരം പി.ടി.എ. പ്രസിഡണ്ടുമാരായി പ്രധാനധ്യാപകൻ അഥവാ സൂപ്രണ്ട് തന്നെ സ്ഥാനമേൽക്കുന്നത്

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള നടപടികൾ തിരുത്തുന്നതിന് ആവശ്യമായ ഉത്തരവുകൾ നൽകുമോ;

(ബി) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ പി.ടി.എ. പ്രസിഡണ്ടായി സൂപ്രണ്ടിനെ തന്നെ തെരഞ്ഞെടുക്കണമെന്ന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കാമോ;

(സി) ടെക്നിക്കൽ ഹൈസ്കൂളുകളിലെ പി.ടി.എ. എക്സിക്യൂട്ടീവ് അംഗങ്ങളിൽ രക്ഷാകർത്താക്കളെക്കാൾ കൂടുതൽ അധ്യാപക പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ അന്ധരായ അധ്യാപകർ അധ്യയനം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് കൈകാര്യം ചെയ്യാൻ സാധിക്കുന്ന ബ്രെയിലി ലിപി ഉപയോഗിച്ചുള്ള പുസ്തകം ലഭ്യമാക്കിയിട്ടുണ്ടോ?

(ഇ) കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ</u>

1531 **ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിനൊപ്പവും ശേഷവും ജോലി നേടുകയെന്ന ലക്ഷ്യത്തോടെ വിദേശത്തേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന് ബദലായി അവർക്ക് വിദേശത്ത് ലഭിക്കുന്ന അറിവിനും അവസരങ്ങൾക്കും തുല്യമായ സാധ്യതകൾ സംസ്ഥാനത്തുതന്നെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് വ്യവസായ-അക്കാദമിക് സഹകരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; അറിയിക്കാമോ;

(ബി) ഇന്നത്തെ വിദ്യാർത്ഥിയെ ഭാവിയിലേക്ക് പ്രാപ്തനാക്കുംവിധം എ.ഐ., ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി, റോബോട്ടിക്സ് എന്നിവ ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ഭാവിവികസനം ഗവേഷണാധിഷ്ഠിതമായിരിക്കണമെന്ന കാഴ്ചപ്പാടോടെ സർവകലാശാലകളിലെ ഗവേഷണ മേഖലകളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഏതൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ഡി) ആർജ്ജിച്ച അറിവ് സംരംഭകത്വത്തിലേക്ക് പരിവർത്തനം ചെയ്യാൻ വിദ്യാർഥികൾക്ക് എന്തെല്ലാം പിന്തുണയാണ് സർക്കാർ നൽകുകയെന്ന് വ്യക്തമാക്കാമോ?

### ഐ.എച്ച്.ആർ.ഡി. പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ

1532 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കപ്രശ്ശേരി എം.റ്റി.എച്ച്.എസ്.എസ്., ആലുവ ടെക്നിക്കൽ എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിൽ ഐ.എച്ച്.ആർ.ഡി. പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

### കൂത്തുപറമ്പ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് (ഐ .എച്ച് .ആർ .ഡി .)

1533 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ നിയോജക മണ്ഡലത്തിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് അഞ്ച് ഏക്കർ ഭൂമി ലഭ്യമാണെങ്കിലും പര്യാപ്തമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം വിദ്യാർത്ഥികൾ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാർ മേഖലയിൽ വർഷങ്ങളായി മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന ഈ സ്ഥാപനത്തിന് ചുറ്റുമതിൽ, സ്റ്റേഡിയം, കോൺഫറൻസ് ഹാൾ, ഓഡിറ്റോറിയം, ഹോസ്റ്റൽ എന്നിവ നിർമ്മിക്കുന്നതിനായി തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

**കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം**

1534 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ (കെ.എസ്.എസ്.ടി.എം) സബ് സെന്ററുകളായ സയൻസ് സിറ്റി കോട്ടയം, റീജിയണൽ സെന്റർ ചാലക്കുടി, റീജിയണൽ സെന്റർ പരപ്പനങ്ങാടി എന്നിവയുടെ നിർമ്മാണമാരംഭിച്ചതെന്നാണെന്നും പദ്ധതി തുകയുൾപ്പടെയുള്ള വിശദാംശവും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ പ്ലാനറ്റോറിയം ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് ഉയർന്നു വന്നിട്ടുള്ള വിജിലൻസ് കേസുകൾ, അന്വേഷണങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുട്ടികൾക്കും യുവതലമുറയ്ക്കും ഏറെ പ്രയോജനകരമായ ഇത്തരം ശാസ്ത്രവിദ്യാഭ്യാസ പദ്ധതികളുടെ നടത്തിപ്പിലും നിർമ്മാണത്തിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അലംഭാവം, കാലതാമസം എന്നിവയും കണ്ടെത്തിയ വീഴ്ചകളിൽ നടപടി സ്വീകരിക്കുന്നതിലെ കാലതാമസവും ഗൗരവമായി കാണുമോ; പ്രസ്തുത വിഷയത്തിൽ ഓഡിറ്റിലേയും വിജിലൻസ് റിപ്പോർട്ടിലേയും കണ്ടെത്തലുകളിന്മേലുള്ള നടപടി വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**സ്വാശ്രയ കേളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ**

1535 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഉൾപ്പടെ പ്രവർത്തിയ്ക്കുന്ന സ്വാശ്രയ കേളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ ലഭിയ്ക്കാത്തത് മൂലമുള്ള പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അഫിലിയേഷൻ ലഭിയ്ക്കാത്തത് മൂലം സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യമുൾപ്പടെയുള്ളവയ്ക്ക് ഗ്രാന്റ് ഉൾപ്പടെയുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും അക്കാദമിക വികസനത്തിനും തടസ്സമാകുന്നുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് സർവ്വകലാശാലകളുടെ ബന്ധപ്പെട്ട നിയമത്തിലും സ്റ്റാറ്റ്യൂട്ടുകളിലും റഗുലേഷനിലും ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**വിദേശ ഉപരിപഠനവും ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളും**

1536 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ പത്തു വർഷക്കാലയളവിൽ (2016-2026) കേരളത്തിൽ നിന്നും ഉപരിപഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് പോയ വിദ്യാർത്ഥികളുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന എന്തെല്ലാം പോരായ്മകളും പരിമിതികളും മൂലമാണ് കേരളത്തിൽ നിന്നും ഇത്രയധികം വിദ്യാർത്ഥികൾ വിദേശത്തേക്ക് പഠനത്തിനായി പോകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും, വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയുന്നതിനുമായി സർക്കാർ എന്തെല്ലാം അടിസ്ഥാന സൗകര്യ

വികസന പ്രവൃത്തികളും നയരൂപീകരണങ്ങളുമാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ഡി) 2016 മുതൽ 2026 വരെയുള്ള അധ്യയനവർഷങ്ങളിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എത്ര റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) പ്രസ്തുത അധ്യയനവർഷങ്ങളിൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലെ റാഗിംഗ് കേസുകൾ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും സംസ്ഥാനത്തെ ക്യാമ്പസുകളിൽ നിന്നും അകറ്റിനിർത്തുന്നതായി റിപ്പോർട്ടുകൾ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഉന്നതവിദ്യാഭ്യാസമേഖലയിലെ വിദൂരവിദ്യാഭ്യാസ സംവിധാനം

1537 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളിൽ നിലവിൽ വിദൂര വിദ്യാഭ്യാസ സംവിധാനം നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) വിദൂര വിദ്യാഭ്യാസ സംവിധാനത്തിന് വേണ്ടി മാത്രം സംസ്ഥാനത്ത് സർവ്വകലാശാല സ്ഥാപിച്ചത് കൊണ്ട് മറ്റു സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ സംവിധാനം ഏർപ്പെടുത്തുന്നതിനു നിയമപരമായ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോയെന്ന് വിശദമാക്കുമോ;

(സി) വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കോഴ്സുകൾ നടത്തുന്നതിന് കേരളത്തിലെ താൽപര്യപ്പെടുന്ന റെഗുലർ സർവകലാശാലകൾക്ക് അനുമതി നൽകുമോയെന്ന് അറിയിക്കാമോ?

## പാഠ്യപദ്ധതി പരിഷ്കരണവും നൈപുണ്യ വികസനവും

1538 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നാല് വർഷ ബിരുദ കോഴ്സുകൾ (എഫ്.വൈ.യു.ജി.പി.) നടപ്പിലാക്കിയതിന്റെ പുരോഗതിയും വിലയിരുത്തലുകളും വ്യക്തമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വിപണിയിലെ പുതിയ മാറ്റങ്ങൾക്ക് അനുസൃതമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് മുതലായവ ഉൾപ്പെടെ ആധുനിക കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ വികസനം**</u>

1539 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സർവ്വകലാശാലയുടെ വികസനം ഉറപ്പാക്കുന്നതിനുമായി നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് സ്ഥിരം ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തൽ, ഭരണാനുമതി, സാങ്കേതികാനുമതി, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കാമോ;

(സി) നിലവിൽ സർവ്വകലാശാലയിൽ നടത്തിവരുന്ന ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ എണ്ണം, വിഷയങ്ങൾ, ഓരോ കോഴ്സിനും നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം എന്നിവ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ; കൂടുതൽ വിഷയങ്ങളിൽ കോഴ്സുകൾ ആരംഭിക്കുന്നതിന് സർവ്വകലാശാല സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ വിഭാഗം പഠിതാക്കൾക്കും പ്രത്യേകിച്ച് ജോലി ചെയ്യുന്നവർക്കും പഠനം ഇടയ്ക്ക് നിർത്തിയവർക്കും ഉന്നതവിദ്യാഭ്യാസം

നേടുന്നതിനും തുടർപഠനത്തിനും കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി സർവ്വകലാശാലയുടെ ലേണർ സപ്പോർട്ട് സെന്ററുകൾ, ഡിജിറ്റൽ പഠന സൗകര്യങ്ങൾ, അക്കാദമിക അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സർവകലാശാലകളിലെ സാമ്പത്തിക പ്രതിസന്ധി

1540 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സർവകലാശാലകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സർവകലാശാലകൾക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം സഹായമാണ് നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗവേഷണം

1541 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവേഷണ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വ്യവസായ മേഖലയുമായി സഹകരിച്ച് ഗവേഷണ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തിലെ സർവകലാശാലകളിലെ ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗവേഷണ രംഗത്ത് അന്തർദേശീയ സർവകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും സഹകരണം വർധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കോളേജുകളിലെ സമയ ക്രമീകരണം

1542 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും സ്വയം പര്യാപ്തത ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും കോളേജ് പഠനം നടത്തുന്നതോടൊപ്പം ജോലി ചെയ്യുന്നതിനു വേണ്ടി വിദേശരാജ്യങ്ങളിലേത് പോലെ വ്യാപകമായി ഈവനിംഗ് ക്ലാസുകളും/ഹോളിഡേ ബാച്ചുകളും ആരംഭിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഓൺലൈൻ സംവിധാനങ്ങളും വ്യാപകമായ സാഹചര്യങ്ങൾ പരിഗണിച്ച് അതു പ്രയോജനപ്പെടുത്തുന്ന രീതിയിൽ കോളേജ് ക്ലാസ് മുറികളിലെ അധ്യായന രീതികൾ വ്യാപകമായി പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) സിലിക്കൻ വാലിയിലെ യൂണിവേഴ്സിറ്റികളെ മാതൃകയാക്കി പഠനസമയത്തു തന്നെ പരീക്ഷകളേക്കാൾ പ്രാധാന്യം സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനും അതിനാവശ്യമായ ഇന്റേൺഷിപ്പുകളും കമ്പനികളിൽ ഓൺ-ദി-ജോബ് ട്രെയിനിങ് ലഭ്യമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ സർവകലാശാലകളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഡി) വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നതിന്റെ കാരണങ്ങളെ കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കുമോ; വിശദമാക്കാമോ?

<u>**പാഠ്യപദ്ധതി നവീകരണം**</u>

1543 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. അപ്പു ജോൺ ജോസഫ്**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്ഥാപനങ്ങളിലും സർവകലാശാലകളിലും നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുന്നത് പരിഗണനയുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സർവകലാശാലകൾ നടത്തുന്ന വ്യത്യസ്തങ്ങളായ കോഴ്സുകൾക്ക് സംസ്ഥാനത്തെ സർവകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ; ഇതിൽ മാറ്റം വരുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ഡി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള സർവകലാശാലകളുടെ വ്യത്യസ്തവും നവീനവുമായ കോഴ്സുകൾക്ക് അംഗീകാരം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സർവകലാശാല നിയമ ഭേദഗതി ബില്ലുകൾ

1544 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി നിയമസഭ പാസ്സാക്കി അംഗീകാരത്തിനായി ഗവർണ്ണർക്ക് സമർപ്പിച്ച ബില്ലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബില്ലുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

## 2016-2026 കാലയളവിലെ പുതിയ കോഴ്സുകൾ

1545 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള സർക്കാരുകളുടെ കാലയളവിൽ കേരളത്തിൽ ആരംഭിച്ചിട്ടുള്ള പുതിയ വിദ്യാഭ്യാസ കോഴ്സുകൾ ഏതെല്ലാമാണ് സ്വകാര്യ, എയ്ഡഡ്, സർക്കാർ എന്നിങ്ങനെ മേഖല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പഠിതാക്കളില്ലാത്തതുമൂലം ബാച്ചുകൾ ഉപേക്ഷിക്കേണ്ടി വന്ന കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ആകെ എത്ര സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; വർഷം തിരിച്ച് കണക്ക്

ലഭ്യമാക്കുമോ?

**കാലിക്കറ്റ് സർവകലാശാലയിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ**

1546 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിലെ ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച എസ്റ്റിമേറ്റ് തുക, സർവകലാശാല പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ നിക്ഷേപിച്ച തുക എന്നിവയുടെ വിശദാംശം പ്രവൃത്തി തിരിച്ച് ലഭ്യമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിനെ ഏല്പിച്ച പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ച വർഷം, പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ, പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം,ഓരോ പ്രവൃത്തികൾക്കും സർവകലാശാല ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പ് മുഖേന പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാർ സ്ഥാപനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി സർവകലാശാലയിലെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേര്, പദവി എന്നിവ ലഭ്യമാക്കാമോ?

**പേരാമ്പ്ര വില്ലേജിൽ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം**

1547 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിൽ കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കെട്ടിടം പണിയുന്നതിനായി വിശദമായ പദ്ധതി അടങ്കൽ സർവകലാശാല തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പുതിയ കെട്ടിടത്തിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും ആയതിനായി എത്ര തുകയുള്ള എസ്റ്റിമേറ്റിനാണ് സർവകലാശാല അംഗീകാരം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മഹാത്മാഗാന്ധി സർവകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി</u>**

1548 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. എം. എസ്. അരുൺ കുമാർ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി സർവകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും, സിൻഡിക്കേറ്റ് യോഗങ്ങളിലും വിവിധ സബ് കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുന്ന അംഗങ്ങളുടെ സിറ്റിങ് ഫീസ് ഒറ്റയടിക്ക് മൂന്നിരട്ടിയായി വർദ്ധിപ്പിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മുൻ സിൻഡിക്കേറ്റ് നടപ്പാക്കാതിരുന്ന ഫീസ് വർദ്ധനവ് നിലവിലെ ഭരണസമിതി അടിച്ചേൽപ്പിച്ചുവെന്ന ആക്ഷേപം വസ്തുതാപരമാണോ;

(സി) സിൻഡിക്കേറ്റ് അംഗങ്ങളിൽ ഭൂരിഭാഗവും കോളേജ് അധ്യാപകരെന്ന നിലയിൽ ഉയർന്ന ശമ്പളം കൈപ്പറ്റുന്നവരാണെന്നിരിക്കെ സർവകലാശാലയുടെ സാമ്പത്തിക ഭദ്രത തകർക്കുന്ന രീതിയിൽ സിൻഡിക്കേറ്റ് നടത്തിയ ഈ ധൂർത്തിന് വകുപ്പിന്റെ മൗനാനുവാദമുണ്ടെന്ന ആക്ഷേപത്തിൽ വ്യക്തത വരുത്താമോ;

(ഡി) സിൻഡിക്കേറ്റ് അംഗങ്ങളുടെ സിറ്റിങ് ഫീസ് കുത്തനെ കൂട്ടിയ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട്, ഉത്തരവ് റദ്ദാക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വിശദമാക്കാമോ?

**<u>കാലിക്കറ്റ് സർവ്വകലാശാലയിലെ കരാർ/ദിവസവേതന നിയമനം</u>**

1549 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ടിന് വിരുദ്ധമായി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി എ.ജി. ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സർവ്വകലാശാല കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ കരാർ/ദിവസവേതന നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## സ്വകാര്യ എൻട്രൻസ് കോച്ചിംഗ് സെന്ററുകളുടെ പ്രവർത്തനം

1550 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻട്രൻസ് കോച്ചിംഗ് എന്ന പേരിൽ സ്വകാര്യ സ്ഥാപനങ്ങൾ വൻതോതിൽ ഫീസ് ഈടാക്കി കോച്ചിംഗ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകളോ നിയമങ്ങളോ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിന് ഏതെങ്കിലും രീതിയിലുള്ള ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ പരിശീലന കേന്ദ്രങ്ങളെ ആശ്രയിക്കാതെ, സംസ്ഥാനത്തെ എത്ര വിദ്യാർത്ഥികൾക്കാണ് നീറ്റ്, ജെ.ഇ.ഇ. അഡ്വാൻസ്ഡ് തുടങ്ങിയ പ്രവേശന പരീക്ഷകൾ വഴി പ്രവേശനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കണക്കുകൾ സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷകൾക്ക് ആവശ്യമായ സൗജന്യ പരിശീലനം നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (അസാപ് - കേരളം) പ്രവർത്തനങ്ങൾ**

1551 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെ അഡിഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ് - കേരളം) മുഖേന എത്ര വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ടെന്നും ഇതിന്റെ കോഴ്സ് തിരിച്ചും ജില്ല തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പരിശീലനം പൂർത്തിയാക്കിയവരിൽ തൊഴിൽ ലഭിച്ചവരുടെയും സ്വയംതൊഴിൽ കണ്ടെത്തിയവരുടെയും എണ്ണം എത്രയാണെന്നും തൊഴിൽ ലഭ്യത നിരീക്ഷിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്നും വ്യക്തമാക്കാമോ;

(സി) അസാപ് കേരളം വഴി നടപ്പിലാക്കുന്ന നൂതനവും വ്യവസായാധിഷ്ഠിതവുമായ കോഴ്സുകൾ ഏതെല്ലാമാണെന്നും നിലവിൽ വ്യവസായ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള ധാരണാപത്രങ്ങളുടെയും പങ്കാളിത്തങ്ങളുടെയും എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പരിശീലനത്തിന്റെ ഗുണനിലവാരം, പരിശീലകരുടെ യോഗ്യത, സർട്ടിഫിക്കേഷന്റെ അംഗീകാരം, പരിശീലനം നേടിയവരുടെ തൊഴിൽലഭ്യത എന്നിവ സ്വതന്ത്രമായി വിലയിരുത്തുന്നതിനുള്ള സംവിധാനവും, കഴിഞ്ഞ അഞ്ച് വർഷത്തെ പദ്ധതിയുടെ ആകെ ചെലവും ബജറ്റ് വിഹിതവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

**പ്രതിഭാധനരായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി**

1552 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പ്രതിഭാധനരായ വിദ്യാർത്ഥികളുടെ കഴിവുകളും നൂതന ആശയങ്ങളും ഗവേഷണ മികവും സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനും തൊഴിൽസാധ്യതകൾ സൃഷ്ടിക്കുന്നതിനുമായി പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച പദ്ധതി നിലവിലുണ്ടെങ്കിൽ പ്രസ്തുത പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടത്തിയ പ്രവൃത്തികൾ**

1553 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) സ്പോർട്സ് കേരള ഫൗണ്ടേഷൻ നവീകരിച്ച എറണാകുളം മഹാരാജാസ് കോളേജിലെ സിന്തറ്റിക്ക് ട്രാക്കിന്റെ അലുമിനിയം ബോർഡർ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പൽ അറിയിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**അർജന്റീന ടീമിനെ കേരളത്തിൽ കൊണ്ട് വരാനുള്ള കരാർ**

1554 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ഫുട്ബോൾ അസോസിയേഷന് (എ.എഫ്.എ.) സ്പോൺസർമാർ നൽകിയതായി പറയപ്പെടുന്ന 126 കോടി രൂപയ്ക്ക് ഔദ്യോഗികമായ തെളിവുകൾ ഇല്ല എന്ന് അന്വേഷണ റിപ്പോർട്ട് പ്രകാരം പറയപ്പെടുന്ന ഈ തുക കൈമാറിയതിന്റെ കൃത്യമായ രേഖകൾ ലഭ്യമാക്കാമോ;

(ബി) ഈ മത്സരത്തിനായി ആകെ കണക്കാക്കിയിരുന്ന ₹250 കോടി ബഡ്ജറ്റ് സമാഹരിക്കാൻ മുൻ സർക്കാർ ഉദ്ദേശിച്ചിരുന്ന വ്യക്തമായ സ്രോതസ്സുകൾ ഏതൊക്കെയായിരുന്നു;

(സി) സ്വകാര്യ വ്യക്തികൾക്കോ ചാനലുകൾക്കോ സാമ്പത്തിക ലാഭമുണ്ടാക്കാൻ സർക്കാർ സംവിധാനങ്ങൾ ദുരുപയോഗം ചെയ്തു എന്ന്

ഉയരുന്ന ആരോപണങ്ങളിൽ വ്യക്തമായ അന്വേഷണം നടത്താനാകുമോ;

(ഡി) ഈ ഇവന്റിന്റെ സ്പോൺസർഷിപ്പ് ഒരു സ്വകാര്യ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് മാത്രം ഏകപക്ഷീയമായി നൽകി എന്ന് ഉയരുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരമായിരുന്നെങ്കിൽ ആയതിനു പിന്നിലെ മാനദണ്ഡം എന്തായിരുന്നു?

**<u>ജി.വി. രാജ സ്പോർട്സ് സ്കൂളിൽ പുതിയവികസന പ്രവർത്തനങ്ങൾ</u>**

1555 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ ജി.വി. രാജ സ്പോർട്സ് സ്കൂളിൽ പുതിയ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഗ്രാസ് കോർട്ട് നിർമ്മിക്കുന്നതിനും ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ ഭൂമി ഏറ്റെടുത്ത് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഒറ്റപ്പാലം നഗരസഭാ ജിംനേഷ്യം നിർമ്മാണ പുരോഗതിയും കരാർ നടപടികളും</u>**

1556 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് മുഖേന ഒറ്റപ്പാലം മണ്ഡലത്തിലെ ഒറ്റപ്പാലം നഗരസഭയിൽ നിർമ്മാണ പ്രവൃത്തി നടത്തിവരുന്ന ഒറ്റപ്പാലം ജിംനേഷ്യം നിലവിൽ ഏത് ഘട്ടത്തിലാണുള്ളത്; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കരാറുകാരനെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ചാലക്കുടി മോഡൽ ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം</u>**

1557 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു &

പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവ. മോഡൽ ബോയ്സ് ഹൈസ്കൂളിലെ ഗ്രൗണ്ടിന്റെയും പവലിയന്റെയും നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദാംശവും എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായുള്ള ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**<u>ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോഗ്രാമും കളിക്കള വികസനവും</u>**

1558 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും കായിക പ്രതിഭകളെ കണ്ടെത്താനുള്ള ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കളിക്കളങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; പ്രസ്തുത പദ്ധതി തുടരാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി</u>**

1559 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ബജറ്റിൽ വകയിരുത്തി കായിക വകുപ്പ് നടപ്പിലാക്കിവരുന്ന തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി കെ.സി.പി. എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരണം**

1560 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നവീകരിക്കുന്നതിനായി 2025-26 വർഷത്തെ ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപയുടെ പ്രവൃത്തി കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണം**

1561 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി.എസ്. ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ തടസ്സപ്പെട്ട് കിടക്കുകയാണോ; എങ്കിൽ കാരണം അറിയിക്കുമോ;

(സി) മേൽപ്പറഞ്ഞ പദ്ധതി എന്നത്തേക്ക് പൂർണ്ണമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**തലശ്ശേരി മണ്ഡലത്തിലെ കതിരൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണം**

1562 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ), വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമനമ്പർ 512 ആയി

കായിക വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂരിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ ഏന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**അർജന്റീന ഫുട്ബാൾ ടീമിന്റെ സ്പോൺസർ**</u>

1563 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ഫുട്ബാൾ ടീമിനെ കേരളത്തിൽ എത്തിക്കുന്നതിന് സ്പോൺസറെ തെരഞ്ഞെടുക്കാൻ മുൻ സർക്കാർ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) സ്പോൺസറെ തിരഞ്ഞെടുക്കുന്നതിനായി താല്പര്യപത്രം ക്ഷണിച്ചിരുന്നോ; അതിനായി പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അർജന്റീന ഫുട്ബാൾ ടീം കേരളത്തിൽ എത്താതിരുന്നതിന്റെ കാരണം എന്താണെന്ന് അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>**കായിക വകുപ്പിന്റെ വിവിധ പദ്ധതികളും സ്റ്റേഡിയം നിർമ്മാണവും**</u>

1564 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി ഓരോ പ്രവൃത്തിക്കും പരമാവധി അനുവദിക്കാവുന്ന തുക എത്രയാണെന്നും പ്രസ്തുത തുക അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

<u>പുനലൂർ മണ്ഡലത്തിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതികൾ</u>

1565 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക-യുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷന്റെ നിർവ്വഹണ ചുമതലയിൽ പുനലൂർ മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം കളിസ്ഥലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) സ്പോർട്സ് കേരള ഫൗണ്ടേഷന്റെ നിർവ്വഹണ ചുമതലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് ഭരണാനുമതി വാങ്ങേണ്ട പ്രവൃത്തികൾ പുനലൂർ മണ്ഡലത്തിൽ അവശേഷിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

<u>തളിപ്പറമ്പ് മണ്ഡലത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി</u>

1566 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ വഴി നടപ്പിലാക്കുന്ന വിവിധ കായിക വികസന പ്രവൃത്തികളുടെ നിലവിലെ ഭൗതിക, സാമ്പത്തിക പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി ആവശ്യമായ ഭൂമി കൈമാറ്റ നടപടികളും ബജറ്റ്/ഒ.പി-ഒ.പി.ജി ഫണ്ട് ലഭ്യമാക്കലും പൂർത്തിയായിട്ടുണ്ടോയെന്ന്

വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതിയും അവ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന തീയതിയും വ്യക്തമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക വികസന പദ്ധതികൾ</u>**

1567 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കായിക വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ കായിക വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ നടന്നു കൊണ്ടിരിക്കുന്ന കായിക വികസന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ കായിക പദ്ധതികളുടെ പുരോഗതി</u>**

1568 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ആലത്തൂർ അക്വാട്ടിക്ക് അക്കാദമിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിദശമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ എന്തൊക്കെ പ്രയോജനങ്ങളാണ് നാടിന് ലഭിക്കുക; എന്തൊക്കെ സജ്ജീകരണങ്ങളാണ് പ്രസ്തുത അക്കാദമിയിൽ വിഭാവനം ചെയ്തിട്ടുള്ളത്; വിദശമാക്കാമോ;

(സി) സി.എം.വി. എച്ച്.എസ്.എസ്. വണ്ടാഴിയിലെ മൈതാനത്തിന്റെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണോ; എങ്കിൽ

നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാംരംഭിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ?

## ഗവ. ബി.എച്ച്.എസ്.എസ്. കളിസ്ഥല വികസന പദ്ധതി

1569 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ തുക വകയിരുത്തിയ നെന്മാറ ഗവ. ബി.എച്ച്.എസ്.എസ്. കളിസ്ഥല വികസന പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ എത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കളിസ്ഥല വികസന പദ്ധതിക്ക് ആവശ്യമായ തുടർനടപടികൾ അടിയന്തരമായി പൂർത്തിയാക്കി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കൊടുവായൂർ ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസനം

1570 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നെന്മാറ മണ്ഡലത്തിലെ കൊടുവായൂർ ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് വികസനത്തിനായി നടപ്പിലാക്കി വരുന്ന പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**അയിലൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല വികസന പദ്ധതി**

1571 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ അയിലൂർ ഗ്രാമപഞ്ചായത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കുന്ന കളിസ്ഥല വികസന പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയെന്നും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിനു കീഴിലുള്ള പ്രവൃത്തികൾ**

1572 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിനു കീഴിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**ഓപ്പറേഷൻ കളരി**

1573 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായിക മേഖലയുടെ സമഗ്ര വികസനത്തിനായി ഓപ്പറേഷൻ കളരി എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കായികതാരങ്ങൾക്ക് മികച്ച പരിശീലന സൗകര്യങ്ങൾ ഒരുക്കി ഒളിമ്പിക്സ് ഉൾപ്പെടെയുള്ള ദേശീയ-അന്താരാഷ്ട്ര മത്സരങ്ങൾക്ക് പ്രാപ്തമാക്കുക എന്നതാണോ ഓപ്പറേഷൻ കളരി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>പൊതുസ്റ്റേഡിയം നിർമ്മിക്കുവാൻ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി</u>

1574 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിറ്റാണ്ടുകളായി പ്രവർത്തനം നിലച്ച് കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഏക്കർ കണക്കിന് സ്ഥലം കിൻഫ്രക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂരിലെ കായിക പ്രേമികളുടെ ചിരകാല അഭിലാഷമായി നിലനിൽക്കുന്നതും കായികരംഗത്ത് നവ പ്രതിഭകളെ വാർത്തെടുക്കുന്നതിന് ഉതകുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് പത്ത് ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ചെട്ടിപാടം പഞ്ചായത്ത് ഗ്രൗണ്ട് മഡ് ടർഫ് ആയി പരിവർത്തനപ്പെടുത്തുന്നതിന് നടപടി</u>

1575 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളും യുവാക്കളും കായിക പരിശീലനത്തിനായി ആശ്രയിക്കുന്ന ചെട്ടിപാടം പഞ്ചായത്ത് ഗ്രൗണ്ട് സംരക്ഷണഭിത്തി കെട്ടി മഡ് ടർഫ് ആയി പരിവർത്തനപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**സ്പോർട്സ് അതോറിറ്റി ഓഫ് കേരള**

1576 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിൽ സമഗ്രമാറ്റം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ, വിശദാംശം നൽകാമോ;

(ബി) സ്പോർട്സ് അതോറിറ്റി ഓഫ് കേരള രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) കായിക നയത്തിലും പ്രവർത്തന രീതിയിലും ഗണ്യമായ പരിവർത്തനം വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ, വിശദാംശം നൽകാമോ?

**ആലപ്പുഴയിലെ വാട്ടർ സ്പോർട്സ് വികസന പദ്ധതി**

1577 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ കായലുകളും തോടുകളും ഉൾപ്പെടെയുള്ള വിശാലമായ ജലാശയങ്ങളെ പ്രയോജനപ്പെടുത്തി ആലപ്പുഴയെ ഒരു അന്താരാഷ്ട്ര നിലവാരമുള്ള വാട്ടർ സ്പോർട്സ് ഹബ്ബ് ആക്കി മാറ്റുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കയാക്കിങ്, തുഴച്ചിൽ (റോവിങ്), ഡ്രാഗൺ ബോട്ട് റേസിങ്, ജെറ്റ് സ്കീയിങ് തുടങ്ങിയ വാട്ടർ സ്പോർട്സ് ഇനങ്ങൾ പരിശീലിക്കുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രാദേശിക കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും അതുവഴി കായിക മേഖലയിലും ടൂറിസം മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**സ്പോർട്സ് വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിങ് വിഭാഗങ്ങൾ ശാക്തീകരിക്കാൻ നടപടി**

1578 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ എഞ്ചിനീയറിങ് വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ ഏജൻസിയുടെയും ചുമതലകൾ, ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ അറിയിക്കാമോ;

(സി) നാഷണൽ ഗെയിംസിനുവേണ്ടി രൂപീകരിച്ച വിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) തിരുവല്ലയിൽ ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന സ്റ്റേഡിയം പദ്ധതി പോലെയുള്ള മെഗാ പദ്ധതികൾ നടപ്പിലാക്കാനായി പ്രസ്തുത എഞ്ചിനീയറിങ് വിഭാഗത്തെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**കായികമേഖലയിൽ സമഗ്രമായ അടിസ്ഥാന സൗകര്യം**

1579 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികസംഘടനകൾ തമ്മിലുള്ള അഭിപ്രായഭിന്നത മൂലം കായികതാരങ്ങൾക്ക് നിർണ്ണായകമായ ടൂർണ്ണമെന്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കായികമേഖലയിൽ സമഗ്രമായ അടിസ്ഥാന സൗകര്യം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ സംവിധാനങ്ങളുമായി കായികസംഘടനകൾ ഒരുമിച്ചുപോകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**അത്‌ലറ്റിക്സ് മേഖലയിലെ പ്രോത്സാഹനവും ബോധവൽക്കരണവും**

1580 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ ജനപ്രിയ കായിക ഇനങ്ങൾക്കൊപ്പം അത്‌ലറ്റിക്സിലെ വിവിധ മത്സരങ്ങളിലേക്ക് (ട്രാക്ക് & ഫീൽഡ്) യുവതലമുറയെ ആകർഷിക്കുന്നതിനായി എന്തെല്ലാം പ്രത്യേക പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) അത്‌ലറ്റിക്സിൽ മികവ് തെളിയിക്കുന്ന കായികതാരങ്ങൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ, ഉപരിപഠനത്തിനുള്ള സ്പോർട്സ് ക്വോട്ട സംവരണം എന്നിവ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(സി) അത്‌ലറ്റിക്സിലുള്ള അനന്തമായ കരിയർ സാധ്യതകളെക്കുറിച്ച് (ദേശീയ/ അന്താരാഷ്ട്ര തലം, കായിക മേഖലയിലെ ജോലി സാധ്യതകൾ) കുട്ടികളെയും രക്ഷിതാക്കളെയും ബോധവാന്മാരാക്കാൻ വകുപ്പ് എന്തെങ്കിലും പ്രത്യേക ക്യാമ്പയിനുകൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സ്കൂൾ-കോളേജ് തലങ്ങളിൽ കായിക കൗൺസിലിന്റെയും അത്‌ലറ്റിക് അസോസിയേഷന്റെയും നേതൃത്വത്തിൽ കരിയർ ഗൈഡൻസ് ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>**മാവേലിക്കര മണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം**</u>

1581 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തൽസ്ഥിതി വിവരം എന്താണ്; അവ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ പഴഞ്ചിറക്കുളം നീന്തൽ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

പുരോഗമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## എസ്.എം.എം.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം

1582 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## സ്കൂൾ ഗ്രൗണ്ട് നവീകരണം

1583 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത നവീകരണ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

## കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

1584 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ(ബജറ്റ് പദ്ധതി) നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി എത്ര ശതമാനമായെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം</u>**

1585 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ പുതിയ ടർഫുകൾ, സ്റ്റേഡിയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപ വീതം നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഒരു പഞ്ചായത്തിന് ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര കളിക്കളങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പുരോഗമിക്കുന്നതും ആരംഭിച്ചിട്ടില്ലാത്തതുമായ കളിക്കളങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതി വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ പദ്ധതിയിൽ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>പന്ന്യന്നൂരിൽ സ്റ്റേഡിയം, നീന്തൽ കുളം, ഫിറ്റ്നസ് സെന്റർ എന്നിവയുടെ നിർമ്മാണം</u>**

1586 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 1616 ആയി തലശ്ശേരി നിയോജകമണ്ഡലത്തിലെ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ കായിക വകുപ്പിനു കീഴിൽ സ്റ്റേഡിയം, നീന്തൽക്കുളം, ഫിറ്റ്നസ് സെന്റർ എന്നിവ നിർമ്മിക്കുന്നതിന് മുപ്പത്തിയാറ് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**കൂത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ**

1587 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലുള്ള പുരോഗതിയും തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് നിലവിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**മലബാർ അന്താരാഷ്ട്ര സ്റ്റേഡിയം പദ്ധതിയും കുന്ദമംഗലത്തെ കളിക്കള നവീകരണവും**

1588 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതിയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മാവൂരിൽ അടഞ്ഞുകിടക്കുന്ന ഗ്വാളിയോർ റയോൺസിന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുത്ത് വിനിയോഗിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഗ്രാമീണ മേഖലകളിൽ നിലവിലുള്ള കളിക്കളങ്ങളും കായിക കേന്ദ്രങ്ങളും നവീകരിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും പ്രവർത്തനവും**

1589 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും ജില്ലാ സ്പോർട്സ് കൗൺസിലുകൾ നിലവിലുണ്ടോയെന്നും അവയുടെ നിലവിലെ അംഗഘടന, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജില്ലാ സ്പോർട്സ് കൗൺസിലിലെ എക്സ്-ഓഫീഷ്യോ, തിരഞ്ഞെടുക്കപ്പെടുന്ന, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളുടെ എണ്ണം, യോഗ്യത, തെരഞ്ഞെടുപ്പ്/നാമനിർദ്ദേശ രീതി, കാലാവധി എന്നിവ സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളും നിയമവ്യവസ്ഥകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ സ്പോർട്സ് കൗൺസിലുകൾ അഞ്ചു വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന നിയമവ്യവസ്ഥ പ്രകാരം, നിലവിലെ കൗൺസിലുകൾ രൂപീകരിച്ച തീയതി, അവസാനമായി പുനഃസംഘടിപ്പിച്ച തീയതി, അടുത്ത പുനഃസംഘടനയ്ക്ക് നിശ്ചയിച്ചിട്ടുള്ള സമയപരിധി എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ യോഗങ്ങൾ, ക്വാറം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രൂപീകരണം, തീരുമാനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പാലിക്കേണ്ട നിയമവ്യവസ്ഥകളും ചട്ടങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഓരോ ജില്ലാ കൗൺസിലും നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങളുടെയും അതിനായി ചെലവഴിച്ച തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനവും വിജിലൻസ് അന്വേഷണവും**

1590 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കേരള സ്പോർട്സ് കൗൺസിൽ ആസ്ഥാനത്തും 14 ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകളിലും വിജിലൻസ് നടത്തിയ പരിശോധനയിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഗ്രാമീണ കായിക വികസനത്തിനായുള്ള കേന്ദ്ര പദ്ധതിയായ പൈക്ക വഴി ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചില്ലെന്നും ചെലവഴിച്ച തുകയിൽ ഭീമമായ ക്രമക്കേടുകൾ ഉണ്ടായതായും കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്പോർട്സ് കൗൺസിൽ മുഖേന വാങ്ങിയ കായിക ഉപകരണങ്ങൾ യഥാസമയം വിതരണം ചെയ്യാതെ സ്റ്റോർ റൂമുകളിൽ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വിജിലൻസ് നടത്തിയ പരിശോധനയിൽ മറ്റെന്തൊക്കെ അപാകതകളാണ് പ്രധാനമായും കണ്ടെത്തിയതെന്നത് വ്യക്തമാക്കാമോ; കുറ്റക്കാർക്കതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## <u>2024-ലെ കായിക ഉച്ചകോടി</u>

1591 **ശ്രീ. പി. കെ. നവാസ്**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ സംഘടിപ്പിച്ച കായിക ഉച്ചകോടിയിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കായിക ഉച്ചകോടിയിലെ ഏതെല്ലാം പ്രഖ്യാപനങ്ങളാണ് നടപ്പിലാക്കാൻ കഴിഞ്ഞത്;

(സി) ഫുട്ബോൾ കോംപ്ലക്സിനും ബാസ്കറ്റ്ബോൾ അക്കാദമിക്കും സാമ്പത്തിക സഹായം നൽകുമെന്ന് അറിയിച്ചിരുന്നോ; എങ്കിൽ എത്ര തുക

സഹായമായി നൽകി; വിശദമാക്കാമോ?

**കായിക ഉച്ചകോടിയെക്കുറിച്ചുള്ള പരാതികൾ**

1592 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ൽ കായികവകുപ്പ് സംഘടിപ്പിച്ച കായിക ഉച്ചകോടിയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിക്ഷേപ വാഗ്ദാനം നൽകി സ്ഥാപനങ്ങളെ മുൻ സർക്കാർ വഞ്ചിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കായിക ഉച്ചകോടിക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിക്ഷേപങ്ങൾ കേരളത്തിൽ വന്നിട്ടുണ്ടോയെന്നും കായിക ഉച്ചകോടിയിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

**സ്പോർട്സ് കൗൺസിലിന്റെ അനാസ്ഥ**

1593 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് ഔദ്യോഗിക യൂണിഫോം ഇല്ലാതെ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കേണ്ടി വന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തിരുവനന്തപുരത്തെ കേരള സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് ലക്ഷങ്ങൾ വിലമതിക്കുന്ന കായിക ഉപകരണങ്ങൾ അർഹരായവർക്ക് വിതരണം ചെയ്യാതെ കൂട്ടിയിട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത്തരത്തിൽ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യകതമാക്കാമോ?

**<u>സ്പോർട്സ് കൗൺസിൽ വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ</u>**

1594 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 53 സ്പോർട്സ് ഹോസ്റ്റലുകളിലായി പരിശീലിക്കുന്ന 1941 കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകേണ്ട ജേഴ്സിയുടെയും സ്പോർട്സ് കിറ്റിന്റെയും വിതരണം നിലച്ചിട്ട് മൂന്നുവർഷത്തിലേറെയായി എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

(ബി) സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷ കാലയളവിൽ വാങ്ങിയിട്ടുള്ള സ്പോർട്സ് ഉപകരണങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) അനാവശ്യമായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി കൂട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുൻവർഷങ്ങളിൽ കായികതാരങ്ങൾക്കായി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വാങ്ങിക്കൂട്ടിയ സ്പോർട്സ് ഉപകരണങ്ങൾ ഗോഡൗണിൽ പൊടി പിടിച്ചു കിടന്നിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ ജി.വി.രാജ സ്പോർട്സ് സ്കൂൾ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി</u>**

1595 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ജി.വി.രാജ സ്പോർട്സ് സ്കൂൾ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി മന്ദഗതിയിൽ ആണന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>**പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതിയും വികസന പദ്ധതികളും**</u>

1596 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് സ്പോർട്സ് കോംപ്ലക്സിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോംപ്ലക്സിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പയ്യനാട് സ്പോർട്സ് കോംപ്ലക്സിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പുതിയ ഏതെങ്കിലും പദ്ധതികളോ മാസ്റ്റർ പ്ലാനോ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോംപ്ലക്സിൽ കായികതാരങ്ങൾക്ക് കൂടുതൽ പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>**മാനവേദൻ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം**</u>

1597 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനേഴ് കോടി രൂപ മുടക്കി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കന്ററി സ്കൂളിൽ നിർമ്മിച്ച സ്റ്റേഡിയവും പവലിയനും കരാർ വ്യവസ്ഥ പ്രകാരമുള്ള കമ്മിറ്റിക്ക് ഇതുവരേയ്ക്കും കൈമാറി നൽകിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ആയതിനാൽ സ്റ്റേഡിയവും പവലിയനും എത്രയും പെട്ടെന്ന് കമ്മിറ്റിക്ക് കൈമാറി നൽകുവാനും ശേഷിക്കുന്ന പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നവീകരണം

1598 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മുനിസിപ്പൽ സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റേഡിയം പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി അനുവദിച്ച ഫണ്ടുകൾ വിനിയോഗിച്ചതിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ചങ്ങനാശ്ശേരി മണ്ഡലത്തിൽ മുനിസിപ്പൽ സ്റ്റേഡിയത്തിന് പുറമേ മറ്റൊരു സ്റ്റേഡിയം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണം മന്ദഗതിയിലായ കായിക പദ്ധതികൾ വേഗത്തിൽ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) കായിക വകുപ്പിനു കീഴിൽ ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെയും അതിനായി വകയിരുത്തിയിട്ടുള്ള ഫണ്ടുകളുടെയും പൂർണ്ണ വിവരങ്ങൾ കണക്കുകൾ സഹിതം ലഭ്യമാക്കാമോ?

## സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ

1599 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച തണ്ണിത്തോട്, കൂടൽ, ഏനാദിമംഗലം പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രമാടം രാജീവ് ഗാന്ധി സ്റ്റേഡിയം ആധുനിക നിലവാരത്തിൽ നിർമ്മിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച പദ്ധതിയുടെ നിലവിലത്തെ സ്ഥിതി വിശദമാക്കാമോ?

## കുട്ടനാട്ടിലെ സ്റ്റേഡിയം നിർമ്മാണം

1600 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെയും യുവാക്കളുടെയും ശാരീരിക മാനസികോല്ലാസത്തിനായി കുട്ടനാട്ടിൽ ഒരു പൊതുകളിസ്ഥലം പോലുമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കളിസ്ഥലം നിർമ്മിക്കുവാൻ ഭൂമി ലഭ്യമാക്കിയിട്ടുള്ള രാമങ്കരി, കൈനകരി, നീലംപേരൂർ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റേഡിയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കളിസ്ഥലത്തിന് ഫണ്ട് അനുവദിക്കുന്നതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കായിക വികസന പദ്ധതികൾ

1601 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികളുടെ

വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) മൊഗ്രാൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മൂന്ന് കോടി രൂപ ചെലവിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയം പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയനിർമ്മാണത്തിന് ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാകും; ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

## <u>ചേലാട് സ്റ്റേഡിയം</u>

1602 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ചേലാട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന് ലഭ്യമാക്കിയിട്ടുള്ള 1.69 ഏക്കർ ഭൂമിയുടെ വെറ്റ് ലാൻഡ് കൺവെർഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാനതല സമിതി എന്നത്തേക്ക് നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## <u>ഇ.എം.എസ്. മിനി സ്റ്റേഡിയം നിർമ്മാണം</u>

1603 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 വർഷത്തെ ബജറ്റിൽ അനുവദിച്ച തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളിയിലുള്ള ഇ.എം.എസ്. മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പദ്ധതി പൂർത്തീകരണത്തിന് ഇനി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം**

1604 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേക്ക് തുറന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ചൊക്ലി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മാണം**

1605 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദവിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) ക്രമനമ്പർ 2723 ആയി കായിക വകുപ്പിന്റെ കീഴിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കായിക വകുപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും ഇനി

പൂർത്തിയാക്കാനുള്ള നടപടിക്രമങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

**മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

1606 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളതെന്നും നിർമ്മാണം പൂർത്തീകരിച്ച് സ്റ്റേഡിയം എന്നത്തേക്ക് തുറന്ന് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

1607 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തി നിർമ്മാണം ആരംഭിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത സ്റ്റേഡിയം എന്നത്തേക്ക് തുറന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

1608 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുള്ള സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

**തളിപ്പറമ്പ് നാട്ടുകാണി സൂ ആൻഡ് സഫാരി പാർക്ക് പദ്ധതിയുടെ പുരോഗതി**

1609 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ നാട്ടുകാണിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സൂ ആൻഡ് സഫാരി പാർക്ക് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഏകോപനത്തിനായി ക്യാമ്പ് ഓഫീസ് തുറക്കുകയും പ്രാദേശിക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കോണ്ടൂർ മാപ്പിംഗ്, പരിസ്ഥിതി ആഘാത പഠനം, ഭൂമി കൈമാറ്റം എന്നിവയുടെ നിലിവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മലബാർ മേഖലയിലെ ടൂറിസം വികസനത്തിനും പ്രാദേശിക തൊഴിലവസര സൃഷ്ടിക്കും വൻ മുന്നേറ്റമുണ്ടാക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

**തിരുവനന്തപുരം മൃഗശാല**

1610 **ശ്രീ. വി. ജോയി**
**ശ്രീ. ജി. സ്റ്റീഫൻ**
**ശ്രീമതി ഒ. എസ്. അംബിക**
**ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാല സ്ഥിതി ചെയ്യുന്ന സ്ഥലം വാണിജ്യ ആവശ്യത്തിനായി വിട്ടു നൽകാനുള്ള ശ്രമം നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(സി) മൃഗശാല മാറ്റി സ്ഥാപിക്കാൻ ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇതിന് വരുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം സന്ദർശിക്കുന്നവരുടെ പ്രധാന സന്ദർശന കേന്ദ്രങ്ങളിൽ ഒന്നാണ് തിരുവനന്തപുരം മൃഗശാല എന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; തിരുവനന്തപുരം നഗര ഹൃദയത്തിൽ മൃഗശാല പ്രവർത്തിക്കുന്നത് നഗരവാസികൾക്കോ സന്ദർശകർക്കോ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## തിരുവനന്തപുരം മൃഗശാല

1611 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാല കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തോട് കൂടി പ്രവൃത്തിക്കുന്ന മൃഗശാലയാണോ; എങ്കിൽ, എന്തൊക്കെയാണ് ഒരു അംഗീകൃത മൃഗശാലയ്ക്ക് ആവശ്യമായുള്ള മാനദണ്ഡങ്ങൾ എന്ന് വ്യക്തമാക്കാമോ;

(ബി) ഇന്ത്യയിലുള്ള ആകെ മൃഗശാലകളിൽ ഏത് കാറ്റഗറിയിലാണ് കേന്ദ്ര മൃഗശാല അതോറിറ്റി തിരുവനന്തപുരം മൃഗശാലയെ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്തൊക്കെ യോഗ്യതകളാണ് തിരുവനന്തപുരം മൃഗശാലയെ പ്രസ്തുത കാറ്റഗറിയിൽ ഉൾപ്പെടുത്തുവാനായി കേന്ദ്ര മൃഗശാല അതോറിറ്റി കണക്കിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ഇന്ത്യയിൽ മറ്റ് ഏതെങ്കിലും സംസ്ഥാനങ്ങളിൽ തിരുവനന്തപുരം മ്യൂസിയം-മൃഗശാല സമുച്ചയം പോലെ ഒരു വളപ്പിനുള്ളിൽ തന്നെ വൈവിധ്യമാർന്ന മ്യൂസിയങ്ങളും, ആർട്ട് ഗ്യാലറികളും, മൃഗശാലയും, ബൊട്ടാണിക്കൽ ഗാർഡനും ഉൾപ്പെടെയുള്ളവ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) തിരുവനന്തപുരം മ്യൂസിയം-മൃഗശാല വളപ്പിലെ ബൊട്ടാണിക്കൽ ഗാർഡന്റെ സസ്യസമ്പത്ത് (വൃക്ഷങ്ങൾ, അലങ്കാരചെടികൾ ഉൾപ്പെടെയുള്ളവ) ആകെ എത്ര സ്പീഷിസുകൾ, ജനറാ, ഫാമിലി, വംശനാശ ഭീഷണി നേരിടുന്നവ ഉൾപ്പെടെ ഓരോ വിഭാഗത്തിലുള്ളവയുടെയും എണ്ണം ഉൾപ്പെടെ) വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മൃഗശാല നിലവിൽ ഉള്ള സ്ഥാനത്തുനിന്നും മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും എവിടേക്കാണ് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(എഫ്) ബഹു. മുഖ്യമന്ത്രി തിരുവനന്തപുരം മൃഗശാല നിലവിലെ സ്ഥലത്തുനിന്നും മാറ്റിയതിനുശേഷം ആ സ്ഥലം ന്യൂയോർക്കിലെ മാഡിസൺ സ്ക്വയർ മാതൃകയിൽ മാറ്റിയെടുക്കും എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, മാഡിസൺ സ്ക്വയറിലെ പോലെ എന്തൊക്കെ ഘടകങ്ങൾ, സംവിധാനങ്ങൾ എന്നിവയാണ് പ്രസ്തുത സ്ഥലത്ത് ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ പദ്ധതി രൂപരേഖയോ വിശദമായ പ്ലാനോ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, അവ ലഭ്യമാക്കാമോ?

<u>തിരുവനനന്തപുരം മൃഗശാല</u>

1612 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന മൃഗശാല നിലവിലുള്ള സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിന് സർക്കാർ ഔദ്യോഗികമായി തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാമൂഹിക, സാമ്പത്തിക, പൈതൃക, നഗരാസൂത്രണ, പൊതുധനപരമായ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിലാണോ മൃഗശാല മാറ്റുന്നതുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊള്ളുന്നത്; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം മൃഗശാല നിലവിൽ സ്ഥിതിചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം എത്രയാണെന്നും പ്രസ്തുത ഭൂമിയിൽ മൃഗശാലയ്ക്ക് പുറമെ

പ്രവർത്തിച്ചുവരുന്ന അനുബന്ധ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവ ഓരോന്നും വിനിയോഗിക്കുന്ന ഭൂവിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം, ഭൂവിനിയോഗത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം മൃഗശാലയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച നിലവിലെ മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ കാലാവധി എന്നുവരെയാണ്; അതനുസരിച്ച് മൃഗശാലയുടെ വികസനത്തിനും തുടർപ്രവർത്തനങ്ങൾക്കും എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളത്; മൃഗശാല മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നിർദ്ദേശം പ്രസ്തുത മാസ്റ്റർ പ്ലാനിന് അനുസൃതമാണോ; അല്ലെങ്കിൽ മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ; ഇതുസംബന്ധിച്ച് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതിയോ അഭിപ്രായമോ സർക്കാർ തേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തിരുവനന്തപുരം മൃഗശാല നെയ്യാർ മേഖലയിലേക്ക് മാറ്റുന്നതിന് സർക്കാർ ഏതെങ്കിലും നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ മൃഗശാല സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം നെയ്യാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ വരുന്നതാണോ; വന്യജീവി സങ്കേതങ്ങളിൽ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയുടെ നിലവിലുള്ള ഉത്തരവുകളോ നിയമപരമായ നിയന്ത്രണങ്ങളോ ബാധകമാണോ; പ്രസ്തുത സാഹചര്യത്തിൽ നെയ്യാർ മേഖലയിൽ മൃഗശാല സ്ഥാപിക്കുന്നതിന് നിയമപരമായി സാധ്യമാണോ എന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക കുടിശ്ശിക

1613 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് സബ് രജിസ്ട്രാർ ഓഫീസിന്റെ വാടക വർഷങ്ങളോളം കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) കുടിശ്ശിക കൊടുത്തു തീർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**അപ്പാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷനും നടപടിക്രമങ്ങളും**

1614 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, 1983-ലെ കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്റ്റ് എന്നിവ പ്രകാരം അപ്പാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) 1955-ലെ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഓണേഴ്സ് അസോസിയേഷൻ നിലവിലുള്ള ഒരു അപ്പാർട്ട്മെന്റ് സമുച്ചയത്തിൽ, 1983-ലെ കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്റ്റ് പ്രകാരം മറ്റൊരു ഓണേഴ്സ് അസോസിയേഷന് സമാന്തരമായി രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ; ഒരു അപാർട്ട്മെന്റ് സമുച്ചയത്തിലെ എല്ലാ അപാർട്മെന്റ് ഉടമകളുടേയും സംയുക്തമായ അപേക്ഷ ലഭിക്കാതെ മേൽപ്പറഞ്ഞ പ്രകാരം രജിസ്റ്റർ ചെയ്യാൻ സാധ്യമാണോ; വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം രജിസ്ട്രേഷൻ സാധ്യമാകുന്ന പക്ഷം നിലവിലുള്ള ഓണേഴ്സ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെയും മറ്റ് സർവ്വീസുകളുടെയും ഉടമസ്ഥത പുതിയതായി രജിസ്റ്റർ ചെയ്യുന്ന അസോസിയേഷന് ലഭ്യമാകുമോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) 2021 ജനുവരി മുതൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ രണ്ട് ആക്റ്റുകൾ പ്രകാരവും അപാർട്ട്മെന്റ് ഓണേഴ്സ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം, പേരുവിവരങ്ങൾ, അപേക്ഷ ലഭിച്ചിട്ടും രജിസ്ട്രേഷൻ നടത്താത്തവയുടെ പേര്, ആയതിനുള്ള കാരണങ്ങൾ, 1983-ലെ കേരള അപാർട്മെന്റ് ഓണർഷിപ് ആക്റ്റ് പ്രകാരം ഓണേഴ്സ് അസോസിയേഷന്റെ രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ

നടപടികൾ പൂർത്തീകരിച്ചവയുടെ പേരുവിവരം എന്നിവ പ്രത്യേകം ലഭ്യമാക്കുമോ?

**വളപട്ടണം സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നവീകരണം**

1615 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ വളപട്ടണം സബ്-രജിസ്ട്രാർ ഓഫീസ് പഴകി ദ്രവിച്ച അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

**തീരദേശ നിയന്ത്രണ മേഖല നിയമം**

1616 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ, ചാലിയം, കടലുണ്ടി തീരമേഖലകളിൽ തീരദേശ നിയന്ത്രണ മേഖല (സി.ആർ.സെഡ്) നിയമത്തിന്റെ പേരിൽ രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത താമസക്കാർക്കും ചെറിയ ഭൂമികൈമാറ്റം ചെയ്യുന്നതിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അല്ലെങ്കിൽ പ്രത്യേക പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും കുറയ്ക്കുന്നതിന് നടപടി**

1617 **ശ്രീ. വി. മുരളീധരൻ**

**ശ്രീ. രാജീവ് ചന്ദ്രശേഖർ**

**ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും വളരെ കൂടുതലാണെന്ന കാര്യവും ഇതുമൂലം

തുറമുഖ അനുബന്ധ സൗകര്യങ്ങളായ ലോജിസ്റ്റിക് പാർക്കുകൾ, വെയർ ഹൗസുകൾ എന്നിവ ഒരുക്കുന്ന സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്തിന് തൊഴിൽപരവും സാമ്പത്തികപരവുമായി ലഭിക്കേണ്ട നേട്ടങ്ങൾ നഷ്ടപ്പെടുന്നു എന്ന ആക്ഷേപം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും മറ്റ് സംസ്ഥാനങ്ങളുടേതിന് ആനുപാതികമായ നിലയിലേക്ക് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>T3424/2001 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികൾ</u>

1618 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മികസംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ T3424/2001 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട ഫയലുകളുടെ എല്ലാ പേജുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## <u>ഹോസ്ദുർഗ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം</u>

1619 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം കാലപ്പഴക്കം കൊണ്ട് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ ആണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പതിറ്റാണ്ടുകൾ പഴക്കമുള്ള ഹോസ്ദുർഗ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം അതിന്റെ ചരിത്രപരമായ പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിത പൈതൃക സ്മാരകമായി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**കല്ല്യാശ്ശേരി സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

1620 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ്-രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**പീരുമേട് മണ്ഡലത്തിൽ പൈതൃക മ്യൂസിയം**

1621 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉൾപ്പെടുന്ന പീരുമേട് നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പിന് കീഴിൽ ഒരു പൈതൃക മ്യൂസിയമോ, മ്യൂസിയം-പുരാരേഖ വകുപ്പുകളുടെ സബ് സെന്ററോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**എക്സ്കവേഷൻ ഉദ്യോഗസ്ഥരുടെ അപര്യാപ്തത**

1622 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള എക്സ്കവേഷൻ ഉദ്യോഗസ്ഥരുടെ അപര്യാപ്തത മൂലം പല പദ്ധതികളും മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ, അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

**ഹോസ്ദുർഗ് പഴയ താലൂക്ക് ഓഫീസ് കെട്ടിടം -പൈതൃക സ്മാരകം**

1623 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുവർഷം പഴക്കമുള്ള കാഞ്ഞങ്ങാട്ട് പഴയ ഹോസ്ദുർഗ് താലൂക്ക് ഓഫീസ് കെട്ടിടം ചരിത്രപരവും വാസ്തുശില്പാപരവുമായ പ്രാധാന്യം പരിഗണിച്ച് സംരക്ഷിത പൈതൃക സ്മാരകമായി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

1624 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ മെല്ലപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ എന്നാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പദ്ധതിയുടെ ഭാഗമായി നാളിതുവരെ വന്നിട്ടുള്ള ചെലവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി കേരള മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കാമോ;

(ഇ) ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ചരിത്ര പ്രസിദ്ധമായ ടിപ്പു സുൽത്താൻ കോട്ട**

1625 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഫറോക്കിൽ സ്ഥിതി ചെയ്യുന്ന ചരിത്ര പ്രസിദ്ധമായ ടിപ്പു സുൽത്താൻ കോട്ട നിലവിൽ തകർച്ചയുടെ

വക്കിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ചരിത്രപ്രസിദ്ധമായ പ്രസ്തുത കോട്ട ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**ചരിത്ര സ്മാരകങ്ങളുടെയും പൈതൃക കേന്ദ്രങ്ങളുടെയും സംരക്ഷണം**

1626 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചരിത്ര സ്മാരകങ്ങൾ, പുരാതന കെട്ടിടങ്ങൾ, പൈതൃക കേന്ദ്രങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) കേരളത്തിലെ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സംരക്ഷിത സ്മാരകങ്ങളുടെയും കെട്ടിടങ്ങളുടെയും പൈതൃക കേന്ദ്രങ്ങളുടെയും ലിസ്റ്റ് ലഭ്യമാക്കാമോ; പ്രസ്തുത വിഭാഗത്തിൽ പുതിയതായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സ്മാരകങ്ങൾ സന്ദർശകർക്ക് കാണുന്നതിനും കാര്യങ്ങൾ മനസ്സിലാക്കുന്നതിനും വകുപ്പ് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**കേരളോത്സവം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി**

1627 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത സഹകരണത്തോടെ നടത്തിവരുന്ന കേരളോത്സവം കൂടുതൽ കാര്യക്ഷമമായി നടത്താൻ തയ്യാറാകുമോ; വിശദമാക്കാമോ;

(ബി) യുവജനങ്ങളെ കേരളോത്സവം പരിപാടി കൂടുതൽ ആകർഷിക്കുവാൻ വേണ്ടി വിജയിക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുകയും അപ്രകാരം ലഭിക്കുന്ന ഗ്രേസ് മാർക്ക് ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ജോലി ലഭിക്കുന്നതിനും പരിഗണിക്കുന്നതിനാവശ്യമായ നിയമങ്ങൾ രൂപീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ചിറയിൻകീഴ് മണ്ഡലത്തിൽ പുതിയ ബസ് സർവീസുകൾ**</u>

1628 **ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ പ്രദേശങ്ങളിൽ പുതിയ ബസ് സർവീസുകൾ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>**കോഴിക്കോട് നഗരത്തിൽ സമഗ്ര നഗര ഗതാഗത പദ്ധതി**</u>

1629 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനും വിവിധ പൊതുഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി സമഗ്ര നഗര ഗതാഗത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് നഗരത്തിനായി ഏകീകൃത നഗര ഗതാഗത മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ബസ്, റെയിൽ, ലൈറ്റ് മെട്രോ, ജലഗതാഗതം തുടങ്ങിയ സംവിധാനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) കോഴിക്കോട് നഗരത്തിൽ കോമൺ മൊബിലിറ്റി അഥവാ ഇന്റഗ്രേറ്റഡ് പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും സമയക്രമവും വ്യക്തമാക്കാമോ?

<u>**പൊതുഗതാഗതം കാര്യക്ഷമമാക്കാൻ നടപടി**</u>

1630 **ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. പി. പ്രസാദ്**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന ജനസാന്ദ്രതയും വാഹനസാന്ദ്രതയുമുള്ള കേരളത്തിൽ കാര്യക്ഷമമായ പൊതുഗതാഗതത്തിന്റെ അഭാവം മൂലം ജനങ്ങൾ സ്വന്തം വാഹനങ്ങളെ (പ്രത്യേകിച്ച് ഇരുചക്ര വാഹനങ്ങൾ) ആശ്രയിക്കുന്നത് വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. വർഷങ്ങളായി വലിയ സാമ്പത്തിക നഷ്ടത്തിലാണ് എന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) 15 വർഷത്തിലധികം പഴക്കമുള്ള പൊതുഗതാഗത വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര സർക്കാർ നയം (വെഹിക്കിൾ സ്ക്രാപ്പിംഗ് പോളിസി) നിലവിൽ വന്നതോടെ സാധാരണ സർവീസുകൾ നടത്താൻ ആവശ്യത്തിന് ബസുകളില്ലാത്ത അവസ്ഥ കെ.എസ്.ആർ.ടി.സി. നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്ത്രീകളുടെ സൗജന്യ യാത്രയ്ക്കായി കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പ്രിയദർശിനി പോലുള്ള പദ്ധതികൾ സ്വകാര്യ ബസുകളുടെ വരുമാനത്തെ ബാധിച്ചതായി ബസ് ഉടമകൾ പരാതിപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

**<u>മോട്ടോർ വാഹനവകുപ്പിലെ ഇടനിലക്കാരുടെ പ്രവർത്തനം തടയാൻ നടപടി</u>**

1631 **ശ്രീ. പി .എം. എ. സമീർ**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ ഇടനിലക്കാരുടെ പ്രവർത്തനം വ്യാപകമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇടനിലക്കാരുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥരുടെ പീഡനവും അഴിമതിയും ഇല്ലാതാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം കിഴിശ്ശേരിയിൽ കൊണ്ടോട്ടി സബ് ആർ.ടി. ഓഫീസിലെ ഉദ്യോഗസ്ഥരുടെ പീഡനത്തിൽ മനം നൊന്ത് ഷൗക്കത്തലി എന്ന ഓട്ടോ ഡ്രൈവർ ആത്മഹത്യ ചെയ്ത സംഭവത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കെ. എസ്.ആർ. ടി.സി.യുടെ പാർസൽ സംവിധാനം</u>**

1632 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ പാർസൽ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി പാർസൽ സംവിധാനം ലാഭകരമായിരുന്നോ; വ്യക്തമാക്കാമോ?

**<u>മഞ്ചേശ്വരം താലൂക്കിൽ പുതിയ സബ് ആർ.ടി. ഓഫീസ്</u>**

1633 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ സബ് ആർ.ടി. ഓഫീസ് പ്രവർത്തിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താലൂക്ക് ആസ്ഥാനത്ത് സബ് ആർ.ടി. ഓഫീസ് ഇല്ലാത്തതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി മഞ്ചേശ്വരത്ത് പുതിയ സബ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സ്ഥലം എം.എൽ.എ. ഗതാഗത വകുപ്പിന് സമർപ്പിച്ച കത്തിൽ കൈക്കൊണ്ട തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ ഗതാഗത വകുപ്പിലും മോട്ടോർ വാഹന വകുപ്പിലുമുള്ള ഫയലിന്റെ നിലവിലെ സ്ഥിതിയും ബന്ധപ്പെട്ട ഫയൽ നമ്പറും ലഭ്യമാക്കുമോ?

**<u>ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും കണക്ടിംഗ് ബസ് സർവീസുകൾ</u>**

1634 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കായി നടപ്പിലാക്കിയ പ്രിയദർശിനി സൗജന്യ ബസ് യാത്ര പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ രണ്ടുമാസത്തിനിടെ എത്ര യാത്രകൾ നടന്നു; യാത്രയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ റെയിൽവേ ജംഗ്ഷനിൽ എത്തുന്ന ദീർഘ ദൂര ട്രെയിൻ യാത്രക്കാർക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ രാത്രി/പുലർച്ചെ കെ.എസ്.ആർ.ടി.സി. കണക്ടിവിറ്റി സർവീസ് വർധിപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

**<u>മോട്ടോർ വാഹന വകുപ്പിന്റെ പോർട്ടൽ</u>**

1635 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ നിലവിലുള്ള പോർട്ടൽ മുഖേന എന്തൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ;

(ബി) സാങ്കേതിക തടസ്സം മൂലം പോർട്ടൽ മുഖേനയുള്ള സേവനം ലഭ്യമാകാത്തത് കാരണം പൊതുജനങ്ങൾക്ക് അപ്രതീക്ഷിതമായ ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഗതാഗത നയം രൂപീകരിക്കൽ</u>**

1636 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ നയം പോലെ, സംസ്ഥാനത്ത് ഒരു ഗതാഗത നയത്തിന് രൂപം നൽകാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ മനസ്സിലാക്കാനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി ആരംഭിക്കുന്ന ഗതാഗത സാക്ഷരതാ യജ്ഞത്തെക്കുറിച്ച് വിശദമാക്കുമോ?

<u>റോഡ് സുരക്ഷയും വാഹന അപകട ഇൻഷ്വറൻസും</u>

1637 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ തിരക്കേറിയ പ്രധാന റോഡുകളിലെ സീബ്രാ ക്രോസിങ്ങുകളുടെ വീതി മൂന്ന് മീറ്ററിൽ നിന്ന് ആറ് മീറ്റർ ആക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാഹന അപകട ചികിത്സയ്ക്ക് ഒന്നരലക്ഷം രൂപ വരെ സഹായം ലഭിക്കുന്ന പി.എം. റാഹത്ത് പദ്ധതി, കേന്ദ്ര സർക്കാരുമായി ചേർന്ന് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് സമഗ്ര ഗതാഗത സാക്ഷരതായജ്ഞം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം</u>

1638 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാഹനങ്ങളുടെ ബാഹുല്യത്താൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് ഏറെ പ്രയാസം അനുഭവിക്കേണ്ടിവരുന്ന സാഹചര്യത്തിൽ റോഡുകളിലെ സീബ്രാ ലൈനുകളുടെ വീതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) മൾട്ടിലൈൻ ട്രാഫിക് വരുന്ന പാതകളിൽ പെഡസ്ട്രിയൻ ക്രോസിംഗ് റെസ്ക്യൂ സ്പോട്ട് സജ്ജീകരിക്കുമോ; വിശദമാക്കുമോ?

**<u>സ്ത്രീ സൗജന്യ യാത്ര പദ്ധതി മൂലം സ്വകാര്യ ബസ് മേഖലയിലെ പ്രതിസന്ധി</u>**

1639 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി പദ്ധതി നടപ്പിലാക്കിയത് കാരണം സ്വകാര്യ ബസ് മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ആവശ്യത്തിനില്ലാത്ത ഗ്രാമീണ മേഖലകളിൽ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ സ്വകാര്യ ബസ് വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകാൻ കൂടുതൽ ആശ്വാസനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>എറണാകുളം നഗരത്തിലെ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ</u>**

1640 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിലെ സിഗ്നൽ ലൈറ്റുകളെല്ലാം പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ഏതൊക്കെ ജംഗ്ഷനുകളിലാണ് സിഗ്നലുകൾ പ്രവർത്തനരഹിതമായിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) തേവര ജംഗ്ഷനിലെ ട്രാഫിക് സിഗ്നൽ പ്രവർത്തനരഹിതമായത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം നഗരത്തിലെ ട്രാഫിക് സിഗ്നലുകൾ പ്രവർത്തനരഹിതമായാൽ അവ നന്നാക്കാനുള്ള ഉത്തരവാദിത്തം

ആർക്കാണ്; ഇതിനായി എ.എം.സി.(ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ്)നിലവിലുണ്ടോ എന്ന് വിശദമാക്കുമോ?

**<u>എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ 24 മണിക്കൂർ പട്രോളിംഗ് സംവിധാനം</u>**

1641 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ദേശീയപാതകളിലും സംസ്ഥാനപാതകളിലും മോട്ടോർ വാഹന വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ 24 മണിക്കൂർ പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(ബി) 24 മണിക്കൂർ പട്രോളിംഗ് സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പെഡസ്ട്രിയൻ ക്രോസിംഗുകൾ സ്ഥാപിക്കാൻ നടപടി</u>**

1642 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന നഗരങ്ങളിലും തിരക്കേറിയ റോഡുകളിലും കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി പെഡസ്ട്രിയൻ ക്രോസിംഗുകൾ, സീബ്രാ ക്രോസിംഗുകൾ, പെലിക്കൻ/സിഗ്നൽ ക്രോസിംഗുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കുമോ; ഇതിനായി പ്രധാന കേന്ദ്രങ്ങൾ കണ്ടെത്തി സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

**<u>വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി</u>**

1643 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടന്ന വാഹനാപകടങ്ങൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) വാഹനാപകടങ്ങളിൽ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാർ സ്ഥാപിച്ച എ.ഐ. ക്യാമറകളുടെ പ്രവർത്തനം കാരണം വാഹനാപകടങ്ങളുടെ എണ്ണത്തിൽ നിയന്ത്രണം വന്നിട്ടുണ്ടോ;

(ഡി) എ.ഐ. ക്യാമറ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഇ) വാഹനാപകടങ്ങൾ കുറയുന്നതിന് മറ്റ് എന്തെല്ലാം പദ്ധതികൾ ആണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>**വെമ്പായം, വട്ടപ്പാറ, പോത്തൻകോട് ജംഗ്ഷനുകളിലെ റോഡ് സുരക്ഷ**</u>

1644 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട്, വട്ടപ്പാറ, വെമ്പായം ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും രണ്ട് കോടി രൂപ അനുവദിച്ചിരുന്നത് ഉപയോഗപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച പദ്ധതിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ യോഗം ചേർന്ന തീയതിയും യോഗ തീരുമാനങ്ങളും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>**കേരള റോഡ് സുരക്ഷാ മിഷൻ**</u>

1645 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിലെ നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനായി കേരള റോഡ് സുരക്ഷാ മിഷൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ മദ്യപിച്ചോ മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിച്ചോ വാഹനമോടിക്കുന്ന കേസുകളിൽ ശിക്ഷ കൂട്ടുതൽ കർശനമാക്കുമോ; വിശദമാക്കാമോ;

(സി) പ്രിയദർശിനി,ഓപ്പറേഷൻ ത്രൂഫാൻ എന്നീ പദ്ധതികളുടെ തുടർച്ചയായുള്ള ജനകീയ പദ്ധതി എന്ന നിലയിലാണോ റോഡ് സുരക്ഷാ യജ്ഞത്തെ വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>**തിരുവല്ല ട്രാൻസ്പോർട്ട് കോംപ്ലക്സിൽ വാടകക്ക് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ**</u>

1646 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ ട്രാൻസ്പോർട്ട് കോംപ്ലക്സിൽ മുഴുവൻ മുറികളും വ്യാപാര സ്ഥാപനങ്ങൾക്കായി വിട്ടുനല്കിയിട്ടുണ്ടോ; ഇനി എത്ര സ്ഥാപനങ്ങൾക്ക് കൂടി അവസരമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിൽ വ്യാപാര സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ, വാടകനിരക്ക്, ഗ്യാരണ്ടി ഡിപ്പോസിറ്റ് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ ഇൻഡ്യൻ കോഫീ ഹൗസിനായി മാനദണ്ഡങ്ങളിലും വാടക നിരക്കിലും ഇളവ് നല്കി സ്ഥലം വിട്ടുനല്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>**കെ . എസ് .ആർ . ടി .സി . ബസ് നവീകരണ ധനസമാഹരണ പദ്ധതി**</u>

1647 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ കാലപ്പഴക്കം ചെന്നതും സാങ്കേതികമായി സർവീസ് നടത്താൻ പ്രയാസമുള്ളതുമായ ബസ്സുകളുടെ എണ്ണം, അവ

സർവീസിൽ നിന്നും പിൻവലിക്കേണ്ട സാഹചര്യം, പുതിയ ബസ്സുകൾ വാങ്ങുന്നതിനാവശ്യമായ സാമ്പത്തിക വിഭവങ്ങളുടെ അപര്യാപ്തത എന്നീ വിഷയങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ ബസ് ഫ്ലീറ്റിൽ കാലപ്പഴക്കം മൂലം സർവ്വീസ് നടത്താൻ കഴിയാത്തതോ ഉടൻ പിൻവലിക്കേണ്ടതോ ആയ ബസുകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

(സി) ഇത്തരത്തിലുള്ള ബസുകൾക്ക് പകരമായി പുതിയ ബസ്സുകൾ വാങ്ങുന്നതിനായി നിലവിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും ആവശ്യമായ ഏകദേശ തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത സർക്കാരിന് അധികഭാരം സൃഷ്ടിക്കാത്ത വിധത്തിൽ 'കെ.എസ്.ആർ.ടി.സി. ബസ് നവീകരണ ധനസമാഹരണ പദ്ധതി' എന്ന നിലയിൽ പ്രത്യേക ടിക്കറ്റ്/ ധനസമാഹരണ സംവിധാനം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഇ) അത്തരം സംവിധാനം നടപ്പാക്കിയാൽ അതിലൂടെ ലഭിക്കുന്ന അധിക വരുമാനം പുതിയ ബസ് വാങ്ങുന്നതിനായി മാത്രം വിനിയോഗിക്കുന്നതിന് പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

## പ്രിയദർശിനി ബസ് സർവീസ്

1648 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി ബസ് സർവീസ് ആരംഭിച്ചതിനു ശേഷം പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്ന സ്ത്രീകളുടെ എണ്ണത്തിൽ എത്രമാത്രം വർദ്ധനവുണ്ടായി എന്ന് വിശദമാക്കാമോ;

(ബി) ഒരു സ്ത്രീശാക്തീകരണ പദ്ധതി എന്ന നിലയിൽ ഇത് സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രതിഫലനം എന്തെല്ലാമാണ്;

(സി) പദ്ധതി നടപ്പിലാക്കുന്നതിലെ പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്; ഇവ മറികടക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ?

**പി.എം.ജി.യിൽ ദീർഘദൂര ബസ്സുകൾക്ക് ബോർഡിംഗ് പോയിന്റ് അനുവദിക്കാൻ നടപടി**

1649 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സെക്രട്ടേറിയറ്റ്, ഇലക്ഷൻ ഓഫിസ്, ലോകായുക്ത, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വടക്കൻ ജില്ലകളിലെ ജീവനക്കാർ ആശ്രയിക്കുന്ന പ്രധാന ബസ് സ്റ്റോപ്പായ പി.എം.ജിയിൽ, സൂപ്പർ ഡീലക്സ് മുതൽ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ വരെയുള്ള ദീർഘദൂര ബസ്സുകൾക്ക് ബോർഡിംഗ് പോയിന്റ് ഇല്ലാത്തതുമൂലം റിസർവേഷൻ യാത്രക്കാർ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പി.എം.ജി.യിൽ സൂപ്പർ ഡീലക്സ്, എ.സി സ്ലീപ്പർ, എ.സി മൾട്ടി ആക്സിൽ തുടങ്ങിയ ദീർഘദൂര ബസ്സുകൾക്ക് പുതിയ ബോർഡിംഗ് പോയിന്റ് അനുവദിച്ച് ദീർഘദൂര യാത്രക്കാർ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റിസർവ് ചെയ്ത ബസ്സുകൾ അനിശ്ചിതമായി വൈകുമ്പോൾ അതേ നിലവാരത്തിലുള്ളതോ താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മറ്റ് ബസ്സുകളിൽ യാത്ര ചെയ്യാൻ സ്റ്റേഷൻ മാസ്റ്ററുടെ സാക്ഷ്യപ്പെടുത്തൽ വേണമെന്ന നിബന്ധന കാരണം ബസ് സ്റ്റാൻഡല്ലാത്ത ഇടങ്ങളിൽ നിന്ന് കയറുന്ന യാത്രക്കാർ വീണ്ടും ടിക്കറ്റെടുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ;

(ഡി) റിസർവ് ചെയ്ത ബസ്സുകൾ അനിശ്ചിതമായി വൈകുമ്പോൾ അതേ നിലവാരത്തിലുള്ളതോ അതിൽ താഴെയുള്ളതോ ആയ മറ്റ് ബസ്സുകളിൽ റിസർവേഷൻ ടിക്കറ്റ് കാണിച്ച് യാത്ര ചെയ്യാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പ്രിയദർശിനി സൗജന്യയാത്ര പദ്ധതി**

1650 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. -യെ കൂടുതൽ ജനങ്ങളിലേക്ക് അടുപ്പിക്കുകയും സ്ഥാപനത്തെ കൂടുതൽ

ജനകീയമാക്കുകയും ചെയ്തിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി 100 ദിനം പിന്നിട്ടിട്ടുള്ള വേളയിൽ എത്ര സൗജന്യ യാത്രകളാണ് നടന്നിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര കോടി രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ആനുകൂല്യം നല്കിയത് കെ.എസ്.ആർ.ടി.സി. യുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>ചാത്തന്നൂരിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്</u>**

1651 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കേന്ദ്രീകരിച്ച് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരെയും അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പൊതുജനങ്ങളുടെ ആവശ്യപ്രകാരം ചാത്തന്നൂരിൽ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റും വാഹന പരിശോധനയും നടത്തുന്നതിനായി കൊല്ലം ആർ.ടി.ഒ.-യുടെ നേതൃത്വത്തിൽ ആരംഭിച്ച താൽക്കാലിക സംവിധാനം ആഴ്ചയിൽ രണ്ട് ദിവസത്തിൽ നിന്ന് ഒരു ദിവസമായി ചുരുക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

**<u>പ്രിയദർശിനി ബസ്സുകൾ</u>**

1652 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം കെ.എസ്.ആർ.ടി.സി. യുടെ എത്ര പ്രിയദർശിനി ബസ്സുകളാണ് സർവീസ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം എത്ര എണ്ണം ഓരോ മാസവും

സർവീസ് നടത്തിയെന്നതിന്റെ മാസം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബസുകളുടെ പ്രയോജനം എല്ലാ ജില്ലകൾക്കും ഒരേപോലെയാണോ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും സർവീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലൂടെ എത്ര പ്രിയദർശിനി ബസ്സുകൾ ആണ് സർവീസ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ ബസ്സിന്റെയും റൂട്ടും സമയവും വ്യക്തമാക്കുന്ന ചാർട്ട് ലഭ്യമാക്കാമോ;

(ഡി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ പ്രിയദർശിനി ബസ്സുകൾ സർവീസ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ഏതു ജില്ലയിലാണ് ഏറ്റവും കുറവ് പ്രിയദർശിനി ബസുകൾ സർവീസ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും ഉള്ള വിവരം ലഭ്യമാക്കാമോ;

(ഇ) എറണാകുളം ഗുരുവായൂർ റൂട്ടുകളിൽ പ്രിയദർശിനി ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## സ്ത്രീ സൗജന്യ യാത്രാ പദ്ധതി വിപുലീകരിക്കാൻ നടപടി

1653 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി സ്ത്രീകൾക്ക് ഗുണകരമായ സാഹചര്യത്തിൽ ഇത്തരം പദ്ധതികൾ കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ദീർഘദൂര ബസ്സുകളിലും സ്ത്രീകൾക്ക്, പ്രത്യേകിച്ച് പ്രായമായവർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## പ്രിയദർശിനി ബസ്സുകൾ സ്പെയർ പാർട്സ് വാനുകളാക്കി മാറ്റുന്ന നടപടി

1654 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ ബസുകൾ സ്പെയർ പാർട്സ് വാഹനകളാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര ബസ്സുകളാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവ ഏതൊക്കെ റൂട്ടുകളിൽ ഓടിക്കുന്നവയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

<u>**കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക പ്രതിസന്ധി**</u>

1655 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി കുറച്ചുകൊണ്ടുവരുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും ആദ്യ തീയതിയിൽ തന്നെ വിതരണം ചെയ്യുന്നതിനും പെൻഷൻ മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>**പ്രിയദർശിനി സൗജന്യ യാത്രയ്ക്കായി സർക്കാർ നൽകേണ്ട തുക**</u>

1656 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി സൗജന്യ യാത്രയ്ക്കായി ഓരോ മാസവും സർക്കാർ നൽകേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ ഓരോ മാസവും നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. യുടെ കണക്കനുസരിച്ച് പ്രിയദർശിനി പദ്ധതിയിനത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കാനുള്ള തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>**ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ്**</u>

1657 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിലൂടെ ഏതെങ്കിലും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

**കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക ബാധ്യത**

1658 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ; സ്ഥാപനത്തെ ലാഭകരമാക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ള സുസ്ഥിര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**കാസർഗോഡ് – മംഗലാപുരം റൂട്ടിൽ കൂടുതൽ ബസ് സർവീസുകൾ**

1659 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - മംഗലാപുരം അന്തർസംസ്ഥാന ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുഭവപ്പെടുന്ന കടുത്ത തിരക്ക് കാരണം പൊതുജനങ്ങളും വിദ്യാർത്ഥികളും യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിൽ യാത്രക്കാരുടെ വർദ്ധനവിന് ആനുപാതികമായി രാവിലെയും വൈകുന്നേരവുമുള്ള തിരക്കേറിയ സമയങ്ങളിൽ (Peak hours) കൂടുതൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റൂട്ടിലെ യാത്രാക്ലേശത്തിന് പരിഹാരമായി പുതിയ ബസ്സുകൾ അനുവദിക്കുന്നതിനോ നിലവിലെ സർവീസുകളുടെ ട്രിപ്പുകൾ പുനഃക്രമീകരിച്ച് അധിക സർവീസുകൾ ഓടിക്കുന്നതിനോ ഉള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**നെല്ലിയാമ്പതിയിലേക്ക് കൂടുതൽ ബസ് സർവീസുകൾ**

1660 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതിയിലേക്ക് നിലവിൽ കെ.എസ്.ആർ.ടി.സി. നടത്തിവരുന്ന ബസ് സർവ്വീസുകൾ, അവയുടെ സമയക്രം, പുറപ്പെടുന്ന ഡിപ്പോകൾ എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) നെല്ലിയാമ്പതി റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസുകളിലെ അനിയന്ത്രിതമായ തിരക്ക് കാരണം പ്രദേശത്തെ കൺസെഷൻ ഉള്ള സ്കൂൾ വിദ്യാർത്ഥികളെ ഉൾപ്പെടെ ബസുകളിൽ നിന്ന് ഇറക്കിവിടുന്നതായി പരാതി ഉണ്ടോ; പ്രസ്തുത സാഹചര്യത്തിൽ വിദ്യാർത്ഥികളുടെയും പ്രദേശവാസികളുടെയും യാത്രാദുരിതം പരിഹരിക്കുന്നതിനായി ഈ റൂട്ടിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ അനുവദിക്കുന്നത് പരിഗണിക്കാമോ; വിശദമാക്കുമോ?

**കെ.എസ്.ആർ.ടി.സി ബസ്സുകളുടെ റിപ്പയർ**

1661 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ കേടായി കിടന്ന എത്ര ബസ്സുകൾ റിപ്പയർ ചെയ്ത് നിരത്തിലിറക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

**കെ.എസ്.ആർ.ടി.സി.യുടെ ടൂറിസം പാക്കേജുകൾ**

1662 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കെ.എസ്.ആർ.ടി.സി. കേരളത്തിൽ നടത്തുന്ന ടൂർ സർവീസുകളെക്കുറിച്ചുള്ള വിശദമായ വിവരങ്ങളും പദ്ധതികളും വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ഇന്ത്യയ്ക്കകത്ത് നടത്തുന്ന ടൂർ പാക്കേജുകളുടെ വിശദമായ വിവരങ്ങൾ തുക സഹിതം ലഭ്യമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ഇന്ത്യയ്ക്ക് പുറത്ത് നടത്തുന്ന ടൂർ പാക്കേജുകളുടെ വിശദമായ വിവരങ്ങൾ തുക സഹിതം ലഭ്യമാക്കാമോ;

(ഡി) ഏതൊക്കെ ഡിപ്പോകൾ മുഖേനയാണ് പൊതുജനങ്ങൾക്ക് ടൂർ പാക്കേജുകളുമായി ബന്ധപ്പെടാനാകുന്നതെന്ന് അവയുടെ ഫോൺ നമ്പറുകൾ സഹിതം അറിയിക്കാമോ?

**കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ**

1663 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും പ്രതിദിനം എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുവെന്നും അവ കാറ്റഗറി തിരിച്ച് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഡിപ്പോയുടെ പ്രതിമാസ വരുമാനം 2026 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ എത്ര ആയിരുന്നു; വ്യക്താക്കാമോ;

(സി) പ്രിയദർശിനി പദ്ധതി ഡിപ്പോയുടെ പ്രതിമാസ വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

**കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോക്ക് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ**

1664 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് വേണ്ടി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം ഏതു ഏജൻസി മുഖാന്തിരമാണ് നടപ്പിലാക്കുന്നത്;

(സി) നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ ഭാഗത്ത് നിന്ന് പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്; ആയത് പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സ്ത്രീ സൗജന്യയാത്ര**

1665 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസുകളിലും സൗജന്യയാത്ര അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്ന ആകെ ബസുകൾ എത്രയെന്നും അവയിൽ എത്രയെണ്ണത്തിലാണ് സൗജന്യയാത്ര അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(സി) ഓരോ ജില്ലയിലും സർവീസ് നടത്തുന്ന എത്ര ബസുകളുണ്ടെന്നും ഇവ വഴി ഓരോ മാസവുമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയെന്നും ഈ തുക സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ ജില്ലയിലും സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം, സർവീസുകളുടെ എണ്ണം, റൂട്ട് എന്നിവയും ഇതിൽ സൗജന്യയാത്ര അനുവദിച്ചിട്ടുള്ള ബസുകളുടെ എണ്ണം, റൂട്ട്, സർവീസുകളുടെ എണ്ണം എന്നിവയും സംബന്ധിച്ച വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**ആറ്റിങ്ങലിൽ കെ.എസ്.ആർ.ടി.സി. യാത്ര ഫ്യൂവൽസ്**

1666 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ കെ.എസ്.ആർ.ടി.സി. യാത്ര ഫ്യൂവൽസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

1667 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**കെ.എസ്.ആർ.ടി.സി.യിലെ ഡ്രൈവർ കം കണ്ടക്ടർ തസ്തിക**

1668 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ചട്ടപ്രകാരം ഡബിൾ ഡ്യൂട്ടിക്ക് അടുത്ത ദിവസം ഡ്യൂട്ടി-ഓഫ് നൽകാതെ ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർ കം കണ്ടക്ടർമാരെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

**ആലുവ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

1669 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-വാപ്പലശ്ശേരി-എയർപോർട്ട്-ആവണംകോട്-പറമ്പയം വഴി ആലുവയിലേയ്ക്കുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനാരാരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) യാത്രാക്ലേശം ദൂരീകരിക്കുന്നതിനായി അങ്കമാലി-പാറപ്പുറം-വല്ലംകടവ് സർവ്വീസ് അങ്കമാലി-പാറപ്പുറം-വല്ലംകടവ്-വല്ലം കവല സർവ്വീസ് ആക്കി നീട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ആലുവ–കോമ്പാറ–തേവയ്ക്കൽ വഴി കാക്കനാടേയ്ക്കുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(ഇ) പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി**

1670 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പ്രിയദർശിനി സൗജന്യയാത്രാ പദ്ധതി പ്രകാരം ടിക്കറ്റ് നൽകിയ വകയിൽ സർക്കാരിൽ നിന്ന് എത്ര രൂപ ലഭിക്കാനുണ്ടെന്നും ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന തുക ഏത് ഏജൻസി മുഖേനയാണ് നൽകുന്നതെന്നും അതിന് കെ.എസ്.ആർ.ടി.സി. യിൽ നിന്ന് പലിശ ഈടാക്കുന്നുണ്ടോ എന്നും അറിയിക്കാമോ; പലിശ ഈടാക്കുന്നുണ്ടെങ്കിൽ നാളിതുവരെ പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര തുക നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

**പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി**

1671 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. എ. ഡി. തോമസ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി 100 ദിവസം പൂർത്തിയാക്കിയപ്പോൾ ഏകദേശം എത്ര വനിതകൾ യാത്ര ചെയ്തുവെന്നും ഇതിനായി ഏകദേശം എത്ര രൂപയുടെ ടിക്കറ്റുകൾ സൗജന്യമായി നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) പദ്ധതി ആരംഭിച്ച ആദ്യ ദിവസങ്ങളിൽ ആകെ യാത്രക്കാരിൽ സ്ത്രീകളുടെ എണ്ണം എത്ര ശതമാനമായിരുന്നുവെന്നും 100 ദിവസം പൂർത്തിയായപ്പോൾ സ്ത്രീകളുടെ എണ്ണം എത്ര ശതമാനമായിരുന്നുവെന്നും വിശദമാക്കുമോ;

(സി) പ്രതിദിനം ശരാശരി എത്ര വനിതകൾ സൗജന്യ യാത്ര പ്രയോജനപ്പെടുത്തുന്നുവെന്നും സൗജന്യ യാത്ര മുഖേന സ്ത്രീകൾക്ക് പ്രതിമാസം ശരാശരി എത്ര രൂപ മിച്ചമായി സമ്പാദിക്കുവാൻ കഴിയുന്നുവെന്നും വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കെ.എസ്.ആർ.ടി.സി. ബസ്സുകൾ**

1672 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 –ലും 2021 -ലും 2026 -ലും സർക്കാരുകൾ അധികാരമേൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി. നിരത്തിൽ ഓടിച്ചിരുന്ന ബസ്സുകളുടെ എണ്ണം എത്ര വീതം ആണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലഘട്ടങ്ങളിൽ റിപ്പയർ ചെയ്താൽ ഓടിക്കാൻ കഴിയുന്ന വിധത്തിലുള്ള എത്ര ബസ്സുകൾ വീതമാണ് കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടായിരുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കാലഘട്ടങ്ങളിൽ കെ.എസ്.ആർ.ടി.സി.യി. -ൽ ജോലി ചെയ്തിരുന്ന ആകെ ജീവനക്കാർ എത്രവീതമായിരുന്നു എന്ന വിവരം ഡ്രൈവർമാർ, കണ്ടക്ടർമാർ, മറ്റ് ജീവനക്കാർ എന്നിങ്ങനെയും സ്ഥിരം, താൽക്കാലികം, കോൺട്രാക്ട് എന്നിങ്ങനെയും തരംതിരിച്ച് ലഭ്യമാക്കാമോ?

**കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഗ്രഡേഷൻ ലിസ്റ്റ്**

1673 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം ലഭിച്ച കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഗ്രഡേഷൻ ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ;

(ബി) ഇല്ലെങ്കിൽ പി.എസ്.സി. അഡ്വൈസോടെ നിയമിക്കപ്പെട്ട സർവീസിലുള്ള കണ്ടക്ടർമാരുടെ ഗ്രഡേഷൻ ലിസ്റ്റ് 30-09-2026 അടിസ്ഥാനമാക്കി ഒരു നിശ്ചിത തീയതിക്കകം പ്രസിദ്ധപ്പെടുത്താൻ നിർദ്ദേശം നൽകുമോ;

(സി) മുൻ സർക്കാരുകളുടെ കാലയളവിൽ പി.എസ്.സി. അഡ്വൈസ് വഴിയല്ലാതെ നിയമിക്കപ്പെട്ട കണ്ടക്ടർമാരെ ഉൾപ്പെടെ ജോലിയിൽ സ്ഥിരപ്പെടുത്തി ചട്ട വിരുദ്ധമായും ഗ്രഡേഷൻ ലിസ്റ്റിൽ വ്യാപകമായ കൃത്രിമം നടത്തിയും യഥാർത്ഥ പ്രൊമോഷൻ ലിസ്റ്റ് അട്ടിമറിച്ചതായുള്ള ആരോപണം പരിശോധിക്കാമോ;

(ഡി) അപ്രകാരം നടന്നിട്ടുണ്ടെങ്കിൽ പ്രൊമോഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ പരിപൂർണമായും മുൻകാല പ്രാബല്യത്തോടെ റദ്ദുചെയ്ത സർവീസ് ചട്ടങ്ങൾ പാലിച്ച് പ്രസിദ്ധപ്പെടുത്തുന്ന ലിസ്റ്റ് പ്രകാരം പ്രൊമോഷൻ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) കെ.എസ്.ആർ.ടി.സി. യിൽ സ്റ്റേഷൻ മാസ്റ്റർ തസ്തികയിൽ നികത്തപ്പെടേണ്ടതായി എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് ഡിപ്പോ തിരിച്ച് കണക്ക് നൽകുമോ;

(എഫ്) കഴിഞ്ഞ പത്തുവർഷമായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പരിഗണിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം പ്രൊമോഷൻ നല്കാൻ നടപടി സ്വീകരിക്കുമോ?

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷനേഴ്സ് ഐ.ഡി. കാർഡ്**

1674 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസുകളിലെ ജീവനക്കാരിൽ ഏറിയപങ്ക് രോഗികളും പൊതുഗതാഗത ട്രാൻസ്പോർട്ട് സർവീസുകളിലെ കണ്ടക്ടർ/ ഡ്രൈവർ വിഭാഗം തൊഴിലാളികളാണെന്ന ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ടെത്തലിന്മേൽ അതിനനുകൂലമായി മുൻ രണ്ട് സർക്കാരുകൾ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) മിക്കവാറുമുള്ള എല്ലാ ഇതരസംസ്ഥാന പൊതുഗതാഗത ട്രാൻസ്പോർട്ട് സർവീസുകളിലെയും കണ്ടക്ടർ/ഡ്രൈവർ തൊഴിലാളികളുൾപ്പടെയുള്ളവർക്ക് സർവീസാനന്തരം നൽകുന്ന പെൻഷനേഴ്സ് ഐ.ഡി. കാർഡിൽ പങ്കാളിയുടെതുൾപ്പടെയുള്ള ജോയിന്റ് ഫോട്ടോഗ്രാഫ് പതിച്ചുനൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.യിലും പ്രസ്തുതരീതി നടപ്പാക്കാൻ അടിയന്തര നിർദേശം നൽകുമോ; എങ്കിൽ ഇത് എന്ന് മുതൽ നടപ്പാവുമെന്ന് വ്യക്തമാക്കുമോ?

**കെ.എസ്.ആർ.ടി.സി. യിലെ ഒഴിവുകളും മുടങ്ങുന്ന സർവീസുകളും**

1675 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ ഡ്രൈവർമാർ, കണ്ടക്ടർമാർ തുടങ്ങിയവരുടെ ഒഴിവുകൾ നികത്താത്തതുമൂലം സർവ്വീസുകൾ വ്യാപകമായി നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യത്തിന് ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ലാത്ത സാഹചര്യത്തിലും ട്രാൻസ്ഫറുകൾ വ്യാപകമായി നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സർവ്വീസ് നടത്തുന്നതിനുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുവാനും സർവ്വീസ് മുടങ്ങാതിരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിമാത്രം ട്രാൻസ്ഫറുകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ ഒഴിവുകൾ നികത്തി സർവ്വീസുകൾ മുടക്കം വരാതെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>കോവിഡ്-19 മൂലം നിർത്തിവച്ച ബസ് സർവീസുകൾ പുനരാരംഭിക്കൽ</u>**

1676 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 വ്യാപനത്തെ തുടർന്ന് പലയിടങ്ങളിലും നിർത്തിവച്ച കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ഇതുവരെ പുനരാരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പുനരാരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ നിർത്തിവച്ച ബസ് സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പരപ്പ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ</u>**

1677 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**മലബാറിലെ പ്രിയദർശിനി പദ്ധതി**

1678 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിയദർശിനി പദ്ധതിയിൽ ഉൾപ്പെടുത്തിയ ബസുകളിൽ നാളിതുവരെ എത്ര സ്ത്രീകൾ യാത്ര ചെയ്തിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി വഴി എത്ര രൂപയുടെ ആനുകൂല്യം സ്ത്രീകൾക്ക് ലഭ്യമായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനു ശേഷം കെ.എസ്.ആർ.ടി.സി. സർവീസ് താരതമ്യേന കുറവുള്ള മലബാർ മേഖലയിലെ ജില്ലകളിൽ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലൂടെയും വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലൂടെയും ഉള്ള കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവീസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഏറെ യാത്രാദുരിതം അനുഭവിക്കുന്നതും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതുമായ മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ തീരദേശത്തേക്ക് പുതുതായി പ്രിയദർശിനി ബസ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് സ്വകാര്യ വ്യക്തി നൽകിയിട്ടുള്ള ഹർജി.**

1679 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് സ്വകാര്യ വ്യക്തി ഹൈക്കോടതി മുമ്പാകെ നൽകിയിട്ടുള്ള ഹർജിയിൽ ഈ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ:

(ബി) പ്രസ്തുത ബസ് സ്റ്റേഷന്റെ മതിൽക്കെട്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഭൂമിയിൽ എത്ര സെന്റ് നിലമാണെന്നും കരഭൂമി എത്ര സെന്റാണെന്നുമുള്ള വിവരം ഗതാഗത വകുപ്പിന്റെ പക്കൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര സെന്റ് ഭൂമിയിലാണ് സ്വകാര്യ വ്യക്തി അവകാശവാദം ഉന്നയിച്ചിരിക്കുന്നത്; അവകാശവാദം ഉന്നയിച്ചിരിക്കുന്ന ഭൂമിയുടെ നിലവിലെ ഫെയർ വാല്യൂ എത്ര രൂപയാണ്; വിശദമാക്കുമോ?

**സ്ത്രീകൾക്കുള്ള സൗജന്യയാത്രാ ബസുകളുടെ എണ്ണം**

1680 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ സ്ത്രീകൾക്കുള്ള സൗജന്യയാത്രാ പദ്ധതിയുടെ ഭാഗമായി എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കുള്ള സൗജന്യയാത്രാ പദ്ധതിയുടെ ഭാഗമായി എത്ര ബസുകൾ സർവീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ; അവയുടെ എണ്ണം ഡിപ്പോ തിരിച്ച് നൽകാമോ?

**ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം**

1681 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) മേല്പറഞ്ഞ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുള്ളതായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; എങ്കിൽ അവ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**കോട്ടക്കൽ മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ**

1682 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മണ്ഡലത്തിലെ പ്രദേശവാസികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് പുതിയ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) കുറ്റിപ്പുറം-വളാഞ്ചേരി-അങ്ങാടിപ്പുറം-പെരിന്തൽമണ്ണ റൂട്ടിലും, വളാഞ്ചേരി-കാടാമ്പുഴ-മലപ്പുറം റൂട്ടിലും കോട്ടയ്ക്കൽ-മലപ്പുറം-പെരിന്തൽമണ്ണ റൂട്ടിലും പുതിയ കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവീസുകൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. പ്രിയദർശിനി ബസ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് വളാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കാൻ നടപടി</u>**

1683 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ ഭാഗമായി വളാഞ്ചേരിയിൽ പുതിയ വയഡക്ട് പാലം വന്നതോടെ കെ.എസ്.ആർ.ടി.സി. ബസുകൾ വളാഞ്ചേരി ടൗണിൽ പ്രവേശിക്കാതെ ദേശീയപാതയിലൂടെ കടന്നുപോകുന്നത് വളാഞ്ചേരിയിലെയും പരിസര പ്രദേശങ്ങളിലെയും യാത്രക്കാർക്ക് വലിയ തോതിൽ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി. ബൈപ്പാസ് റൈഡർ, മിന്നൽ, ഡീലക്സ് ശ്രേണിയിൽപ്പെട്ട ദീർഘദൂര സർവീസുകൾക്ക് കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ ഫെയർ സ്റ്റേജ്, ബുക്കിംഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാൽ ദീർഘദൂര യാത്ര പോയി വരുന്നവർ എറണാകുളത്തും കുറ്റിപ്പുറത്തും മറ്റും ഇറങ്ങി മറ്റ് ബസുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണെന്നും ഇത് രാത്രി കാലങ്ങളിൽ രോഗികളടക്കമുള്ള യാത്രികർക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ദീർഘദൂര യാത്രികർക്ക് പ്രയോജനപ്പെടുംവിധം കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ സർവീസുകൾക്കും വളാഞ്ചേരിയിൽ സ്റ്റോപ്പും ബുക്കിംഗ് പോയിന്റും ഫെയർ സ്റ്റേജും അനുവദിച്ച് നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

**താനൂർ നിയോജകമണ്ഡലത്തിലെ ബസ്സ് സർവ്വീസുകൾ**

1684 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജകമണ്ഡലത്തിൽ അടക്കം മലപ്പുറം ജില്ലയിൽ ആരംഭിച്ച പ്രിയദർശിനി ബസ്സുകളുടെ വിശദാംശം നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) താനൂർ നിയോജകമണ്ഡലത്തിൽ പുതുതായി ബസ്സ് റൂട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) താനൂർ ബ്ലോക്ക് ജംഗ്ഷനിൽ കെ.എസ്.ആർ.ടി.സി. ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദേശം സംബന്ധിച്ചുള്ള അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരണം**

1685 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണവും സംരക്ഷണവും നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചും കൂടുതൽ ബസ്സുകൾ അനുവദിച്ചും ജനങ്ങൾക്ക് കൂടുതൽ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ആയൂർ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ**

1686 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആയൂരിൽ എം.സി. റോഡിന് സമീപത്ത് പ്രവർത്തിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും സർവീസുകൾ കാര്യക്ഷമമാക്കാൻ നിലവിൽ സ്റ്റേഷൻ മാസ്റ്ററെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) എൻക്വയറി കൗണ്ടർ ഉൾപ്പെടെയുള്ള ഓഫീസ് സംവിധാനങ്ങൾ പുനരാരംഭിക്കാനും മറ്റ് സൗകര്യങ്ങൾ ഒരുക്കാനും കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) കോവിഡ് രോഗവ്യാപന സമയത്ത് നിലച്ചുപോയ പ്രസ്തുത സെന്ററിന്റെ പ്രവർത്തനം പൂർണ്ണമായി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>നിർത്തലാക്കിയ സർവിസുകൾ പുനരാരംഭിക്കാൻ നടപടി</u>

1687 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വാ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന എത്ര ബസ് ഷെഡ്യൂളുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) കുട്ടനാട് നിയോജകമണ്ഡലത്തിലെ പലയിടത്തും കെ.എസ്.ആർ.ടി.സി. ബസുകൾ നിർത്തലാക്കിയത് മൂലം യാത്രാക്ലേശം വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പടഹാരം പാലം നിർമ്മാണ സമയത്ത് നിർത്തിവച്ചിരുന്ന ബസ് സർവ്വീസ്, പ്രസ്തുത നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് പുനരാരംഭിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>പാറശ്ശാല മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഗാരേജുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

1688 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട, പാറശ്ശാല കെ.എസ്.ആർ.ടി.സി. ഗാരേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശോച്യാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗാരേജുകളുടെ നവീകരണത്തിനും യാത്രക്കാർക്കും ജീവനക്കാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ കറുകട്ടിയിൽ കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പ് സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി നിലവിൽ ഉപയോഗിക്കാതെ കാടുകയറി കിടക്കുന്നതും സംരക്ഷണമില്ലാത്ത അവസ്ഥയിലുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും സ്ഥാപനം, വർക്ക്ഷോപ്പ്, പരിശീലന കേന്ദ്രം, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കാമോ;

(സി) പ്രസ്തുത ഭൂമി നിലവിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. യുടെ ഏതെങ്കിലും സ്ഥാപനം ആരംഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. തലത്തിൽ പദ്ധതിയോ നിർദ്ദേശമോ നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ;

(ഡി) പാറശ്ശാല നിയോജക മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഗാരേജുകളുടെയും കറുകട്ടിയിലെ കെ.എസ്.ആർ.ടി.സി. ഭൂമിയുടെയും ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കിയതിന് ആവശ്യമായ തുക</u>**

1689 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കിയതിന് ആവശ്യമായ എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്ത്രീ സൗജന്യയാത്ര നടപ്പിലാക്കുന്നതിനായി കെ.എസ്.ആർ.ടി.സി. കെ.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എത്ര തുക പലിശയിനത്തിൽ നൽകണമെന്ന് വിശദമാക്കാമോ;

(സി) കെ.എഫ്.സി. യെ കൂടാതെ മറ്റ് ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടോ; അഥവാ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വായ്പ തുകയുടെ പലിശ നൽകുന്നത് സർക്കാരാണോ കെ.എസ്.ആർ.ടി.സി. ആണോയെന്ന് വിശദമാക്കാമോ?

## <u>മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം</u>

1690 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഒരു കോടി രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ എം.എൽ.എ. യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന്റെ അനുമതിക്കായി വകുപ്പ് (TRANS-A2/150/2023) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(സി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കവാടം നിർമ്മാണത്തിന് എം.എൽ.എ.യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് (TRANS-A2/47/2026) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>പുതുക്കാട് കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരണം</u>

1691 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുക്കാട് കെ.എസ്.ആർ.ടി.സി ഡിപ്പോ നവീകരണത്തിനായി സമർപ്പിച്ച 5 കോടി രൂപയുടെ പ്രോജക്റ്റിനും എസ്റ്റിമേറ്റിനും ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>വടക്കഞ്ചേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ</u>**

1692 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരി ടൗണിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വടക്കഞ്ചേരി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ കെ.എസ്.ആർ.ടി.സി. ബസുകൾ പ്രവേശിക്കുന്നതിനും കെ.എസ്.ആർ.ടി.സി. സർവീസ് ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>ആറ്റിങ്ങൽ കച്ചേരിനടയിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ്</u>**

1693 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കച്ചേരിനടയും കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റും ഐഡന്റിക്കൽ ഫെയർ സ്റ്റേജുകൾ ആക്കി മാറ്റണമെന്നും കച്ചേരിനടയിൽ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നുമുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ നിർമ്മാണം</u>**

1694 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് വ്യക്തമാക്കാമോ; അവയുടെ നിർമ്മാണ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കം മൂലം അടിയന്തരമായി പുനർനിർമ്മിക്കേണ്ട ബസ് സ്റ്റേഷനുകളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കൂടുതൽ വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പെടുത്തി കെ.എസ്.ആർ.ടി.സി.-യ്ക്ക് സ്ഥിരമായ വരുമാനമാർഗങ്ങൾ ഉറപ്പാക്കുന്ന വിധത്തിൽ ബസ് സ്റ്റേഷനുകൾ നവീകരിക്കുമോ; വ്യക്തമാക്കുമോ?

## വയനാട് ചുരം നാലാംവളവിൽ ഫെയർസ്റ്റേജ്

1695 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രമായ വയനാട് ചുരം നാലാംവളവ് കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ബസുകൾക്ക് ഫെയർസ്റ്റേജ് അനുവദിക്കാനുള്ള എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിൽ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ടൂറിസം കേന്ദ്രമായ വയനാട് ചുരം നാലാംവളവിൽ പ്രത്യേക ഫെയർസ്റ്റേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഗ്രാമപ്രദേശങ്ങളിലെ ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

1696 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിലൂടെ ലാഭകരമായി ഓടിയിരുന്ന ഒട്ടനവധി സർവ്വീസുകൾ മുൻ സർക്കാരിന്റെ കാലത്ത് നിർത്തലാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൂർണ്ണമായും ലാഭകരമാക്കുന്നതിന് ഷെഡ്യൂൾ പരിഷ്ക്കരണം ഉൾപ്പെടെ പഠിച്ച് നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. യുടെ സമഗ്ര പുരോഗതിയ്ക്ക് എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർധനയ്ക്കുള്ള പദ്ധതികൾ

1697 **ശ്രീ. വർഗ്ഗീസ് മാമ്മൻ**

**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മൂലധനച്ചെലവ് കുറയ്ക്കുന്നതിനും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ സർവീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യ്ക്ക് എത്ര ബസ്സുകളാണുള്ളത്; അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത് എത്രയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്;

(സി) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകാൻ സാധിക്കുന്ന പദ്ധതിക്ക് മികച്ച പ്രതികരണം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തുറമുഖാധിഷ്ഠിത ചരക്കുനീക്ക സേവന മേഖലയിലേക്ക് കടക്കാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കെ.എസ്.ആർ.ടി.സി.യുടെ ബജറ്റ് ടൂറിസം സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ; സെൽ പുതുതായി ആരംഭിച്ചിട്ടുള്ള ലക്ഷ്വറി പാക്കേജ് സർവീസുകൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

## ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം

1698 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി 24 മണിക്കൂറും നിരീക്ഷണം നടത്തുന്നതിനുള്ള എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതിനായി ദേശീയപാതയെ വിവിധ സോണുകളായി തിരിച്ച് പ്രത്യേക സംഘങ്ങളെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പോലീസുമായി സഹകരിച്ചാണോ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ ഇത്തരം പരിശോധനകൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ?

**<u>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ശമ്പള സ്കെയിൽ</u>**

1699 **ശ്രീ. അപ്പു ജോൺ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയ്ക്ക് നിലവിൽ ₹63,700–₹1,23,700 എന്ന ശമ്പള സ്കെയിലും, തൊട്ടടുത്ത സ്ഥാനക്കയറ്റ തസ്തികയായ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തികയ്ക്ക് ₹95,600–₹1,53,200 എന്ന ശമ്പള സ്കെയിലുമാണോ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിയമപരവും ഭരണപരവുമായ വിവിധ ഉത്തരവാദിത്വങ്ങൾ ആർ.ടി.ഒ. മാർ നിർവഹിക്കുന്ന സാഹചര്യത്തിൽ സമാന ഉത്തരവാദിത്വവും അധികാരവും വഹിക്കുന്ന മറ്റ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലുമായി താരതമ്യം ചെയ്ത് ആർ.ടി.ഒ. തസ്തികയുടെ ശമ്പള സ്കെയിൽ പുനഃപരിശോധിക്കേണ്ടതുണ്ടോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ, നോൺ-ഐ.പി.എസ്. പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള സമാനതലത്തിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിലും ചുമതലകളും അധികാരങ്ങളും താരതമ്യം ചെയ്ത് ആർ.ടി.ഒ. മാരുടെ ശമ്പള സ്കെയിൽ ഉയർത്തി അനുയോജ്യമായ ശമ്പള പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മോട്ടോർ വാഹന വകുപ്പിലെ അഴിമതി തടയാൻ നടപടി</u>**

1700 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഏജന്റുമാരെയും ഇടനിലക്കാരെയും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതുവഴി മോട്ടോർ വാഹന വകുപ്പിലെ ക്രമക്കേടുകൾ എത്രമാത്രം ഒഴിവാക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ആദ്യം ലഭിക്കുന്ന അപേക്ഷകളുടെ ക്രമത്തിൽ വിവിധ സേവനങ്ങൾക്ക് തീർപ്പുകൽപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ അഴിമതിക്കുള്ള സാഹചര്യം പൂർണ്ണമായും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>**തേർഡ് പാർട്ടി ഇൻഷുറൻസ് പരിരക്ഷാ നിർദേശങ്ങൾ**</u>

1701 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെടുന്ന വലിയൊരു ശതമാനം വാഹനങ്ങൾക്കും തേർഡ് പാർട്ടി ഇൻഷുറൻസ് പരിരക്ഷ ഇല്ലെന്നതും ഇതുമൂലം അപകടങ്ങൾക്കിരയാകുന്നവർക്ക് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണൽ വഴി അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി ലഭിക്കുന്നില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തേർഡ് പാർട്ടി ഇൻഷുറൻസ് പോളിസിയുടെ കാലാവധി അറിയാതെ പോകുന്നത് ഒഴിവാക്കുന്നതിനായി വാഹനങ്ങളുടെ ഫ്യൂവൽ ടാങ്ക് ക്യാപ്പിൽ ഇൻഷുറൻസ് വിവരങ്ങൾ (ഇൻഷുറൻസ് കാലാവധി, പോളിസി നമ്പർ, കമ്പനിയുടെ പേര്) അടങ്ങിയ സ്റ്റിക്കർ നിർബന്ധമായും പതിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇൻഷുറൻസ് കാലാവധി കഴിഞ്ഞതോ ഇത്തരം ഇൻഷുറൻസ് വിവരങ്ങൾ അടങ്ങിയ സ്റ്റിക്കർ പതിക്കാത്തതോ ആയ വാഹനങ്ങൾക്ക് ഫ്യൂവൽ സ്റ്റേഷനുകളിൽ നിന്ന് ഇന്ധനം നൽകുന്നത് വിലക്കിക്കൊണ്ട് ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇൻഷുറൻസ് കമ്പനികൾ തേർഡ് പാർട്ടി പോളിസികളുടെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് ആർ.സി. ഉടമകൾക്ക് റിമൈൻഡർ സന്ദേശങ്ങളോ കത്തുകളോ അയയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് മുഖേന എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>**ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേക നിറം**</u>

1702 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് ബസുകൾക്ക് വെള്ള നിറം മാത്രം എന്നുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) കേന്ദ്രസർക്കാർ പുറത്തിറക്കിയ ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളിൽ ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേകമായ നിറം നിഷ്കർഷിച്ചിട്ടില്ല എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഇത്തരം നിയന്ത്രണത്താൽ വാഹന ഉടമകൾ വാഹനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ മോട്ടോർ വാഹന നികുതി, പെർമിറ്റ് ഫീസ് എന്നിനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേക നിറം എന്ന നിബന്ധന പുന:പരിശോധിക്കുമോ; വ്യക്തമാക്കാമോ?

<u>ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷൻ ഫയലുകൾ തീർപ്പാക്കാൻ നടപടി</u>

1703 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ 2026 വരെ വിവിധ റീജിയണൽ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷൻ സംബന്ധിച്ച് ലഭിച്ചിട്ടുള്ളതും ഇതുവരെ തീർപ്പുകൽപ്പിക്കാത്തതുമായ ഫയലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലുകളിൽ തീരുമാനം വൈകുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നും ഫയലുകൾ തീർപ്പാക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമം എന്താണെന്നും അറിയിക്കാമോ;

(സി) ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്യൽ, സസ്പെൻഷൻ റദ്ദാക്കൽ/ പിൻവലിക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് നിശ്ചിത സമയപരിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമയപരിധി എത്രയാണെന്നും അതു സംബന്ധിച്ച ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോയെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത വിഷയങ്ങളിൽ ഫയലുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ സ്റ്റാൻഡേർഡ്

ഓപ്പറേറ്റിംഗ് പ്രൊസീജർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശവും ഇതിൻ പ്രകാരം ഫയൽ തീർപ്പാക്കുന്നതിനുള്ള ഓരോ ഘട്ടവും സമയപരിധിയും വ്യക്തമാക്കാമോ?

## വാഹന രൂപമാറ്റം

1704 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. പി. പി. സുമോദ്**

**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന രൂപമാറ്റം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങൾ പരിഹരിക്കുമെന്ന ഉറപ്പുകൾ പാലിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹന രൂപമാറ്റം സംബന്ധിച്ച ഇളവുകൾ നൽകുന്നതിന് സംസ്ഥാന സർക്കാരിന് നിയമപരമായി അധികാരമുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇതുസംബന്ധിച്ച് ഗതാഗത വകുപ്പ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വാഹന രൂപമാറ്റത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ നിലപാട് എന്താണെന്നും വിശദമാക്കാമോ;

(ഡി) സർക്കാർ അനുമതിയോ ഉത്തരവോ ഇല്ലാതെ മന്ത്രിമാർ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ വാഹനത്തിൽ സ്റ്റേറ്റ് ബോർഡും ബീക്കണും മറ്റും വെക്കുന്നത് കുറ്റകരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിൽ ഉപയോഗിച്ച വാഹന ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

## ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമെറ്റ് നിർബന്ധമാക്കാൻ നടപടി

1705 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റോഡപകട മരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാത്തരം ഇരുചക്ര വാഹന യാത്രികർക്കും ഹെൽമറ്റ്

നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹെൽമറ്റ് നിർബന്ധമല്ലാത്ത ഇരുചക്രവാഹനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്യുമ്പോൾ കുറഞ്ഞത് രണ്ട് ഹെൽമെറ്റുകളെങ്കിലും സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പിലാത്തറ–പാപ്പിനിശ്ശേരി റോഡിലെ വാഹനാപകടങ്ങൾ</u>

1706 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രധാന റോഡായ പിലാത്തറ–പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിൽ സംഭവിക്കുന്ന അപകടങ്ങളുടെ കാരണങ്ങൾ സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) മേല്പറഞ്ഞ റോഡിലെ വാഹനങ്ങളുടെ അമിതവേഗവും അശ്രദ്ധമായ ഡ്രൈവിങ്ങും നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നിയമങ്ങളുടെ കർശനമായ പാലനം ഉറപ്പാക്കുന്നതിനും പ്രസ്തുത റോഡിൽ സംഭവിക്കുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുമായി വകുപ്പ് എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിവരുന്നതെന്നും ആസൂത്രണം ചെയ്യുന്നതെന്നും വിശദമാക്കാമോ?

<u>വാഹന മോഡിഫിക്കേഷൻ</u>

1707 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന മോഡിഫിക്കേഷന് നിലവിലെ സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്നും ഇത്തരം ഇളവുകൾ നൽകാൻ സംസ്ഥാന സർക്കാരിന് നിയമപരമായ അധികാരമുണ്ടോ എന്നും ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാരപരിധി എത്രത്തോളമാണെന്നും വ്യക്തമാക്കാമോ;

(ബി) വാഹന മോഡിഫിക്കേഷൻ സംബന്ധിച്ച് യുവജന/വാഹന ഉടമ സംഘടനകളുമായി ഔദ്യോഗിക ചർച്ച നടത്തിയിട്ടുണ്ടോയെന്നും അവർക്ക് ഉറപ്പുകൾ നൽകിയെങ്കിൽ എന്തൊക്കെയായിരുന്നുവെന്നും അവയിൽ എത്രയെണ്ണം നടപ്പാക്കിയെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്റ്റർ ചെയ്ത മോഡിഫിക്കേഷൻ സംബന്ധിച്ച കേസുകളുടെയും (ലൈറ്റ്, ടയർ, സൈലൻസർ തുടങ്ങിയവയ്ക്ക് പ്രത്യേകമായി) ഇതിലൂടെ ഈടാക്കിയ പിഴയുടെയും കണക്കുകൾ മാസവും ജില്ലയും തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഓരോ അനധികൃത മോഡിഫിക്കേഷനും 5000 രൂപ വീതം പിഴ ചുമത്തണമെന്ന ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം എത്ര രൂപ പിഴ ചുമത്തി എന്നും പിഴ വരുമാനം വർദ്ധിപ്പിക്കാൻ മോട്ടോർ വാഹന വകുപ്പിന് എന്തെങ്കിലും ടാർഗെറ്റ് നിശ്ചയിച്ച് നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ?

## ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണം

1708 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡ്രൈവിംഗ് ടെസ്റ്റ് നടത്തിപ്പിൽ പുതുതായി കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ രീതികളും നിബന്ധനകളും പ്രായോഗികമല്ലാത്തതായിരുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഷ്കരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(സി) റോഡിലെ അപകടസാധ്യതകൾ മനസ്സിലാക്കാനുള്ള ഡ്രൈവറുടെ കഴിവ് പരിശോധിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത ഹസാഡ് പെർസെപ്ഷൻ ടെസ്റ്റ് ഡ്രൈവിംഗ് ലൈസൻസിന് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## ഗതാഗത വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുവാൻ നടപടി

1709 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ. ഓഫീസുകളിലും പ്രവർത്തനസമയം പുന:ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉച്ചക്ക് ശേഷം ആർ.ടി.ഒ. ഓഫീസുകളിൽ മതിയായ സേവനം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യകതമാക്കാമോ;

(ബി) 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വിദ്യാർത്ഥികൾക്കും ഡ്രൈവിംഗ് പരിശീലനം നൽകാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) റോഡപകടങ്ങളിലെ മരണനിരക്ക് കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ വിഭാഗം കർമ്മപദ്ധതി തയ്യാറാക്കുന്നുണ്ടോ; കൂടാതെ ഡ്രൈവിംഗ് സ്കൂളുകളുടെ നേതൃത്വത്തിൽ റോഡ് സുരക്ഷാ സാക്ഷരതാ ക്യാമ്പയിൻ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

**<u>കോവളം–ബേക്കൽ ജലപാത</u>**

1710 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം–ബേക്കൽ ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ)യുടെ രണ്ടാംഘട്ടത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ കോടതികളിൽ നിലവിലുണ്ടോ?

**<u>പൊതുമേഖലയിലെ ബോട്ട് സർവീസുകൾ</u>**

1711 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് പൊതുമേഖലയിൽ ജലഗതാഗതവകുപ്പിന്റെ ബോട്ട് സർവീസുകൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) യാത്രാബോട്ടുകളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; സംസ്ഥാനത്തെ പ്രധാന ജലപാതകളിൽ ഡ്രഡ്ജിങ് നടത്താത്തതിനാൽ ബോട്ട് സർവീസുകൾ തടസ്സപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജലഗതാഗത മേഖലയിലെ പഴയ ബോട്ടുകൾക്ക് പകരം വൈദ്യുതി, സൗരോർജം തുടങ്ങിയ പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്ന ബോട്ടുകൾ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

### <u>തിരുവല്ലം-ആക്കുളം ബോട്ട് സർവീസ്</u>

1712 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിനംപ്രതി വർധിച്ചുവരുന്ന മോട്ടോർ വാഹന തിരക്ക് ഒഴിവാക്കുന്നതിനും കായൽ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി തീർത്ഥാടന കേന്ദ്രമായ തിരുവല്ലം മുതൽ ടൂറിസം മേഖലയായ ആക്കുളം വരെ ബോട്ട് സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ബോട്ട് സർവീസ് ആരംഭിക്കുന്നതിന് മുന്നോടിയായി ബോട്ട് ജെട്ടികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി പദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

### <u>പശുസഖിമാർക്ക് തൊഴിൽ അവസരങ്ങളും ആനുകൂല്യങ്ങളും</u>

1713 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടുംബശ്രീ സംസ്ഥാന മിഷന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്ത പദ്ധതി പ്രകാരം എ-ഹെൽപ്(അക്രഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റൻഷൻ ഓഫ് ലൈവ്സ്റ്റോക്ക്

പ്രൊഡക്ഷൻ) പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പശുസഖിമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പരിശീലനം പൂർത്തിയാക്കിയ പശുസഖിമാർക്ക്, ആശാ വർക്കർമാർക്ക് സമാനമായ രീതിയിൽ മൃഗസംരക്ഷണ മേഖലയിൽ സ്ഥിരമായ സേവന അവസരങ്ങളോ പ്രതിഫലമോ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മൃഗസൗഹൃദ പ്രതിരോധ കുത്തിവെയ്പ്പ്, ഇൻഷുറൻസ് ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇവർക്ക് കൃത്യമായ അവസരങ്ങളും വേതനവും ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ;

(ഡി) തളിപ്പറമ്പ് മണ്ഡലം ഉൾപ്പെടെ വിവിധ പ്രദേശങ്ങളിലെ പശുസഖിമാർ ഇതുസംബന്ധിച്ച് നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>താനൂർ വെറ്ററിനറി ആശുപത്രിയുടെ സ്ഥലം</u>**

1714 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ വെറ്ററിനറി ആശുപത്രിയുടെ സ്ഥലം സിവിൽ സ്റ്റേഷന് വേണ്ടി കൈമാറിയത് കാരണം പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനു ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറുമ്പോൾ പകരമായി ഭൂമിയും സൗകര്യവും വെറ്ററിനറി ആശുപത്രിക്ക് നൽകുമെന്ന ജില്ലാതല യോഗതീരുമാനം നടപ്പിലാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>കല്യാശ്ശേരി മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ</u>**

1715 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര വെറ്ററിനറി ഡിസ്പെൻസറികളാണ് പ്രവർത്തിച്ചുവരുന്നതെന്നും പ്രസ്തുത ഡിസ്പൻസറികളിലേക്കായി എത്ര വെറ്ററിനറി സർജൻ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികളിൽ മുഴുവൻ സമയ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജിന്റെ നിർമ്മാണം</u>**

1716 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കോളേജിന്റെ നിർമ്മാണത്തിനും അക്കാദമികമായും ഭരണപരമായും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഭരണാനുമതി, സാങ്കേതികാനുമതി, സാമ്പത്തികാനുമതി എന്നിവ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക,അനുമതിയുടെ തീയതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ക്ഷീരമേഖലയിലെ വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനം, അധ്യാപന-ഗവേഷണ പ്രവർത്തനങ്ങൾ, കർഷകർക്ക് സാങ്കേതിക പരിശീലനം എന്നിവ ഉറപ്പാക്കുന്നതിനായി പ്രസ്തുത കോളേജിനോട് അനുബന്ധമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഡയറി ഫാം,

പരിശീലന കേന്ദ്രം, ഗവേഷണ സൗകര്യങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നെട്ടുകാൽത്തേരിയിൽ ഡയറി സയൻസ് കോളേജും അനുബന്ധ ഡയറി ഫാമും യാഥാർത്ഥ്യമാക്കുന്നതിലൂടെ പ്രദേശത്തെ ക്ഷീരകർഷകർക്ക് ലഭിക്കുന്ന സാങ്കേതികവും പരിശീലനപരവുമായ പ്രയോജനങ്ങൾ കണക്കിലെടുത്ത്, പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുമോ; ഇതിനായി നിശ്ചിത സമയക്രമം തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ ഫാമുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1717 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വിതുര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിതുര, ചെറ്റച്ചൽ എന്നീ ജേഴ്സി ഫാമുകളിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിശദാംശവും ആയതിനായി നീക്കിവച്ചിട്ടുള്ള തുകയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തിക

1718 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ എണ്ണവും നിലവിൽ ജില്ല തിരിച്ചുള്ള യഥാർത്ഥ ഒഴിവുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നിന്നും ഗ്രേഡ്-I ലേക്ക് പ്രമോഷൻ നൽകിയതിലൂടെ ഓരോ

ജില്ലയിലും എത്ര വീതം ഗ്രേഡ്-II ഒഴിവുകളാണ് പുതുതായി രൂപപ്പെട്ടിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രമോഷൻ മുഖേനയും വിരമിക്കൽ മുഖേനയും ഉണ്ടായ പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം ഇതിനകം കേരള പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ ജില്ലയിലും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ കണക്ക് വ്യക്തമാക്കുമോ;

(ഡി) നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-II ഒഴിവുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രമോഷൻ വഴിയും അല്ലാതെയും നിലവിൽ വന്നിട്ടുള്ളതും ഇതു വരെ റിപ്പോർട്ട് ചെയ്യപ്പെടാത്തതുമായ മുഴുവൻ ഒഴിവുകളും കേരള പി.എസ്.സി.ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>ലേബർ സെസ്</u>

1719 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ അടയ്ക്കേണ്ട ലേബർ സെസ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനോടൊപ്പം തന്നെ പ്രസ്തുത ലേബർ സെസ് ബന്ധപ്പെട്ട പഞ്ചായത്തുകളിലോ കോർപ്പറേഷനുകളിലോ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) വിവിധ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിലവിൽ ഈടാക്കിവരുന്ന ലേബർ സെസിന്റെ നിരക്കുകളും സ്ലാബുകളും വിശദമാക്കുമോ?

## <u>അസംഘടിത മേഖലയിലെ തൊഴിലാളികൾ</u>

1720 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിനായി നിലവിലുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ തൊഴിലാളികളിലും എത്തിക്കുന്നതിനും തൊഴിലാളികളുടെ രജിസ്ട്രേഷൻ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ നടപടികൾ സ്വീകരിക്കുമോ?

**പാലക്കാട് ജില്ലയിൽ തൊഴിൽ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

1721 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ തൊഴിൽ വകുപ്പിന് കീഴിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അനുവദിച്ച തുക സഹിതം വിശദമാക്കുമോ?

**തൊഴിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

1722 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ശരണ്യ, കൈവല്യ പദ്ധതികൾ**

1723 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത അശരണരായ വനിതകൾക്കും ഭിന്നശേഷിക്കാർക്കുംവേണ്ടി ശരണ്യ, കൈവല്യ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) നാളിതുവരെ എത്രപേർക്ക് ടി പദ്ധതികൾ വഴി സഹായം ലഭ്യമാക്കാൻ കഴിഞ്ഞുവെന്നും എത്ര പേർക്ക് സഹായം നൽകാൻ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ നിർത്തലാക്കാൻ വകുപ്പുതലത്തിൽ ആലോചന ഉണ്ടോ; ഉണ്ടെങ്കിൽ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സഹായം ലഭ്യമാകുന്ന ടി പദ്ധതികൾ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കേന്ദ്ര സർക്കാരിന്റെ ലേബർ കോഡുകൾ</u>**

1724 **ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആയതിനായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് മുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) പുതിയ ലേബർ കോഡ് നിലവിൽ വരുന്നതോടു കൂടി ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>പുതിയ തൊഴിൽ സംഹിതയിന്മേലുള്ള ചട്ടരൂപീകരണം</u>**

1725 **ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 നവംബർ 21 മുതൽ പ്രാബല്യത്തിൽവന്ന പുതിയ തൊഴിൽ സംഹിതയുടെയും 2026 മേയ് 8ന് വിജ്ഞാപനം ചെയ്ത അന്തിമ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ തൊഴിൽ ചട്ടങ്ങൾക്ക് രൂപം നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ;

(ബി) വ്യവസായ സൗഹൃദ അന്തരീക്ഷവും തൊഴിലാളിക്ഷേമവും ഉറപ്പുവരുത്തുംവിധം ചട്ടങ്ങൾ രൂപീകരിക്കാൻ ലക്ഷ്യമിട്ട് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പൂർണസമയ ജോലി ചെയ്യാൻ ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും തങ്ങളുടെ ഒഴിവു സമയത്തിനനുസരിച്ച് മണിക്കൂർ അടിസ്ഥാനത്തിൽ വ്യത്യസ്ത സമയങ്ങളിൽ ഒന്നിലധികം സ്ഥലങ്ങളിൽ ജോലി ചെയ്ത് വരുമാനം നേടാനുതകുംവിധം ചട്ടങ്ങൾ രൂപീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) ചെയ്യുന്ന ജോലിയുടെ അളവിലും സമയത്തിലും അന്തരവും അവ്യക്തതയും നിലനിൽക്കുന്നതിനാൽ ദിവസവേതനക്കാർക്ക് തൊഴിൽ കൊടുക്കാൻ ദാതാക്കൾ വൈമുഖ്യം കാട്ടുന്നതും തന്മൂലം കൃഷിപ്പണികൾ പോലും പലരും വേണ്ടെന്നുവയ്ക്കുന്ന സ്ഥിതിയും നേരിടാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുമോ; വ്യക്തമാക്കുമോ;

(ഇ) തദ്ദേശീയരായ തൊഴിലാളികൾക്ക് ലഭിക്കുന്ന അതേ വേതനവും ആനുകൂല്യങ്ങളും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുതകും വിധം ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ</u>**

1726 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസാക്കിയ തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിലാളികളുടെ തൊഴിൽ അവകാശങ്ങൾ കവർന്നെടുക്കുന്ന ലേബർ കോഡുകളോടുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(സി) പുതിയ ലേബർ കോഡുകൾ നടപ്പിലാക്കുന്നത് നിർത്തിവയ്ക്കുന്നതിനോ വൈകിപ്പിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടും സംസ്ഥാനത്തെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടും സാധ്യമായ വിധത്തിൽ നിയമനിർമ്മാണം നടത്തുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

**ലേബർ കോഡ്**

1727 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളിവിരുദ്ധ ലേബർ കോഡ് സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ നിയമിച്ച ജസ്റ്റിസ് വി.ഗോപാൽ ഗൗഡ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശവും വിലയിരുത്തലും ലഭ്യമാക്കുമോ;

(സി) റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്ന തൊഴിലാളി സംരക്ഷണ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ആയതിനുള്ള ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

**കർഷക തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ**

1728 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽനിന്നും, 60 വയസ്സ് പൂർത്തിയായി വിരമിക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന അതിവർഷാനുകൂല്യം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**അതിഥി തൊഴിലാളികളുടെ താമസ സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളുടെ ശോചനീയാവസ്ഥയും**

1729 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നിർമ്മാണം മുതലായ വിവിധ തൊഴിലുകൾക്കായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നവരുടെ കണക്കുകൾ ശേഖരിക്കാനും അവരുടെ ക്ഷേമം ഉറപ്പുവരുത്താനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കരാർ കമ്പനികൾ പ്രസ്തുത തൊഴിലാളികളെ വളരെ മോശം സാഹചര്യത്തിൽ താമസിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അതിഥി തൊഴിലാളികളിലെ ഒരു വിഭാഗം പേർ അമിതമായ ലഹരി ഉപയോഗത്തിന് അടിമകളാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര തൊഴിലാളികളാണ് മരണപ്പെട്ടിട്ടുള്ളത്; ഇത്തരത്തിൽ അപകടമരണങ്ങൾ ഉണ്ടാകുമ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) വിവിധ നിർമ്മാണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപകട ഇൻഷുറൻസ് പദ്ധതി നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ഗിഗ് തൊഴിലാളികൾക്കായി വിശ്രമകേന്ദ്രങ്ങൾ**

1730 **ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമിട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) മതിയായ വിശ്രമവും സൗകര്യങ്ങളും അന്യമായ ഗിഗ് തൊഴിലാളികൾക്കായി വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലകളിൽ പ്രസ്തുത വിശ്രമകേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ അടുത്ത ഘട്ടമായി നഗരങ്ങളിൽ കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്നതിനും രണ്ടാംനിര പട്ടണങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനും തയ്യാറാകുമോ; വ്യക്തമാക്കുമോ?

<u>**ഗിഗ് തൊഴിലാളികൾക്ക് വിശ്രമ മുറികൾ**</u>

1731 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗിഗ് തൊഴിലാളികൾക്ക് വിശ്രമ മുറികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗിഗ് മേഖല ഇന്ന് സംസ്ഥാനത്തെ ഒരു പ്രധാന തൊഴിൽ സംവിധാനം ആയതിനാലും തൊഴിലാളികൾക്ക് മതിയായ തൊഴിൽ സുരക്ഷയും വിശ്രമത്തിനുള്ള ഇടവും ഒരുക്കേണ്ടത് ആവശ്യമായതിനാലും പ്രസ്തുത പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുമോ എന്ന് അറിയിക്കുമോ?

<u>**ലേബർ കോഡ്**</u>

1732 **ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. ടി. എം. ശശി**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ലേബർ കോഡ് തൊഴിലുടമകൾക്ക് അനുകൂലമായതും കരാർവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ലേബർ കോഡിനെക്കുറിച്ച് പഠിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് കമ്മീഷനെ നിയോഗിച്ചിരുന്നോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ലേബർ കോഡിന്റെ മറവിൽ സംസ്ഥാനത്തെ ചില കമ്പനികൾ ജീവനക്കാരെ കൂട്ടത്തോടെ പിരിച്ചുവിട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ സംസ്ഥാന നിയമം കൊണ്ടുവരുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; ആയതിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>കേന്ദ്രസർക്കാർ 2020-ൽ പാസാക്കി 2025-നവംബറിൽ വിജ്ഞാപനം ചെയ്ത 4 ലേബർ കോഡുകൾ</u>

1733 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2020-ൽ പാസാക്കി 2025-നവംബറിൽ വിജ്ഞാപനം ചെയ്ത 4 ലേബർ കോഡുകൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലേബർ കോഡുകൾ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യാതെ കൊണ്ടുവന്നതാണെന്നും തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നവയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത്

തൊഴിലാളികളെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലേബർ കോഡ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഏതൊക്കെ സംഘടനകളുമായാണ് ചർച്ച നടത്തിയതെന്നും ഓരോ സംഘടനകളുടെയും നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ചർച്ചയുടെ തീരുമാനം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

<u>അളഗപ്പ നഗർ ഇ.എസ്.ഐയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ</u>

1734 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ നഗർ ഇ.എസ്.ഐയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) ജീർണ്ണാവസ്ഥയിലായ പഴയ കെട്ടിടത്തിൽ നിന്നും വാടക കെട്ടിടത്തിലേയ്ക്ക് മാറി പരിമിതമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന അളഗപ്പ നഗർ ഇ.എസ്.ഐ. ആശുപത്രിക്ക് ലാബ് സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ</u>

1735 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ നിയമനം ലഭിച്ച ഉദ്യോഗസ്ഥർ പ്രസ്തുത ജില്ലകളിൽ തന്നെ ജോലിയിൽ തുടരണമെന്ന 14-03-2022 തീയതിയിലെ എ.ആർ.14(1)/06/2022 ഉ.ഭ.പ.വ.നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ മറികടന്ന്, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് എത്ര പേർക്ക് തൊഴിൽ വകുപ്പിൽനിന്ന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിയമനം ലഭിച്ചവരിൽ എത്ര പേർ മാതൃസ്ഥാപനത്തിൽ പ്രൊബേഷൻ പ്രഖ്യാപിക്കാതെ മറ്റു സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രൊബേഷൻ പ്രഖ്യാപിക്കാതെ, മറ്റു സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് വകുപ്പ് അനുമതി നൽകിയത് ക്രമപ്രകാരമാണോ; അല്ലെങ്കിൽ, ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) 14-03-2022-ലെ സർക്കുലറിലെ വ്യവസ്ഥകൾ മറികടന്ന് നിലവിൽ മറ്റു സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ മാതൃസ്ഥാപനത്തിലേക്ക് തിരിച്ചയക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>കുളത്തൂപ്പുഴ ആർ.പി.എല്ലിലെ താത്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ</u>

1736 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലുൾപ്പെട്ട കുളത്തൂപ്പുഴ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിൽ ഇരുപത് വർഷമായി താല്ക്കാലികമായി ജോലി ചെയ്തു വരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) കുളത്തൂപ്പുഴ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് മൂലം സർക്കാരിന് അധിക ബാധ്യത ഉണ്ടാകാത്ത സാഹചര്യത്തിൽ പ്രസ്തുത താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിനുശേഷം വനിതാ ശാക്തീകരണം</u>

1737 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതു മുതൽ 2025–26 വരെ വനിതാ ശാക്തീകരണത്തിനായി പുതുതായി ആരംഭിച്ച പദ്ധതികൾ ഏതെല്ലാം; പദ്ധതി തിരിച്ചുള്ള ലക്ഷ്യവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ തൊഴിൽ, സ്വയംതൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, സാമ്പത്തിക സ്വാശ്രയത്വം എന്നിവ കൈവരിച്ച വനിതകളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതികളുടെ നേട്ടങ്ങൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വകുപ്പ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വനിതാ ശാക്തീകരണത്തിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## <u>വനിത-ശിശു വികസന വകുപ്പിലെ തസ്തിക സൃഷ്ടിക്കലും സർവീസ് ചട്ട രൂപീകരണവും</u>

1738 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവർത്തനഭാരം കണക്കിലെടുത്ത് ആവശ്യമായ തസ്തികകൾ യഥാസമയം സൃഷ്ടിക്കാതിരിക്കുകയും ജീവനക്കാരുടെ സേവന-ഭരണപരമായ കാര്യങ്ങൾക്ക് ആവശ്യമായ പ്രത്യേക സർവീസ് ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) വനിത-ശിശു വികസന വകുപ്പ് ഏത് സർക്കാരിന്റെ കാലത്താണ് രൂപീകരിച്ചതെന്നും രൂപീകരണ തീയതിയും അതിനുള്ള സർക്കാർ ഉത്തരവിന്റെ വിശദാംശവും വ്യക്തമാക്കുമോ;

(സി) വകുപ്പ് രൂപീകരിച്ചതിനുശേഷം ഇതുവരെ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും തസ്തിക തിരിച്ചും വർഷം തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) വകുപ്പിന്റെ വർധിച്ചുവരുന്ന പ്രവർത്തനഭാരം പരിഗണിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ ഭരണപരമായ കാരണങ്ങൾ എന്തെന്നും ഇതുമൂലം വകുപ്പിന്റെ പ്രവർത്തനത്തിലും സേവനവിതരണത്തിലും ഉണ്ടായ പ്രത്യാഘാതങ്ങൾ എന്തെന്നും വ്യക്തമാക്കുമോ;

(ഇ) വകുപ്പ് രൂപീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും സ്പെഷ്യൽ റൂൾസ് രൂപീകരിക്കാത്തത് ഭരണപരമായ വീഴ്ച മൂലമോ മറ്റ് സാങ്കേതികമോ നിയമപരമോ ആയ കാരണങ്ങളാലാണോ എന്നും സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കുന്നതിന് സമയബന്ധിതനടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

## <u>വനിത-ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ്</u>

1739 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ; സർവീസ് സംഘടനകളുമായി ചർച്ച നടത്തി തീരുമാനം ആയിട്ടുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് പകർപ്പ് ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന നടപടികൾ പുനരുജ്ജീവിപ്പിക്കുമോ?

## <u>വനിതാ ശിശു വികസന വകുപ്പിലെ നൂറ് ദിന കർമ്മ പരിപാടി</u>

1740 **ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറു ദിന കർമ്മ പരിപാടിയിൽ വനിതാ ശിശു വികസന വകുപ്പ് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശവും പ്രയോജനങ്ങളും വ്യക്തമാക്കുമോ?

**വനിതാ ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ്**

1741 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പിലെ സ്പെഷ്യൽ റൂൾസ് രൂപീകൃതമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നാളിതുവരെയായിട്ടും സ്പെഷ്യൽ റൂൾ രൂപീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ബി) മുടങ്ങിക്കിടന്ന സ്പെഷ്യൽ റൂൾ രൂപീകരണ നടപടികൾ പുനരുജ്ജീവിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവീസ് സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണെന്നും വ്യക്തമാക്കുമോ; സർവീസ് സംഘടനകളുമായി ചർച്ച നടത്തി തീരുമാനം ആയിട്ടുള്ള സ്പെഷ്യൽ റൂൾസിന്റെ കരട് പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കുറ്റമറ്റ സ്പെഷ്യൽ റൂൾസ് എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ**

1742 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–22 മുതൽ 2025–26 വരെയുള്ള കാലയളവിൽ ഐ.സി.പി.എസ്. (ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം)/'മിഷൻ വാത്സല്യ' പദ്ധതികൾ വഴി ജില്ലാതലത്തിൽ സർക്കാർ ഫണ്ടുകൾ കൈകാര്യം ചെയ്യുകയും കുട്ടികളുടെ സംരക്ഷണം, പുനരധിവാസം,ധനസഹായം തുടങ്ങിയ സുപ്രധാന ചുമതലകൾ നിർവഹിക്കുകയും ചെയ്യുന്ന ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിൽ (ഡി.സി.പി.യു.) ജില്ലാ ശിശുസംരക്ഷണ

ഓഫീസർ തസ്തികയിൽ സ്ഥിരം സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റ് തസ്തികകളിൽ കരാർ ജീവനക്കാരെയുമാണ് നിയമിച്ചുവന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത്തരം സംവിധാനത്തിൽ പൊതുഫണ്ടിന്റെ സാമ്പത്തിക സുരക്ഷയും വ്യക്തിഗത ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഡി.സി.പി.യു.-വും കൈകാര്യം ചെയ്യുന്ന ഫണ്ടുകളുടെ അംഗീകാരം, പിൻവലിക്കൽ, വിതരണം, ചെലവഴിക്കൽ, അക്കൗണ്ടിംഗ്, വൗച്ചർ പരിശോധന, ബാങ്ക് ഇടപാടുകൾ, ഓഡിറ്റ് എന്നിവയിൽ ഏത് ഉദ്യോഗസ്ഥർക്കാണ് അന്തിമ ഉത്തരവാദിത്തം നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കരാർ ജീവനക്കാരുടെ ഭാഗത്തുനിന്ന് സാമ്പത്തിക ക്രമക്കേട്, തെറ്റായ വിനിയോഗം, വ്യാജ രേഖകൾ, അനുവദിച്ച തുകയുടെ ദുരുപയോഗം, അക്കൗണ്ടിംഗ് വീഴ്ച തുടങ്ങിയവ കണ്ടെത്തിയാൽ നഷ്ടപ്പെട്ട സർക്കാർ തുക അവരിൽ നിന്ന് തിരിച്ചുപിടിക്കുന്നതിനുള്ള നിയമപരവും കരാർപരവുമായ വ്യവസ്ഥകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) കരാർ കാലാവധി അവസാനിച്ചതിനുശേഷം ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്ന് സർക്കാർ തുക തിരിച്ചുപിടിക്കേണ്ട സാഹചര്യമുണ്ടായാൽ, ബാധ്യത നിശ്ചയിക്കുന്നതിനും തുക ഈടാക്കുന്നതിനും റവന്യൂ റിക്കവറി/മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യക്തമായ സംവിധാനം നിലവിലുണ്ടോ;

(ഇ) ഡി.സി.പി.യു.-കളിലെ ഓഫീസർ ഒഴികെയുള്ള ബാക്കി മുഴുവൻ ജീവനക്കാരും കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, കോടിക്കണക്കിന് രൂപയുടെ പൊതുഫണ്ട് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ സാമ്പത്തിക അധികാരവും ഉത്തരവാദിത്തവും ഒരേ വ്യക്തിയിലോ പരിമിതമായ ജീവനക്കാരിലോ കേന്ദ്രീകരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള ഇന്റേണൽ കൺട്രോൾ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഡി.സി.പി.യു.-കളിലെ ജീവനക്കാരുടെ നിയമനരീതിയും സാമ്പത്തിക അധികാരവും സംബന്ധിച്ച് കേന്ദ്ര മിഷൻ വാത്സല്യ പദ്ധതിയിൽ മാർഗ്ഗനിർദേശങ്ങൾ അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന്

ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള പരിശോധനാ സംവിധാനമെന്താണ്; വിശദമാക്കുമോ;

(എഫ്) ഓരോ ഡി.സി.പി.യു.-വിലും വാർഷിക ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ്/ ഇന്റേണൽ ഓഡിറ്റ്, ധനവിനിയോഗ പരിശോധന, ഫണ്ട് ഉപയോഗ സർട്ടിഫിക്കറ്റ് പരിശോധന എന്നിവ നിർബന്ധമാക്കിയിട്ടുണ്ടോ; ആയതിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സാമ്പത്തിക അപാകതകളും ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാണോ;

(ജി) ഡി.സി.പി.യു. പോലെയുള്ള ജില്ലാതല ബാലസംരക്ഷണ സംവിധാനങ്ങളിൽ വലിയ തോതിലുള്ള പൊതുഫണ്ട് കൈകാര്യം ചെയ്യുന്നതിനാൽ, സാമ്പത്തിക ഉത്തരവാദിത്തമുള്ള സൂപ്പർവൈസറി തസ്തികകളിൽ സ്ഥിരം സർക്കാർ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ചോ നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചോ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ശിപാർശകളും തുടർനടപടികളും വ്യക്തമാക്കുമോ?

<u>**കുട്ടികളിലെ പോഷകാഹാരക്കുറവ്**</u>

1743 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പ്രത്യേക പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ ക്ഷേമത്തിനായി നിലവിലുള്ള പദ്ധതികളും അവയുടെ വിശദാംശവും നൽകുമോ;

(സി) നിലവിലെ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവർഗ്ഗ ഉന്നതികളിൽ പോഷകാഹാരക്കുറവ് കാരണമോ ഗർഭസ്ഥ ശിശുവിന്റെ അമ്മയുടെ വിളർച്ച കാരണമോ ഉള്ള ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് ഇവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഭാവിയിൽ ഇത്തരം ശിശുമരണങ്ങൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

## വനിതാ സംരംഭകത്വവും സാമ്പത്തിക ശാക്തീകരണവും

1744 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷൻ (കെ.എസ്.ഡബ്ല്യൂ.ഡി.സി.)വഴി നടപ്പിലാക്കുന്ന വായ്പ/ സബ്സിഡി പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജോലി ചെയ്യുന്ന സ്ത്രീകൾക്കായി വിവിധ ജില്ലകളിൽ നടപ്പിലാക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## അംഗൻവാടി വർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ

1745 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രാഥമിക വിദ്യാഭ്യാസ ആരോഗ്യ പശ്ചാത്തലം മെച്ചപ്പെടുത്തുന്നതിന് പ്രധാന പങ്കു വഹിക്കുന്ന അംഗൻവാടി വർക്കർമാർക്ക്, സർക്കാർ ജീവനക്കാരുടേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആയത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുതിയൊരു കമ്മീഷനെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കേവലം 10 വർഷമെങ്കിലും സേവനമനുഷ്ഠിച്ചിട്ടുള്ള പ്രസ്തുത മേഖലയിലെ പ്രവർത്തകർക്ക് പെൻഷൻ വർധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

**ബാല്യ സ്പന്ദനം**

1746 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന ബാല്യ സ്പന്ദനം പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഭാഗമായി എത്ര അംഗൻവാടികളിലെ എത്ര കുട്ടികളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്ക്രീനിംഗിന്റെ ഭാഗമായി കുട്ടികളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ എന്തെല്ലാം രോഗങ്ങൾ/ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ ന്യൂനതകൾക്ക് എന്ത് പരിഹാരമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**വനിതാ ശിശുവികസന വകുപ്പിലെ തസ്തികകളിൽ ലിംഗസമത്വം**

1747 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുവികസന വകുപ്പിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, ജില്ലാതല ഐ.സി.ഡി.എസ്. സെൽ പ്രോഗ്രാം ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ, ശിശു സംരക്ഷണ ഓഫീസർ തുടങ്ങിയ തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇപ്രകാരം പൊതുസേവനത്തിലെ തസ്തികകൾ ഒരു ലിംഗവിഭാഗത്തിലുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിന് ആധാരമായ നിയമവ്യവസ്ഥകളും സർക്കാർ ഉത്തരവുകളും ഏതൊക്കെയാണ്;

(ബി) ഭരണഘടനയുടെ അനുച്ഛേദം14,16(1) എന്നിവ ഉറപ്പുനൽകുന്ന തുല്യതയും പൊതുജനസേവനത്തിലെ തുല്യാവസരവും കണക്കിലെടുത്ത് പ്രസ്തുത തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയതിന്റെ ഭരണഘടനാപരമായ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഭരണഘടനയുടെ അനുച്ഛേദം 15(3)പ്രകാരം സ്ത്രീകൾക്കായി പ്രത്യേക വ്യവസ്ഥ ഏർപ്പെടുത്തുന്നതിനുള്ള അധികാരം ഉപയോഗിച്ചാണോ

പ്രസ്തുത തസ്തികകൾ വനിതകൾക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നത്; ആയതിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ 1,200-ലധികം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, 258 ശിശു വികസന പദ്ധതി ഓഫീസർ, 14 ജില്ലാ ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർ, 14 വനിതാ സംരക്ഷണ ഓഫീസർ, 14 ശിശു സംരക്ഷണ ഓഫീസർ എന്നീ തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഓരോ തസ്തികയും ഇപ്രകാരം പരിമിതപ്പെടുത്തുന്നതിനുള്ള ഭരണപരവും നിയമപരവുമായ പ്രത്യേക കാരണങ്ങൾ എന്താണ്;

(ഇ) പ്രസ്തുത തസ്തികകളിൽ പുരുഷ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാനോ നിയമനം നേടാനോ പൂർണ്ണമായും വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിലക്ക് ഭരണഘടനാപരമായ തുല്യാവസരത്തിന്റെ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് പുനഃപരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

## അംഗൻവാടി കുട്ടികളിലെ പോഷകാഹാരക്കുറവ്

1748 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. ഫൈസൽ ബാബു**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി കുട്ടികളിലെ പോഷകാഹാരക്കുറവ്, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് വനിതാ ശിശു വികസന വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികൾക്ക് തുടർചികിൽസ ആവശ്യമുള്ളപക്ഷം ഭക്ഷണ മെനു പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എല്ലാ അംഗൻവാടി കുട്ടികൾക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വനിതാ-ശിശു ക്ഷേമ പദ്ധതികളും നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളും**

1749 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെയും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെയും സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വകുപ്പിന്റെയും കേരള വനിതാ വികസന കോർപ്പറേഷന്റെയും നേതൃത്വത്തിൽ നടപ്പിലാക്കിയ വായ്പാ പദ്ധതികളുടെയും തൊഴിൽ പരിശീലനങ്ങളുടെയും ഗുണഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിനുമായി ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളുടെയും ബോധവൽക്കരണ പരിപാടികളുടെയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ഡി) വനിതകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി മണ്ഡലത്തിൽ നിർഭയ പദ്ധതിയുടെയോ മറ്റ് ഔദ്യോഗിക സുരക്ഷാ സംവിധാനങ്ങളുടെയോ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ഇടപെടലുകളുടെയും അടിയന്തര സഹായ സേവനങ്ങളുടെയും പുരോഗതി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനിതകളുടെയും കുട്ടികളുടെയും ക്ഷേമവും അടിസ്ഥാന സൗകര്യ വികസനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പുതിയതായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത് എന്ന് വ്യക്തമാക്കുമോ?

**മാവേലിക്കര മണ്ഡലത്തിലെ അംഗൻവാടികളുടെ നിർമ്മാണം**

1750 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്നും വിശദമാക്കുമോ;

(ബി) 9 അംഗൻവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് രണ്ടു കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക അനുവദിക്കുന്നത് പരിഗണിക്കുമോ?

**<u>അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം / വേതനം</u>**

1751 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം/വേതനം സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കുടിശ്ശികയുടെ വിശദാംശവും എത്ര മാസത്തെ തുകയാണ് നൽകാനുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) അംഗൻവാടി ജീവനക്കാർക്ക് എല്ലാ മാസവും നിശ്ചിത തീയതിക്കകം ഓണറേറിയം ലഭ്യമാക്കുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നിലവിലുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യാൻ ആവശ്യമായ ആകെ തുക എത്രയാണെന്നും ആയത് നൽകുന്നതിനായി ധനവകുപ്പിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

**<u>അംഗൻവാടി വികസനവും വനിതാ സ്വയംതൊഴിൽ പ്രോത്സാഹനവും</u>**

1752 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ ഘട്ടംഘട്ടമായി ശിശുസൗഹൃദ സ്മാർട്ട് അംഗൻവാടികൾ ആയി ഉയർത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ;

(ബി) അംഗൻവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും സേവന-വേതന വ്യവസ്ഥകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം ഇളവുകളും ഫണ്ടുകളുമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) തൊഴിൽരഹിതരായ വനിതകൾക്കായി മണ്ഡലം അടിസ്ഥാനത്തിൽ നൈപുണ്യ വികസന പരിശീലന കേന്ദ്രങ്ങളും (Skill Development Centres) സ്വയംതൊഴിൽ സഹായ പദ്ധതികളും വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കെയർ ഹോമുകൾ, ബാലമന്ദിരങ്ങൾ, വനിതാ സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും സംരക്ഷണത്തിനുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി

1753 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് അടിയന്തര സംരക്ഷണം നൽകുന്നതിനുമായി വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കിവരുന്ന നിർഭയ, അപരാജിത, മിത്ര 181 ഹെൽപ്പ് ലൈൻ തുടങ്ങിയ പദ്ധതികളുടെ നിലവിലെ പ്രവർത്തന രീതി വ്യക്തമാക്കുമോ;

(ബി) അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക അഭയവും കൗൺസിലിംഗും നിയമസഹായവും ഉറപ്പാക്കുന്ന വൺ സ്റ്റോപ്പ് സെന്ററുകൾ(സഖി), ഷെൽട്ടർ ഹോമുകൾ എന്നിവ ഓരോ ജില്ലയിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ധനരായ സ്ത്രീകൾ, ഒറ്റപ്പെട്ടുപോയവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, പോഷകാഹാരക്കുറവുള്ള കുട്ടികൾ എന്നിവരുടെ പുനരധിവാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി നിലവിലുള്ള ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്നും, അവയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും വ്യക്തമാക്കുമോ;

(ഡി) കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും ലഹരി ഉപയോഗവും തടയുന്നതിനായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും പ്രത്യേക ബോധവൽക്കരണ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മിൽമയിലെ നിയമനങ്ങൾ</u>**

1754 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ തിരുവനന്തപുരം യൂണിയനിൽ ഏതൊക്കെ തസ്തികകളിൽ നിയമനത്തിനായി പരീക്ഷ നടത്തിയിട്ടുണ്ടെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയും പരീക്ഷ നടത്തിയ തീയതിയും അതിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും ഫലം പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണവും അറിയിക്കുമോ;

(ബി) പ്രസ്തുത പരീക്ഷ ഏത് ഏജൻസിയാണ് നടത്തിയതെന്ന് അറിയിക്കുമോ?

**<u>ക്ഷീരോൽപാദന സഹകരണ സംഘം</u>**

1755 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തോട്ടത്തിൻകടവ് ക്ഷീരോൽപ്പാദന സഹകരണ സംഘത്തിന് (LTD No. D173(D) APCOS) സ്ഥലം

വാങ്ങിയപ്പോൾ ക്ഷീരവികസന വകുപ്പിൽനിന്ന് മുൻകൂർ അനുമതി വാങ്ങിയില്ല എന്ന കാരണത്താൽ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ഫയൽ നിലവിലുണ്ടോ;

(ബി) ഇതിൽ സംഘത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് അനുകൂലമായ ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഉടൻ അനുമതി നൽകുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 08, വ്യാഴം

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].